# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

2019 ജനുവരി | വാല്യം 45 ലക്കം 9 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 20 വില 10.00 രൂപ


# കേരളത്തെ അസ്വസ്ഥമാക്കിയ ശബരിമല പ്രശ്നം: പിന്നിൽ ഹീനലക്ഷ്യങ്ങൾ

**ജനാധിപത്യ-മതേതര കേരളമെന്ന യശസ്സ് ക്രമേണ പൊലിയുകയാണ്. സങ്കുചിതമായ രാഷ്ട്രീയ നേട്ടങ്ങൾക്കായി ശബരിമലയെ മറയാക്കി വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കഴിഞ്ഞ മൂന്ന് മാസത്തിലേറെയായി നടത്തിവരുന്ന കലാപങ്ങളും സംഘർഷങ്ങളും ഭ്രാന്തമായ സാമൂഹ്യാന്തരീക്ഷത്തിലേയ്ക്ക് കേരളത്തെ എത്തിച്ചിരിക്കുന്നു. പ്രളയാനന്തരം വളർന്നുവന്ന സാമൂഹ്യസഹോദര്യം ഏതാണ്ട് വിസ്മൃതമായിക്കഴിഞ്ഞു.**

സംഘപരിവാർ ശക്തികൾ നിയമവാഴ്ചയെ വെല്ലുവിളിച്ചുകൊണ്ട് സംസ്ഥാനത്തെ അവരുടെ അഴിഞ്ഞാട്ടഭൂമിയാക്കി മാറ്റാൻ കിണഞ്ഞു പരിശ്രമിക്കുന്നു. ജനുവരി മൂന്നാം തീയതി ശബരിമല പ്രശ്നത്തിൽ അവർ ഏഴാമത് ഒരു ഹർത്താൽ കൂടി ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചു. അതിന്റെ മറയിൽ നിരവധി വ്യാപാരസ്ഥാപനങ്ങൾ അടിച്ചുതകർത്തു. സെക്രട്ടേറിയറ്റിനുമുന്നിൽ ഒരു മാസക്കാലമായി നിരാഹാര പ്രഹസനസമരം നടത്തിവന്ന ബിജെപിക്ക് കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാനാവാതെ പിൻവാങ്ങേണ്ടിവന്ന ഘട്ടമായിരുന്നു അത്. എന്നാൽ, കാര്യങ്ങൾ പൊടുന്നനെ മാറിമറിഞ്ഞു. ജനുവരി 2ന്, സ്ത്രീ പ്രവേശനം സാധ്യമാക്കാനായി അർദ്ധരാത്രിയിൽ അതീവരഹസ്യമായി രണ്ട് സ്ത്രീകളെ ശബരിമലയിലേയ്ക്ക് പോലീസ് കൊണ്ടുപോയ വാർത്ത പരന്നു. മുഖ്യമന്ത്രിയാണ് അത് ആദ്യം സ്ഥിരീകരിച്ചത്. അതിനെതുടർന്ന് സംഘപരിവാർ സംഘടനകളും മറ്റ് വർഗ്ഗീയ ശക്തികളും കേരളമെമ്പാടും കലാപങ്ങൾ അഴിച്ചുവിട്ടു. ഏരിതീയിൽ എണ്ണയൊഴിക്കുന്ന വിധത്തിൽ സിപിഐഎമ്മും ഇടതുമുന്നണിയുംകൂടി തെരുവിലിറങ്ങിയതോടെ കേരളം കലാപഭൂമിയായി. പരസ്പരം പോർവിളികൾ, അക്രമങ്ങൾ, പാർട്ടി ഓഫീസുകൾ തകർക്കൽ, നേതാക്കളുടെ വീടുകൾ ആക്രമിക്കൽ തുടങ്ങിയ വിധ്വംസക പ്രവർത്തനങ്ങൾ സമാനതകളിലാത്ത വിധത്തിൽ സംസ്ഥാനമെമ്പാടും അരങ്ങേറി. തങ്ങൾക്കുനേരെ ഉണ്ടായ ആക്രമണത്തിനെതിരെ പ്രതിഷേധ ദിനം ആചരിച്ചുകൊണ്ട് മാധ്യമ പ്രവർത്തകർ പൂർണ്ണമായി ബിജെപിയെ ബഹിഷ്കരിക്കാൻ നിർബ്ബന്ധിതരായി.

കേരളത്തിന്റെ സാമൂഹ്യരംഗത്ത് വന്നുകൊണ്ടിരിക്കുന്നത് ശുഭകരമായ കാര്യങ്ങളല്ല എന്ന് ഏവർക്കും ഇന്നറിയാം. മതചട്ടക്കൂടുകളുടെ ഉള്ളിലേക്ക് കൂടുതൽ ആളുകൾ ദൃഢീകരിക്കപ്പെടുകയാണ്. ജാതി അസ്തിത്വം മറ്റെന്തിനാക്കാളും അധികമായി കൃത്രിമമായി സ്ഥാപിക്കപ്പെടുന്നു. വിശ്വാസവും ആചാരങ്ങളും അതിനെചുറ്റിപ്പറ്റിയുള്ള അന്ധതയും പെരുകി നമ്മുടെ സാമൂഹ്യാന്തരീക്ഷം അപചയപ്പെടുന്നു. സാധാരണക്കാരായ വിശ്വാസികളാകട്ടെ, കൂടുതൽ കൂടുതൽ ആർഎസ്എസ്-ബിജെപി സംഘങ്ങളുടെ വർഗ്ഗീയ പ്രചാരണങ്ങൾക്ക് വശംവദരാക്കപ്പെടുകയാണ്. ശബരിമലയുടെ സംരക്ഷക സ്ഥാനത്ത് സംഘപരിവാർ ഉയർന്നുവരുന്നു; അഥവാ, അവരെ ഉയർത്തിയെടുത്തു. സമൂഹത്തിൽ അകൽച്ചയും അവിശ്വാസവും അനൈക്യവും വിവിധ വിഭാഗങ്ങൾക്കിടയിൽ ഉടലെടുക്കാൻ ഉതകുന്ന വിധത്തിലുള്ള വിഭജനതന്ത്രങ്ങൾ പല രൂപത്തിൽ പയറ്റിക്കൊണ്ടിരുന്നു.

സംസ്ഥാന സർക്കാരിന്റെയും സർക്കാരിനെ നയിക്കുന്ന പാർട്ടിയുടെയും സർവ്വവിധ പിന്തുണയോടെയും അരങ്ങേറിയ വനിതാ മതിലും സംഘപരിവാർ ശക്തികൾ സംഘടിപ്പിച്ച അയ്യപ്പ ജ്യോതിയും സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചേരിതിരിവുകളുടെ തീവ്രത വർദ്ധിപ്പിച്ചുകൊണ്ടാണ് സമാപിച്ചത്. വിവിധ ജാതി-സാമുദായിക സംഘടനകൾ രണ്ട് പക്ഷത്തായി സംഘം ചേർന്ന് പരസ്പരം നടത്തുന്ന വർഗ്ഗീയ പ്രചാരണങ്ങളും വിരുദ്ധ പരിപാടികളും

(ശേഷം 2-ാം പേജിൽ)


പേജ് 3 — മൂന്നാം പാർട്ടി കോൺഗ്രസ്: സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

പേജ് 10 — അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പും അവയുടെ ഫലവും

പേജ് 12 — ഫ്രാൻസ്: പൊരുതുന്ന ജനങ്ങളുടെ ഐക്യത്തിന് അഭിവാദ്യങ്ങൾ

പേജ് 14 — മോദി ഭരണത്തിനെതിരെ ജനരോഷം ആളിക്കത്തിയ പൊതു പണിമുടക്ക്


## തൊഴിലില്ലായ്മയും വിലക്കയറ്റവും സൃഷ്ടിക്കുന്ന നരേന്ദ്രമോദി ഗവൺമെന്റിന്റെ ജനദ്രോഹ നയങ്ങൾക്കും അഴിമതിക്കുമെതിരെ

# രാജ്ഭവൻ മാർച്ച്

**കേന്ദ്രസർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെ 2019 ഫെബ്രുവരി 15ന് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാന കമ്മിറ്റി ഒരു രാജ്ഭവൻ മാർച്ച് സംഘടിപ്പിക്കുകയാണ്. അതിന് ആധാരമായ വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രതിപാദനമാണ് ഈ ലേഖനത്തിലുള്ളത്.**

2014 മെയ് 6-നാണ് ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ അധികാരത്തിലേറിയത്. 126 കോടി ജനങ്ങൾക്കും വലിയ പ്രതീക്ഷ നൽകിക്കൊണ്ടാണ് താൻ അധികാരത്തിൽ വന്നിരിക്കുന്നത് എന്ന് പ്രധാനമന്ത്രി പറഞ്ഞു.

വൻ ഭൂരിപക്ഷമുള്ള തന്റെ സർക്കാർ സുസ്ഥിരമായ, അഴിമതിയില്ലാത്ത ഭരണം നടപ്പിലാക്കുമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് 5% ൽ താഴെയാണെന്നും നാണയപ്പെരുപ്പം ആശങ്കാജനകമായ വിധത്തിൽ ഉയർന്നിരിക്കുകയാണെന്നും അതിനൊക്കെ തങ്ങൾ പരിഹാരം കണ്ടെത്തുമെന്നുമായിരുന്നു സർക്കാർ പറഞ്ഞത്.

'അച്ഛേദിൻ' അഥവാ നല്ല നാളുകളാണ് വരാൻ പോകുന്നത് എന്ന് സർക്കാർ വ്യാപകമായി പ്രചരിപ്പിച്ചു. വിലക്കയറ്റം, തൊഴിലില്ലായ്മ, അഴിമതി ഇവയ്ക്കെല്ലാം പരിഹാരമുണ്ടാക്കുമെന്നും സമ്പദ്മേഖല, വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യവികസനം, ഭക്ഷ്യോൽപാദനം-വിതരണം എന്നിവയിലെ പ്രതിസന്ധികൾ പരിഹരിച്ച് സാധാരണക്കാരന്റെ പക്ഷത്തുനിലകൊള്ളുമെന്നും പുതിയ സർക്കാർ ഉദ്ഘോഷിച്ചിരുന്നു. 2013 ഒക്ടോബറിൽ 11.16% ഉണ്ടായിരുന്ന പണപ്പെരുക്ക നിരക്ക് 6.46% ആയി കുറയ്ക്കാനായെന്നും സർക്കാർ അധികാരത്തിലേറി 2 മാസം കൊണ്ട് വിലക്കയറ്റം 9.16ൽ നിന്ന് 7.56 ശതമാനം ആയി കുറച്ചുവെന്നും ആദ്യ ബജറ്റ് ചർച്ചയിൽ ബിജെപി മന്ത്രി പറഞ്ഞു.

പ്രതിരോധ മേഖലയ്ക്കാവശ്യമായ സംവിധാനങ്ങൾപോലും സ്വന്തം രാജ്യത്തുണ്ടാക്കുന്ന 'മേക്ക് ഇൻ ഇന്ത്യ' എന്ന മുദ്രാവാക്യവും സർക്കാർ ഉയർത്തുകയുണ്ടായി. സ്വിസ് ബാങ്കിലും മറ്റുമായി രാജ്യത്തെ കോടിപതികൾ നിക്ഷേപിച്ചിരിക്കുന്ന കള്ളപ്പണം പിടിച്ചെടുത്ത് ജനങ്ങളുടെ അക്കൗണ്ടിൽ 15 ലക്ഷം രൂപ വീതം നിക്ഷേപിക്കുമെന്നും തെരഞ്ഞെടുപ്പിനു മുൻപ് അവർ വാഗ്ദാനം ചെയ്തിരുന്നു. അധികാരത്തിൽ വന്നയുടനെ നരേന്ദ്ര മോദി സർക്കാർ പ്രസ്തുത ലിസ്റ്റ് തയ്യാറാക്കാനാ

(ശേഷം 15-ാം പേജിൽ)




ദേശീയ പൊതുപണിമുടക്കിനോടനുബന്ധിച്ച് പാലക്കാട് നടന്ന ട്രെയിൻ പിക്കറ്റിംഗ്

**ശബരിമല പ്രശ്നം**

# തെരഞ്ഞെടുപ്പ് നേട്ടത്തിനായി സിപിഐഎമ്മും ബിജെപിയും ജനങ്ങളിൽ അനൈക്യം വിതയ്ക്കുന്നു

**നവോത്ഥാനത്തിന്റെ പൂർത്തീകരിക്കപ്പെടാത്ത കടമകൾ നിറവേറ്റാൻ എളുപ്പക്രിയകളോ സൂത്രപ്പണികളോ ഒന്നുമില്ല. അതിന്, നിലവിലുള്ള ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കാനും പുതിയ ജീവിത മൂല്യങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യം വയ്ക്കുന്ന, സമൂഹത്തെയാകമാനം സ്പർശിക്കുന്ന ഒരു സാംസ്കാരികമുന്നേറ്റം പടുത്തുയർത്തപ്പെടണം. ആധുനിക ശാസ്ത്രീയ ജീവിതവീക്ഷണവും ഉയർന്ന ജനാധിപത്യമൂല്യബോധവും നേടി സമഗ്രവികാസം പ്രാപിച്ച ഒരു മനുഷ്യനെ വാർത്തെടുക്കുകയായിരിക്കണം അതിന്റെ ലക്ഷ്യം.**

*(1-ാം പേജിൽ നിന്ന്)*

സമൂഹത്തിന്റെ ഒരുമയ്ക്ക്മേൽ നിരന്തരം ആഘാതം ഏൽപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രളയകാലത്ത് കേരളത്തിലെ മനുഷ്യർ ഒത്തൊരുമിച്ച് ഒറ്റ മനുഷ്യനെപ്പോലെ നടത്തിയ പ്രവർത്തനങ്ങൾക്ക് തിരിച്ചടി നൽകാൻ കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്ന കക്ഷികൾതന്നെയാണ് നേതൃത്വം നൽകുന്നതെന്ന കാര്യം നിർഭാഗ്യകരമാണ്.

ബിജെപിക്ക് ഒരുവിധത്തിലും ഉപയോഗപ്പെടുത്താനാവാത്ത ഒന്നായിരുന്നു ശബരിമലയിലെ യുവതി പ്രവേശന വിഷയം. ക്ഷേത്രങ്ങളിലെ സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട് ദീർഘകാലമായി സ്വീകരിച്ചുവരുന്ന സ്വന്തം നിലപാടുകളുടെ പ്രതികൂലാവസ്ഥയും സമാനവിധികളിൽ കൈക്കൊണ്ടിട്ടുള്ള നടപടികളും മൂലം ശബരിമല വിഷയത്തിലെ സുപ്രീം കോടതി വിധി പ്രയോജനപ്പെടുത്താൻ സംഘപരിവാറിന് യഥാർത്ഥത്തിൽ കഴിയുമായിരുന്നില്ല. ശബരിമലയിലെ യുവതിപ്രവേശനത്തിനുവേണ്ടി ശക്തമായി വാദിച്ചുകൊണ്ടുള്ള ലേഖനങ്ങളെയും പ്രസ്താവനകളെയും അവർക്ക് പൊടുന്നനെ തള്ളിക്കളയാനാവുമായിരുന്നില്ല. ആചാരസംരക്ഷണത്തിനുവേണ്ടി സമരപ്രഹസനം നടത്തുന്നതിനിടയിൽ, തങ്ങൾ സുപ്രീം കോടതി വിധിക്കെതിരല്ല, യുവതി പ്രവേശനമല്ല തങ്ങളുടെ സമരവിഷയം എന്നൊക്കെയുള്ള സംഘപരിവാർ നേതാക്കളുടെ പ്രസ്താവനകൾ അവരെ അപഹാസ്യരാക്കാൻ ഇടയാക്കുകയും ചെയ്തിരുന്നു. തങ്ങളുടെ സങ്കുചിതമായ രാഷ്ട്രീയകണക്കുകൂട്ടൽ എന്താണെന്ന് അവരുടെതന്നെ വാക്കുകളിലൂടെ പുറത്തുവരികയും ചെയ്തു. കേന്ദ്രം ഭരിക്കുന്ന ഒരു പാർട്ടിക്ക് സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ വിധിയെ തള്ളിപ്പറയാനാവില്ല എന്ന നിർബ്ബന്ധിത സാഹചര്യവുമുണ്ട്. ഇത്രയൊക്കെ പ്രതികൂല ഘടകങ്ങളുണ്ടായിട്ടും ശബരിമലവിഷയത്തെ ഫലപ്രദമായി ഉപയോഗിച്ച് കുറെയധികം രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ ബിജെപിക്ക് കഴിഞ്ഞതെങ്ങിനെ? ഇവിടെയാണ് കേരളം ഭരിക്കുന്ന മുന്നണിയുടെയും അതിനെ നയിക്കുന്ന പാർട്ടിയുടെയും പങ്ക് നാം പരിശോധിക്കേണ്ടത്.

സാമൂഹ്യസാഹചര്യത്തെ എവ്വിധവും കലുഷിതമാക്കി നേട്ടങ്ങൾ കൊയ്യാൻ ചെന്നായ ബുദ്ധിയോടെ കാത്തിരിക്കുന്ന പ്രസ്ഥാനമാണ് ബിജെപി എന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. അവരുടെ കുടിലനീക്കങ്ങൾ മുൻകൂട്ടി മനസ്സിലാക്കി അവയെ പ്രവർത്തിപ്പിക്കാനാവാത്ത സാഹചര്യം സൃഷ്ടിക്കലാണ് ഒരു ജനാധിപത്യ- മതേതര സർക്കാരിന്റെ കടമ. വീണുകിട്ടുന്ന ഏതൊരു സാഹചര്യത്തെയും തങ്ങൾക്കനുകൂലമാക്കാൻ എന്തു നെറികേടുകാട്ടാനും മടിയില്ലാത്ത പ്രസ്ഥാനമാണ് ബിജെപി. എതിരാളികളുടെ വീഴ്ചകളെയും അനവധാനതകളെയും സമർത്ഥമായി ഉപയോഗപ്പെടുത്താനാണ് അവർ ശ്രമിക്കുന്നത്. അതിനാൽ എത്രതന്നെ പ്രകോപനമുണ്ടായാലും അതിനടിപ്പെടാതെ വൈകാരിക ക്ഷമതയോടെയും ഉയർന്ന ജനാധിപത്യസഹിഷ്ണുതയുടെയും വിവേകത്തിന്റെയും മാർഗ്ഗം അവലംബിച്ചുകൊണ്ടും ജനാധിപത്യവിരുദ്ധമായി പ്രവർത്തിക്കാനാവാത്ത സമ്മർദ്ദം അവരുടെമേൽ സൃഷ്ടിക്കുകയായിരുന്നു ഒരു ഇടത് സർക്കാർ ചെയ്യേണ്ടിയിരുന്നത്. ഇക്കാര്യത്തിൽ കേരളം ഭരിക്കുന്ന സർക്കാർ ദയനീയമായി പരാജയപ്പെട്ടു എന്ന് പറയാതിരിക്കാനാവില്ല.

പ്രകോപനത്തിന്റെ ഭാഷയും വെല്ലുവിളികളും പ്രശ്നം വഷളാക്കാനേ ഇടയാക്കൂ എന്ന് സർക്കാരിനെ നയിക്കുന്നവർ മനസ്സിലാക്കണം. ആക്രോശങ്ങളും വെല്ലുവിളികളും തരംതാണ മൽസരബുദ്ധിയും കൊണ്ട് കൈകാര്യം ചെയ്യാവുന്ന സാഹചര്യമല്ല ഇപ്പോൾ കേരളത്തിൽ നിലനിൽക്കുന്നത്. ജനാധിപത്യസംസ്കാരത്തെ പ്രാണനെപ്പോലെ ഗണിക്കുകയും അത് ദൈനംദിന രാഷ്ട്രീയത്തിലും ജീവിതത്തിലും മുറുകെപ്പിടിക്കുകയും ചെയ്യുന്ന ഒരു പ്രസ്ഥാനത്തിന് മാത്രമേ മുകളിൽപ്പറഞ്ഞ ദൗത്യം നിർവ്വഹിക്കാനാവൂ എന്നതാണ് യാഥാർത്ഥ്യം. നവോത്ഥാനത്തിന്റെ വലിയ വായ്ത്താരികൾ ഘോഷിക്കുമ്പോഴും നവോത്ഥാനം നൽകിയ മഹത്തായ ജനാധിപത്യസംസ്കാരം ഉൾക്കൊള്ളാൻ സിപിഐ(എം)- സിപിഐ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നതിനാലാണ് ശബരിമല വിഷയം കൈകാര്യം ചെയ്യുന്നതിൽ അവർ ദയനീയമായി പരാജയപ്പെട്ടത്.

കേരള സർക്കാർ പരാജയപ്പെട്ടു എന്ന് ഞങ്ങൾ പ്രസ്താവിക്കുന്നത് വിശാലമായ ജനതാൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. ജനാധിപത്യത്തിനും മതേതര സൗഹാർദ്ദത്തിനും പേരുകേട്ട ഈ സംസ്ഥാനത്ത് വളരെ വേഗം ഇരുൾ പടരുകയാണ്. ജനങ്ങളിലൊരു വിഭാഗം കൂടുതലുയർന്ന ജനാധിപത്യ-മതേതര-പുരോഗമന മനോഭാവത്തിലേക്ക് ഉയരുകയല്ല മറിച്ച് വൻതോതിൽ പിന്നോട്ട് പോവുകയാണ്. സംഘപരിവാറിന്റെ അജണ്ടപ്രകാരം അന്ധതയുടെ വികാരാവേശത്തിന് തീകൊളുത്തിയ ആൾക്കൂട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിന് അന്യമായിരുന്നു. കഴിഞ്ഞ ഹർത്താൽ ദിനത്തിൽ നാം അത്തരം സാഹചര്യത്തിന്റെ സൂചനകൾ കണ്ടു. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ പരാജയമാണ്. ഈ സ്ഥിതിവിശേഷം പരിഗണിച്ചുകൊണ്ടാണ് ശബരിമല വിഷയം കൈകാര്യം ചെയ്യുന്നതിൽ ഇടത് സർക്കാർ ദയനീയമായി പരാജയപ്പെട്ടു എന്നു പറഞ്ഞത്. എന്നാൽ വിരോധാഭാസമെന്നുപറയട്ടെ, ഈ വിഷയം കൈകാര്യം ചെയ്ത സമ്പ്രദായത്തിൽനിന്നും സർക്കാരിനെ നയിക്കുന്ന പാർട്ടിക്ക് ഒട്ടനവധി നേട്ടങ്ങൾ ലഭിച്ചിട്ടുണ്ട്. ഒരു പ്രത്യേക തരത്തിലുള്ള ജാതിസമവാക്യം രൂപപ്പെടുത്തുന്നതിലും തെരഞ്ഞെടുപ്പ് മുന്നേറ്റത്തിന്റെ സാധ്യത സൃഷ്ടിക്കുന്നതിലും സിപിഐഎമ്മിന് വിജയിക്കാൻ കഴിഞ്ഞിരിക്കുന്നു. സിപിഐഎമ്മിന്റെ വിജയം പക്ഷേ, സംസ്ഥാനത്തെ ജനങ്ങളുടെ പരാജയമായി മാറിയിരിക്കുന്നു എന്നതൊരു യാഥാർത്ഥ്യവും.

ശബരിമല പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ സിപിഐഎമ്മിനെ നയിച്ചിട്ടുള്ളത് വളരെ സങ്കുചിതമായ രാഷ്ട്രീയ കണക്കുകൂട്ടലുകളാണെന്നത് ഖേദപൂർവ്വമെങ്കിലും പറയാതെ നിർവ്വാഹമില്ല. സാമൂഹ്യസാഹചര്യത്തെ ഇത്രമേൽ വഷളാക്കിയത് ഈ കണക്കുകൂട്ടൽ തന്നെയാണ്. ബിജെപിയും സംഘപരിവാറും നേട്ടം ഉണ്ടാക്കുമെന്ന് അറിഞ്ഞുകൊണ്ടുതന്നെ അതിനിടയാക്കുന്ന നിലപാടുകളും നടപടികളും എന്തുകൊണ്ട് സിപിഐ(എം) സ്വീകരിച്ചു? കഴിഞ്ഞ മൂന്നുമാസംകൊണ്ട് കേരളത്തിൽ സംഘപരിവാറിന് - പ്രത്യേകിച്ചും ബിജെപിക്ക് - ഇന്നോളം കടന്നുചെല്ലാൻ കഴിയാതിരുന്ന വിശ്വാസികളിൽ ഒരു വിഭാഗത്തിനിടയിൽ സ്വാധീനം വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നത് സിപിഐഎമ്മും സഹയാത്രികരും നിഷേധിക്കില്ലല്ലോ. ഇത്തരമൊരു സാഹചര്യം ഒഴിവാക്കിയെടുക്കാനുള്ള ഒരു പരിശ്രമവും എന്തുകൊണ്ട് അവരുടെ ഭാഗത്തുനിന്ന് ഉണ്ടായില്ല? വളരെ താൽക്കാലികമായ തെരഞ്ഞെടുപ്പ് നേട്ടത്തെ മുൻനിർത്തി ആസൂത്രിതമായി സിപിഐഎമ്മും കൂട്ടാളികളും നീങ്ങുകയായിരുന്നുവെന്ന് യുക്തിപൂർവ്വം പരിശോധിച്ചാൽ മനസ്സിലാകും. ബിജെപിക്ക് കുറച്ചുനേട്ടങ്ങൾ വിട്ടുകൊടുത്താൽ തങ്ങൾക്ക് അതിലും കൂടിയ നേട്ടങ്ങൾ സൃഷ്ടിക്കാനാവും എന്ന കണക്കുകൂട്ടൽ ശബരിമല വിഷയത്തിലെ സിപിഐ(എം) സമീപനത്തിൽ വ്യക്തമാണ്.

കേരള രാഷ്ട്രീയത്തിൽ സിപിഐഎമ്മിന്റെ മുഖ്യഎതിരാളി കോൺഗ്രസ്സ് നയിക്കുന്ന യുഡിഎഫാണ്. അവർക്കുള്ള പിന്തുണയും സ്വാധീനവും ദുർബ്ബലപ്പെടുത്തിയാൽ തങ്ങളുടെ രാഷ്ട്രീയസാധ്യത ഭദ്രമാക്കാമെന്ന വോട്ടിന്റെ ഗണിതമാണ് പ്രധാനമായും സിപിഐഎമ്മിനെ നയിക്കുന്ന ഘടകങ്ങളിലൊന്ന്. ബിജെപി കൂടുതൽ വോട്ടുനേടുമ്പോൾ യുഡിഎഫിന് വോട്ടു കുറയുകയും എൽഡിഎഫ് ജയിച്ചു വരികയും ചെയ്യുന്നുവെന്നത് ഒരു പൊതുവായ പ്രവണതയാണെന്ന് തെരഞ്ഞെടുപ്പ് ഫലങ്ങൾ വിലയിരുത്തിയാൽ കാണാവുന്നതാണ്. അതിനാൽ ബിജെപിയെ ഒരു പ്രധാന മൽസരാർത്ഥിയായി അവതരിപ്പിച്ച് വലതുപക്ഷ വോട്ട് ഭിന്നിപ്പിച്ചാൽ തങ്ങൾക്ക് ജയിച്ചുകയറാമെന്ന് സിപിഐ(എം) കരുതുന്നു. കേരള രാഷ്ട്രീയത്തിലെ കേന്ദ്രബിന്ദു സിപിഐ(എം) - ബിജെപി മൽസരമാണെന്ന് സ്ഥാപിക്കാനുള്ള ഒരു ശ്രമം സിപിഐഎമ്മിന്റെ ഭാഗത്തുനിന്ന് കാണുന്നത് അതിനാലാണ്. കഴിഞ്ഞ ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിന്റെ വേളയിൽ മൽസരം തങ്ങളും ബിജെപിയും തമ്മിലാണെന്ന് സ്ഥാനാർത്ഥി തന്നെ അഭിപ്രായപ്പെട്ടത് ഇവിടെ സ്മരിക്കുക. പതിവായി യുഡിഎഫ് ജയിക്കുന്ന മണ്ഡലത്തിൽ ബിജെപിയാണ് പ്രമുഖ എതിരാളി എന്ന് വിശദീകരിക്കുന്നതിൽ ഒരു യുക്തിയുമില്ല എന്നിരിക്കെ ഈ പ്രസ്താവനയുടെ ലക്ഷ്യമെന്തെന്ന് ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് ഫലം രണ്ട് തവണയും തെളിയിച്ചു.

ബിജെപിക്ക് പ്രമുഖ എതിരാളി എന്ന സ്ഥാനം അനർഹമായി പതിച്ചുനൽകുന്നതിന് വർഗ്ഗീയമായ ഒരു ഹീന ലക്ഷ്യവുമുണ്ട് എന്നു പറയാൻ ഞങ്ങൾ നിർബ്ബന്ധിതരാവുകയാണ്. സംഘപരിവാറിനെ നേരിടുന്ന യഥാർത്ഥ ശക്തി തങ്ങളാണ്, തങ്ങളുടെ ജയം ഉറപ്പാക്കിയാലേ ബിജെപിയുടെ പരാജയം ഉറപ്പിക്കാനാകൂ എന്ന് ന്യൂനപക്ഷങ്ങളെ ബോധ്യപ്പെടുത്തലാണ് ആ ലക്ഷ്യം. ഒരുതരം ബിജെപി പേടി സൃഷ്ടിക്കൽ, ന്യൂനപക്ഷങ്ങളുടെ വോട്ട് ഉറപ്പാക്കാൻ കഴിഞ്ഞ കുറെ തെരഞ്ഞെടുപ്പുകളായി കേരളത്തിൽ സിപിഐ(എം) പയറ്റുന്ന തന്ത്രമായി മാറിയിരിക്കുന്നു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഈ തന്ത്രം ഫലപ്രദമായി ഉപയോഗിച്ചിരുന്നു. ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിലും ഈ പരീക്ഷണം വിജയിക്കുന്നതു നാം കണ്ടു. യുഡിഎഫിന്റെ പ്രത്യക്ഷമായ വർഗ്ഗീയക്കളികളെ അതേ നാണയത്തിൽ നേരിട്ടുകൊണ്ട് ന്യൂനപക്ഷങ്ങളുടെ വോട്ട് ഉറപ്പാക്കാൻ സിപിഐ(എം) കണ്ടെത്തിയിരിക്കുന്ന ഈ മാർഗ്ഗം ഈ വിഭാഗങ്ങളിൽ വർഗ്ഗീയമനോഭാവത്തെ ഉറപ്പിക്കാനും ഒരരക്ഷിതബോധം ജനിപ്പിക്കാനുമാണ് ഇടവരുത്തുക. ദീർഘകാലാടിസ്ഥനത്തിൽ വലിയ ഭവിഷ്യത്തുകളായിരിക്കും ഈ സമീപനം സൃഷ്ടിക്കുക.

നവോത്ഥാനത്തിന്റെ പൂർത്തീകരിക്കപ്പെടാത്ത കടമകൾ നിറവേറ്റാൻ എളുപ്പക്രിയകളോ സൂത്രപ്പണികളോ ഒന്നുമില്ല. അതിന്, നിലവിലുള്ള ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കാനും പുതിയ ജീവിത മൂല്യങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യം വയ്ക്കുന്ന, സമൂഹത്തെയാകമാനം സ്പർശിക്കുന്ന ഒരു സാംസ്കാരികമുന്നേറ്റം പടുത്തുയർത്തപ്പെടണം. ആധുനിക ശാസ്ത്രീയ ജീവിതവീക്ഷണവും ഉയർന്ന ജനാധിപത്യമൂല്യബോധവും നേടി സമഗ്രവികാസം പ്രാപിച്ച ഒരു മനുഷ്യനെ വാർത്തെടുക്കുകയായിരിക്കണം അതിന്റെ ലക്ഷ്യം. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മുന്നോട്ടുവച്ച മുദ്രാവാക്യങ്ങളുടെ പുനപ്രതിഷ്ഠയിലൂടെ അതു നേടുക സാധ്യമല്ല. അന്നത്തെ മുദ്രാവാക്യങ്ങൾ അന്നത്തെ കാലഘട്ടത്തിന്റെ പ്രശ്നങ്ങളെയാണ് അഭിസംബോധനം ചെയ്തത്. അവ യാന്ത്രികമായി ഇന്ന് ഉയർത്തുന്നതുകൊണ്ട് ഒരു നവോത്ഥാന മുന്നേറ്റവും ഉ

*(ശേഷം 3-ാം പേജിൽ)*



### മൂന്നാം പാർട്ടി കോൺഗ്രസ് പൊതുസമ്മേളനത്തിൽ സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

# സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ പതാകയേന്താൻ മുന്നോട്ട് വരിക

**2018 നവംബർ 26ന് ജാർഖണ്ഡിലെ ജംഷഡ്പൂർ ജിടൗൺ മൈതാനിയിൽ നടന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ മൂന്നാം പാർട്ടി കോൺഗ്രസിന്റെ പൊതുസമ്മേളനത്തിൽ, പാർട്ടി ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ബംഗാളി ഭാഷയിൽ നടത്തിയ പ്രസംഗത്തിന്റെ മലയാള പരിഭാഷയാണിത്. പരിഭാഷയിൽ പിശകുകളോ മറ്റ് ഭാഷാപരമായ അപര്യാപ്തതകളോ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം യൂണിറ്റി എഡിറ്റോറിയൽ ബോർഡിൽ നിക്ഷിപ്തമാണ്.**

സഖാവ് അധ്യക്ഷൻ, സഖാക്കളേ, സുഹൃത്തുക്കളേ,

മഹാനായ മാർക്സിസ്റ്റ് ചിന്തകൻ സഖാവ് ശിബ്ദാസ് ഘോഷ് സ്ഥാപിച്ച എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ മൂന്നാം കോൺഗ്രസ് 2018 നവംബർ 21 മുതൽ 25 വരെ ഘാട്സിലയിൽ നടന്ന കാര്യം നിങ്ങൾക്കറിയാം. ഇന്ന് (നവംബർ 26) ഇവിടെ ജംഷഡ്പൂരിൽ നടക്കുന്നത് അതിനോടനുബന്ധിച്ചുള്ള പൊതുസമ്മേളനമാണ്. വമ്പൻ മുതലാളിത്ത കക്ഷികളായ ബിജെപിയും കോൺഗ്രസും, ഇടതുപാർട്ടികളായ സിപിഐ(എം)ഉം സിപിഐയും മറ്റ് പ്രാദേശികപാർട്ടികളും ഒക്കെത്തന്നെ, വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ രംഗത്തേക്ക് ഇതിനോടകം ചുവടുവെച്ചുകഴിഞ്ഞു. ആരാകും കേന്ദ്രത്തിൽ അധികാരം പിടിച്ചെടുക്കുക, ആരാകും ഡൽഹിയിലെ അധികാരക്കസേരകൾ കൈക്കലാക്കുക, വിവിധ മേഖലകളിൽ ആരൊക്കെ എത്രയൊക്കെ സീറ്റുകൾ നേടിയെടുക്കും എന്നിങ്ങനെ അനുമാനങ്ങൾക്ക് ചൂടുപിടിച്ചു തുടങ്ങി. ഈ പാർട്ടികളുടെ നേതാക്കൾ നടത്തുന്ന പ്രസംഗങ്ങൾക്കും പ്രവർത്തനനേട്ടങ്ങളെ സംബന്ധിക്കുന്ന അവകാശവാദങ്ങൾക്കും, ഓരോ ദിവസവും അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങൾ പരമാവധി പ്രചാരം നൽകുകയാണ്. ഈ രാഷ്ട്രീയസാഹചര്യത്തിലാണ്, സഖാവ് ശിബ്ദാസ് ഘോഷ് ചിന്തയാൽ നയിക്കപ്പെടുന്ന നാം, നിർദ്ദയമായ മുതലാളിത്ത അടിച്ചമർത്തലിൽപ്പെട്ട് ചതഞ്ഞരയുന്ന തൊഴിലാളികൾ-കർഷകർ-ഇടത്തരക്കാർ എന്നിവരുടെയെല്ലാം ജീവിതത്തിലെ നീറുന്ന പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി വർഗ-ബഹുജന സമരങ്ങൾ എങ്ങനെ വളർത്തിയെടുക്കാമെന്നും, ആ പ്രക്രിയയിലൂടെ ഭാവിയിൽ മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിനുള്ള തയ്യാറെടുപ്പുകൾ എങ്ങനെ നടത്താമെന്നും നമ്മുടെ പാർട്ടി കോൺഗ്രസിൽ ചർച്ച ചെയ്തത്. ആ ലക്ഷ്യം മുൻനിർത്തി, സൈദ്ധാന്തികമായും രാഷ്ട്രീയമായും സാംസ്കാരികമായും സംഘടനാപരമായും നൈതികമായും പാർട്ടിയെ എങ്ങനെ നമുക്ക് കൂടുതൽ കരുത്തുറ്റതാക്കി മാറ്റാമെന്ന വിഷയത്തിലായിരുന്നു നമ്മുടെ പര്യാലോചനകൾ. നമ്മുടേത് തെരഞ്ഞെടുപ്പിൽ അധിഷ്ഠിതമായ ഒരു പാർട്ടിയല്ല. നമ്മുടേത് ഒരു വിപ്ലവപാർട്ടിയാണ്. തെരഞ്ഞെടുപ്പുകളിലൂടെ ജനജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയില്ല എന്നാണ് നമ്മുടെ പാർട്ടി വിശ്വസിക്കുന്നത്. മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്ത നമ്മെ പഠിപ്പിക്കുന്നതും ഇതു തന്നെയാണ്.

**നമ്മുടെ രാജ്യത്തിന്റെ വേദനിപ്പിക്കുന്ന ചിത്രം**

1952 മുതൽ നിരവധി പാർലമെന്റ് തെരഞ്ഞെടുപ്പുകൾ നടന്നു. ഗരീബി ഹഠാവോ (ദാരിദ്ര്യോച്ചാടനം) എന്ന മുദ്രാവാക്യവുമായി കോൺഗ്രസ് ഏറെക്കാലം ഭരിച്ചു. അച്ഛേ ദിൻ (നല്ല ദിവസങ്ങൾ) നൽകാമെന്ന വാഗ്ദാനവുമായി ബിജെപിയും അധികാരത്തിലേറി. എന്തായിരുന്നു ഫലമെന്ന് സ്വന്തം കയ്പ്പേറിയ അനുഭവങ്ങളിലൂടെ ജനങ്ങൾക്കറിയാം. ദിനംപ്രതി ജനങ്ങളുടെ ദുരിതങ്ങൾ വർദ്ധിച്ചുവരികയുമാണ്. തങ്ങളുടെ ഭരണകാലത്ത് വളരെയധികം പുരോഗതിയും വികസനവും നടന്നുവെന്നും ഭാവിയിൽ കൂടുതൽ വികസനം ഉണ്ടാകുമെന്നും ഈ പാർട്ടികളെല്ലാം അവകാശപ്പെടുന്നു. പക്ഷേ, രാജ്യത്ത് നാം കാണുന്നതെന്താണ്? നിങ്ങൾക്കു മുമ്പാകെ ഞാൻ ചില വസ്തുതകൾ അവതരിപ്പിക്കാം. ഈ വസ്തുതകളും കണക്കുകളും ഞങ്ങൾ നൽകുന്നതല്ല. ഇതെല്ലാം, ഔദ്യോഗികമോ അല്ലെങ്കിൽ വിശ്വസനീയമായ അനൗദ്യോഗിക സ്രോതസ്സുകളിൽ നിന്നേ് ലഭിച്ചവയോ ആണ്. കഷ്ടിച്ച് രണ്ടുവർഷം മുമ്പ്, ആഗോള പട്ടിണി സൂചികയിൽ 119 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 100 ആയിരുന്നു. ഇപ്പോൾ അത് 103-ലേക്ക് താണിരിക്കുന്നു. ഇതാണ് ഇവിടെ നടക്കുന്ന പുരോഗതി! 203 ദശലക്ഷം (20.3 കോടി) ജനങ്ങളാണ് ഇന്ത്യയിൽ നിത്യപട്ടിണിയിൽ കഴിയുന്നത്. അടുത്ത കാലത്തായി, പട്ടിണി കിടക്കുന്നവരുടെ എണ്ണം വളരെയധികം വർധിച്ചിരിക്കുന്നു. ഓരോ ദിവസവും ഏഴായിരത്തോളം പേരാണ് പട്ടിണി കൊണ്ടു മരിക്കുന്നത്. ലോകത്തെ ദരിദ്ര ജനസംഖ്യയുടെ മൂന്നിലൊന്നും ഇന്ത്യയിലാണ്. ഇതുവരെ 35 ദശലക്ഷത്തിലധികം (3.5 കോടി) കർഷകരാണ് ആത്മഹത്യ ചെയ്തത്. ഓരോ ദിവസവും, വേണ്ട ആരോഗ്യശുശ്രൂഷ ലഭിക്കാതെ പതിനായിരത്തോളം ആളുകളാണ് മരിക്കുന്നത്. നിത്യേന 3000 കുട്ടികൾ പോഷകാഹാരക്കുറവുമൂലം മരിക്കുന്നു. രാജ്യത്തെ മൊത്തം ജനസംഖ്യയായ 123 കോടിയിൽ (1230 ദശലക്ഷം) ഏകദേശം 70 കോടിയും (700 ദശലക്ഷം), തൊഴിൽരഹിതരാണ്. കുറച്ചു നാളുകൾക്കുമുമ്പ് 90000 ഒഴിവുകൾ നികത്തുന്നതിനായി റെയിൽവേ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 2.8 കോടിയിലധികം തൊഴിൽരഹിതരായ യുവാക്കളാണ് ഈ ഒഴിവുകളിലേക്ക് അപേക്ഷിച്ചത്. രാജ്യത്തെ ജനങ്ങളുടെ ദയനീയമായ അവസ്ഥയെക്കുറിച്ച് ഒന്ന് ആലോചിച്ചുനോക്കൂ! ഉത്തർപ്രദേശിൽ പ്യൂൺ തസ്തികയിലെ 368 ഒഴിവുകളിലേക്ക് 23 ലക്ഷം അപേക്ഷകളാണ് ലഭിച്ചത്. ഈ അപേക്ഷകരിൽ 255 പേർ പിഎച്ച്ഡിക്കാരും മറ്റ് നിരവധിപ്പേർ ബിരുദധാരികളും ബിരുദാനന്തര ബിരുദധാരികളുമൊക്കെയായിരുന്നു. പശ്ചിമബംഗാളിലെ 5400 ഗ്രൂപ്പ് ഡി ഒഴിവുകളിലേക്ക് 18 ലക്ഷം അപേക്ഷകളാണ് ലഭിച്ചത്. ഇതിലും നിരവധി പേർ ഡോക്ടറേറ്റുള്ളവരോ, ബിരുദാനന്തരബിരുദധാരികളോ ഡോക്ടർമാരോ എഞ്ചിനീയർമാരോ ഒക്കെയായിരുന്നു. ഇതാണ് നമ്മുടെ രാജ്യത്തു കാണുന്ന ഭയാനകദൃശ്യം. ഇത് ചിത്രത്തിന്റെ ഒരു വശമാണ്.

**ഈ വർഷങ്ങളിൽ ആരാണ് പുരോഗതി നേടിയത്?**

ഇത്രയും വർഷങ്ങളിൽ രാജ്യത്ത് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല എന്നാണോ? ഉവ്വ്, തീർച്ചയായും ഉണ്ട്. വൻവ്യവസായികളും വാണിജ്യഭീമന്മാരുമാണ് വമ്പിച്ച സമ്പത്ത് നേടിയിരിക്കുന്നത്. 2016 -ൽ, ജനസംഖ്യയുടെ ഒരു ശതമാനം മാത്രം വരുന്ന അതിസമ്പന്നരാണ് രാജ്യത്തിന്റെ മൊത്തം സമ്പത്തിന്റെ 51 ശതമാനവും കൈയടക്കി വെച്ചിരുന്നത്. വെറും രണ്ടു വർഷം കൊണ്ടു തന്നെ ഈ 1% അതിസമ്പന്നരുടെ കൈകളിലേക്ക് രാജ്യത്തിന്റെ സമ്പത്തിന്റെ 73 ശതമാനവും കേന്ദ്രീകരിച്ചു. വെറും 57 ശതകോടീശ്വരന്മാരുടെ സമ്പത്ത്, രാജ്യത്തെ 90% ജനങ്ങളുടെ സമ്പത്തിനുതുല്യമാണ്. വമ്പൻ വ്യവസായിയായ മുകേഷ് അംബാനിയുടെ സ്വത്ത്, 2018 ജൂലൈ 31 ന്, 3,71,000 കോടി രൂപയിലേക്ക് ഉയർന്നിരിക്കുന്നു. ദിലീപ് സാംഘ്വി എന്ന മറ്റൊരു കുത്തകഭീമൻ 1,28,122 കോടി രൂപയാണ് തന്റെ പണപ്പെട്ടിയിൽ സ്വരുക്കൂട്ടിയത്. മുൻനിര വ്യവസായികളായ ഗൗതം അദാനിയുടെയും അസിം പ്രേംജിയുടെയും മൊത്തസമ്പത്ത്, യഥാക്രമം 1,70,230 കോടി, 1,30,251 കോടി എന്നിങ്ങനെയാണ്. ബിജെപി അധ്യക്ഷൻ അമിത് ഷായുടെ സ്വത്തിൽ 300 ശതമാനത്തിന്റെ വർധനയാണ് ഉണ്ടായത്. അദ്ദേഹത്തിന്റെ മകൻ ജയ് ഷായുടെ ഉടമസ്ഥതയിലുള്ള കമ്പനിയുടെ വരുമാനം 50,000 രൂപയിൽ നിന്നും 80 കോടി രൂപയിലധികമായാണ് ഒറ്റവർഷം കൊണ്ട് കുതിച്ചുകയറിയത്. അതായത്, 16,000 മടങ്ങ് വർധന. കാവി പുതയ്ക്കുന്ന ബാബാ രാംദേവിന്റെ സ്വത്തിലും 173% ആണ് രേഖപ്പെടുത്തിയ വർധന. ഇവരെല്ലാം തന്നെ വലിയ തോതിൽ സ്വത്ത് സമ്പാദിച്ചിട്ടുള്ള ശതകോടീശ്വരന്മാരാണ്.

ഇവർക്കുപുറമേ, മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ എന്നിവരും ദശലക്ഷങ്ങളുടെ സ്വത്തിന് ഉടമസ്ഥരാണ്. ജനങ്ങളെ സേവിക്കുന്നു എന്ന പേരിൽ അവർ കണക്കില്ലാതെ പണം സമ്പാദിക്കുന്നു. വ്യവസായികളുടെയും വാണിജ്യഭീമന്മാരുടെയും മന്ത്രിമാരുടെയും ബൂർഷ്വാ കക്ഷി നേതാക്കളുടെയുമൊക്കെ അഴിമതി ഒരു സാധാരണ സംഭവമായി മാറിയിരിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, അഴിമതി രാജ്യത്തിന്റെ വ്യവസ്ഥ തന്നെയായിരിക്കുന്നു. ആരാണ് കൂടുതൽ മോഷ്ടിച്ചത്, ആരാണ് കുറച്ചുമോഷ്ടിച്ചത്, ആരാണ് പിടിക്കപ്പെട്ടത്, ആരാണ് പിടിക്കപ്പെടാതെ രക്ഷപ്പെട്ട് നിൽക്കുന്നത്, എന്നിങ്ങനെ നിസ്സാരവ്യത്യാസം മാത്രം. സർക്കാർ കടക്കെണിയിലാണ്. അതുകൊണ്ടുതന്നെ ബജറ്റ് കമ്മി ഉയരുകയാണ്. വളരുന്ന

(ശേഷം 4-ാം പേജിൽ)

## ശബരിമല പ്രശ്നം...

(2-ാം പേജിൽ നിന്ന്)

ണ്ടാകില്ല. ഇന്നിന്റെ പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഇന്നിന്റെ മുദ്രാവാക്യങ്ങൾ ഉയർന്നുവരണം. സാമ്രാജ്യത്വ - മുതലാളിത്ത ശക്തികളുടെ വർണ്ണനാതീതമായ ചൂഷണത്തിൽ നിന്നും വിടുതൽ നേടാനുള്ള രാഷ്ട്രീപോരാട്ടത്തിന് അനുരോധമായിരിക്കണം പ്രസ്തുത സാംസ്കാരിക മുന്നേറ്റം.

നവോത്ഥാനത്തിന്റെ പൂർത്തീകരിക്കപ്പെടാത്ത ലക്ഷ്യങ്ങൾ നേടാനുള്ള പോരാട്ടം ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടിയുള്ള രാഷ്ട്രീയ പോരാട്ടവുമായി അഭേദ്യമായി വിളക്കിച്ചേർക്കപ്പെട്ടതാണ്. മനുഷ്യോചിതമായ ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ നേടിയെടുക്കാനുള്ള വിപുലമായ ജനാധിപത്യപ്പോരാട്ടത്തിലേയ്ക്ക് ജാതി-മത-വർണ്ണ-ലിംഗ-പ്രദേശ വ്യത്യാസമില്ലാതെ ജനങ്ങൾ കണ്ണിചേർക്കപ്പെടണം.. ഉന്നതമായ ജനാധിപത്യ പ്രബുദ്ധതയാൽ നയിക്കപ്പെടുന്ന സമരവേദിയിൽ ഒന്നിക്കുന്ന ജനതയുടെ ഐക്യവും സാഹോദര്യവും പുതിയ മാനുഷിക ബന്ധങ്ങളുടെ പരികൽപ്പനകൾ സൃഷ്ടിക്കും. അത് അഴുകിയ വ്യക്തിവാദത്തിന്റെ പിടിയിൽനിന്നും മോചിപ്പിച്ച് മനുഷ്യനെ ഉദാത്തമായ സാമൂഹ്യബോധത്തിലേയ്ക്ക് കൊണ്ടുവരും. അതിന് കെൽപ്പുള്ള ശാസ്ത്രീയ ദർശനത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൻ കീഴിൽ ഉയർന്നു വരുന്ന രാഷ്ട്രീയ പോരാട്ടവും അതിനനുരോധമായ സാംസ്കാരിക മുന്നേറ്റവുമാണ് നവോത്ഥാനത്തിന്റെ അവശേഷിക്കുന്ന കടമകൾ പൂർത്തീകരിക്കുക. ■



സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

# രാജ്യത്തെ സമ്പത്തിന്റെ 73 ശതമാനവും ഒരു ശതമാനം അതിസമ്പന്നരുടെ കൈകളിൽ

(3-ാം പേജിൽ നിന്ന്)

ഈ കമ്മി മറികടക്കാൻ സർക്കാർ ആഭ്യന്തരവും ബാഹ്യവുമായ സ്രോതസ്സുകളിൽ നിന്നും വൻതോതിൽ കടം വാങ്ങുന്നു. ഇത് കൂടിയ അളവിൽ ജനങ്ങൾക്കു മേലുള്ള നികുതിഭാരം വർധിപ്പിച്ച് വിലക്കയറ്റം സൃഷ്ടിക്കുന്നു. 2014-15 നും 2018-19നും ഇടയിൽ പെട്രോളിനും ഡീസലിനും മേലുള്ള നികുതികളിലൂടെ സർക്കാർ പത്തു ലക്ഷം കോടി രൂപയിലധികം നേടിയെടുത്തു എന്നാണ് റിപ്പോർട്ടുകൾ. ഇപ്പോൾ ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പൊതുപണം തട്ടിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. റിസർവ് ബാങ്കിന്റെ കൈവശം അധികമുള്ള കരുതൽ ധനം അവർ സർക്കാർ ഖജനാവിലേക്ക് കൈമാറണമത്രെ. പണത്തിന്റെ അഭാവം ചൂണ്ടിക്കാട്ടിക്കൊണ്ട് വിദ്യാഭ്യാസത്തിനും ആരോഗ്യസംരക്ഷണത്തിനുമുള്ള ബജറ്റ് വിഹിതം വെട്ടിക്കുറയ്ക്കുന്നു. കൂടാതെ, ഈ രണ്ടു പ്രധാനമേഖലകളും വാണിജ്യാടിസ്ഥാനത്തിൽ നടത്തി, ജനത്തെ ഞെക്കിപ്പിഴിഞ്ഞ് അവിശ്വസനീയമാംവിധം ലാഭമുണ്ടാക്കുവാനായി സ്വകാര്യനടത്തിപ്പുകാർക്ക് സർക്കാർ കൈമാറുന്നു. വരൾച്ചയും പ്രളയവും പോലെയുള്ള ദുരന്തങ്ങൾ തടയാൻ സർക്കാർ യാതൊരു പ്രയത്നവും നടത്തുന്നില്ലെന്നുമാത്രമല്ല, ജലസേചന സൗകര്യങ്ങളോ കുടിവെള്ളലഭ്യതയോ മെച്ചപ്പെടുത്താനും യാതൊരു നടപടിയും എടുക്കുന്നുമില്ല. മറുവശത്ത്, 10.25 ലക്ഷം കോടി രൂപയോളം ബാങ്ക് വായ്പയുടെ പേരിൽ തട്ടിയെടുക്കാൻ കുത്തകകളെയും കോർപ്പറേറ്റ് ഭീമന്മാരെയും അവർ അനുവദിച്ചു. അതു മാത്രമല്ല. ഈ കുത്തകകൾക്കും കോർപ്പറേറ്റ് ഭീമന്മാർക്കും 2.72 ലക്ഷം കോടി രൂപയുടെ വൻ നികുതിയിളവാണ് നൽകിയത്. ഇതുവരെയും നൂറു ലക്ഷം കോടി രൂപയുടെ കള്ളപ്പണം അതിസമ്പന്നരുടെ കൈവശമെത്താൻ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്. ഇതാണ് ചിത്രത്തിന്റെ മറുവശം.

### രണ്ട് ഇന്ത്യകൾ

അപ്പോൾ രണ്ട് ഇന്ത്യകളുണ്ട്. കണ്ണഞ്ചിപ്പിക്കുന്ന വേഗത്തിൽ സമ്പത്ത് ഇരട്ടിപ്പിക്കുന്ന കുത്തകഭീമന്മാരുടെയും വൻ വ്യവസായികളുടെയും ഒരു ഇന്ത്യ. മറ്റേ ഇന്ത്യയാകട്ടെ, പട്ടിണി കിടന്ന് മരിക്കുന്ന, ആത്മഹത്യ ചെയ്യേണ്ടിവരുന്ന, തുച്ഛമായ തുകകൾക്ക് മക്കളെപ്പോലും വിൽക്കേണ്ടിവരുന്ന, തകർന്ന, വിശന്ന, തൊഴിൽരഹിതരായ-അധ്വാനിക്കുന്ന ദശലക്ഷങ്ങളുടെ സഞ്ചയത്തിന്റേതാണ്. ഇതിൽ ഏതു ഭാഗത്തെയാണ്, വോട്ട് അധിഷ്ഠിത, ദേശീയ-പ്രാദേശിക ബൂർഷ്വാ കക്ഷികൾ പ്രതിനിധീകരിക്കുന്നതെന്ന് നിങ്ങൾ പരിശോധിക്കണം. തഴയ്ക്കുന്ന അതിസമ്പന്നരെയോ അതോ, ദുരിതവും കഷ്ടപ്പാടും കൊണ്ട് വശംകെട്ട അസംഖ്യം സാധാരണജനങ്ങളെയോ?

ഇതിനൊക്കെ പുറമേ മറ്റു ചില വെളിപ്പെടുത്തലുകൾകൂടി ഉണ്ട്. ഇന്നത്തെ പത്രത്തിൽ വന്നതനുസരിച്ച്, വിദേശത്തുനിന്നും തിരിച്ചെത്തിച്ച കള്ളപ്പണത്തിന്റെ കണക്കിനെ സംബന്ധിക്കുന്ന വിവരങ്ങൾ പങ്കുവെക്കാനുള്ള വിവരാവകാശ കമ്മീഷന്റെ ആവശ്യം പ്രധാനമന്ത്രിയുടെ ഓഫീസ് നിരാകരിച്ചിരിക്കുന്നു. അത്, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അന്വേഷണത്തെയും കുറ്റവാളികളുടെ പ്രോസിക്യൂഷനെയും തടസ്സപ്പെടുത്തുമത്രേ. അതേപോലെ, കേന്ദ്രമന്ത്രിമാരുടെ അഴിമതിക്ക് എതിരെ ഉയർന്നിട്ടുള്ള പരാതികളെ സംബന്ധിച്ച വിവരങ്ങൾ നൽകുവാനും പ്രധാനമന്ത്രിയുടെ ഓഫീസ് വിസമ്മതിച്ചു. അത്തരം വിവരം നൽകുന്നത്, ഭാവനാത്മകവും ക്ലേശകരവുമായ പ്രക്രിയയാണത്രെ. ബാങ്ക് വായ്പകളിൽ വൻകുടിശ്ശിക വരുത്തിയ വ്യവസായികളുടെ പേരുകൾ പുറത്തുവിടാനുള്ള ആവശ്യവും സമാനമായ രീതിയിൽ പിഎംഒ നിരാകരിച്ചിരുന്നു. കാരണം വ്യക്തമാണ്. പിടികിട്ടാപ്പുള്ളികളായ, കുടിശ്ശികക്കാരായ വിജയ് മല്യ, നീരവ് മോദി, മെഹുൽ ചോക്സി തുടങ്ങി ബിജെപിയുടെ അടുപ്പക്കാരുടെയും മറ്റു പല വമ്പന്മാരുടെയും പേരുകൾ ആ പട്ടികയിൽ ഉണ്ടാകും. അതുകൊണ്ട്, ആ പട്ടിക പരസ്യപ്പെടുത്താൻ സർക്കാരിന് താൽപര്യമില്ല. അപ്പോൾ ആരുടെ താൽപര്യമാണ് സർക്കാർ സംരക്ഷിക്കുന്നത്? തീർച്ചയായും നിങ്ങൾക്കത് മനസ്സിലാക്കാൻ സാധിക്കും.

**രാമൻ എന്നത് ഒരു പുരാണകഥാപാത്രമാണ്, ചരിത്രപുരുഷനല്ല. ചരിത്രത്താളുകളിൽ രാമനെ സംബന്ധിക്കുന്ന സൂചനകളൊന്നും കണ്ടെത്താനാകില്ല. ബുദ്ധന്റെയും മഹാവീരന്റെയും ശങ്കരാചാര്യരുടെയും പേരുകളാണ് നിങ്ങൾ ചരിത്രത്തിൽ കണ്ടെത്തുക. രാമൻ ഒരു ഭാവനാസൃഷ്ടമായ കഥാപാത്രമാണ്.**

### വർധിക്കുന്ന തൊഴിലില്ലായ്മയുടെയും ദുരിതത്തിന്റെയും ദാരിദ്ര്യത്തിന്റെയും ഇന്ത്യ

ഇന്ന്, ദശലക്ഷങ്ങളാണ് തൊഴിൽരഹിതരായി രാജ്യത്തുള്ളത്. ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുന്നു. പുതിയ തൊഴിലവസരങ്ങളൊന്നുംതന്നെ സൃഷ്ടിക്കപ്പെടുന്നില്ല. വ്യവസായങ്ങൾ അടച്ചുപൂട്ടുന്നു. ഫാക്ടറികൾ അടച്ചുപൂട്ടുന്നത് വിപണിയില്ലാത്തതുകൊണ്ടാണെന്ന് ഭരണകർത്താക്കൾ വാദിക്കുന്നു. എവിടെയെങ്കിലും അൽപ്പം തൊഴിൽശക്തി വിനിയോഗിക്കപ്പെടുന്നുണ്ടെങ്കിൽ അത് സ്ഥിരം തൊഴിൽ അല്ല, കരാർ അടിസ്ഥാനത്തിലാണ്. ജോലിയെടുക്കുന്നതിന് നിശ്ചിതസമയമില്ല, നിശ്ചിത കൂലിയില്ല. കരാർ തൊഴിൽ എന്ന പുതിയ സംവിധാനം പ്രാവർത്തികമാക്കിയിരിക്കുന്നു. തൊഴിൽ നിയമങ്ങളില്ല, തൊഴിലിടങ്ങളിൽ തൊഴിലാളികൾക്ക് യാതൊരു അവകാശങ്ങളുമില്ല. ഗ്രാമങ്ങളിലേക്കു നോക്കൂ, അവ മരുഭൂമികളായി മാറിയിരിക്കുന്നു.യുവാക്കളോ യുവതികളോ ഗ്രാമീണമേഖലകളിലില്ല; കാരണം ഗ്രാമങ്ങളിൽ തൊഴിലില്ല, ജീവിതമാർഗമില്ല. അതുകൊണ്ട് അവർ ഏതെങ്കിലുമൊക്കെ നഗരങ്ങളിലേക്കോ, ചിലപ്പോൾ വിദേശത്തേക്കോ കുടിയേറ്റ തൊഴിലാളികളായി ജോലി തേടി പോവുകയാണ്. ഒരിടത്തും അവർക്ക് സ്ഥിരം ജോലികളില്ല. നിങ്ങൾ ഒരുപക്ഷേ അറിയണമെന്നില്ല, ഈ രാജ്യത്തെ 30 ദശലക്ഷത്തോളം (മൂന്നു കോടി) ചെറുപ്പക്കാരെയാണ് ജോലി വാഗ്ദാനം ചെയ്ത് വഞ്ചിച്ച്, അടിമപ്പണിക്കാരാക്കി സ്ഥാപിത താൽപ്പര്യക്കാരായ ഏജന്റുമാർ വിദേശത്ത് വിറ്റിരിക്കുന്നത്. ഈ അടിമപ്പണിക്കാരെ തിരികെ വീട്ടിലേക്ക് മടങ്ങാൻകൂടി അനുവദിക്കുന്നില്ല. രാപകൽ അവരെക്കൊണ്ട് പണിയെടുപ്പിക്കുന്നു. കഷ്ടിച്ച് ജീവൻ നിലനിർത്താനുള്ള ഭക്ഷണമേ അവർക്ക് നൽകുന്നുള്ളൂ. എന്തെങ്കിലും കൂലി കിട്ടുന്നത് സംബന്ധിച്ച് യാതൊരു ഉറപ്പുമില്ല. താമസിക്കുന്ന സ്ഥലത്തുനിന്നും പുറത്തുപോകാൻകൂടി അവർക്ക് അനുവാദമില്ല. ഒരു വിദേശരാജ്യത്ത് അടിമകളായി പണിയെടുക്കുവാൻ ഈ രാജ്യത്തെ മൂന്നു കോടിയോളം ചെറുപ്പക്കാരെ നിർബന്ധിതരാക്കിയ അസഹനീയമായ ദാരിദ്ര്യത്തെക്കുറിച്ച് നിങ്ങളൊന്ന് ആലോചിച്ചു നോക്കൂ. ജോലി നൽകാം, വിവാഹം നടത്തിത്തരാം, എന്നിങ്ങനെ വാഗ്ദാനങ്ങൾ നൽകി ഒരു സംഘം കച്ചവടക്കാർ ഗ്രാമങ്ങളിൽനിന്നുള്ള ആയിരക്കണക്കിന് പെൺകുട്ടികളെ പ്രലോഭിപ്പിച്ച് കൊണ്ടുപോകുന്നു. എന്നിട്ട് ഈ നിസ്സഹായരായ പെൺകുട്ടികളെ രാജ്യത്തിനകത്തും പുറത്തുമുള്ള മാംസക്കച്ചവട കേന്ദ്രങ്ങളിൽ വിൽക്കുന്നു. സ്ത്രീശരീരം വിൽപ്പനച്ചരക്കാവുന്ന അവസ്ഥ ഓരോ ദിവസവും വർധിക്കുന്നു. ഇതാണ് നമ്മുടെ രാജ്യത്തെ വികസനത്തിന്റെ മറ്റൊരു ഭയാനകമായ ചിത്രം. ജനുവരി 26, റിപ്പബ്ലിക് ദിനം അടുത്തെത്തിയിരിക്കുന്നു. വളരെയധികം ആർഭാടവും പ്രതാപവും പ്രദർശിപ്പിക്കപ്പെടും. ഊതിപ്പെരുപ്പിച്ച അവകാശവാദങ്ങളോടെ നേതാക്കൾ നീണ്ട പ്രഭാഷണങ്ങൾ നടത്തും. കരിമരുന്ന് പ്രയോഗത്തോടെ പഞ്ചനക്ഷത്ര-സപ്തനക്ഷത്ര ഹോട്ടലുകളിൽ സുന്ദരമായ വിനോദപ്രദർശനങ്ങളും തുടർന്ന് വിഭവസമൃദ്ധമായ അത്താഴങ്ങളും ഉണ്ടാവും. അതിന്റെ അവശിഷ്ടങ്ങൾ കുപ്പയിലെറിയുമ്പോൾ, ആ കൂനയിൽനിന്നും കഴിക്കാൻ എന്തെങ്കിലും കിട്ടുമോ എന്നു തിരയുന്ന തെരുവു കുട്ടികളെ കാണാം. ഈ കുട്ടികളെല്ലാം മനുഷ്യരാണ്. ലക്ഷക്കണക്കിന് കുട്ടികളാണ് തെരുവിൽ ജനിക്കുകയും മരിക്കുകയും ചെയ്യുന്നത്. ആരും അവരെക്കുറിച്ച് ഓർത്ത് വിഷമിക്കാറില്ല. ഈ അഗതികളായ കുട്ടികൾക്ക് തങ്ങളുടെ മാതാപിതാക്കൾ ആരെന്നുകൂടി അറിവുണ്ടാകില്ല. ഇരുൾ വീഴുമ്പോൾ നമ്മുടെ സഹോദരിമാരിലും പെൺമക്കളിലും വലിയ ഒരു സംഖ്യക്ക് നഗരങ്ങളിലെയും പട്ടണങ്ങളിലെയും റെയിൽവേ സ്റ്റേഷനുകളിലേക്കും, ബസ് സ്റ്റാൻഡുകളിലേക്കും, ചന്തകളിലേക്കും, തെരുവുമൂലകളിലേക്കും ശരീരം വിൽക്കുവാനായി ഇറങ്ങേണ്ടി വരുന്നു. തങ്ങളുടെ വിശക്കുന്ന കുഞ്ഞുങ്ങളെയും രോഗബാധിതരായ ഭർത്താക്കന്മാരെയും ഊട്ടാൻ അവർക്കു വേറേ യാതൊരു വഴിയുമില്ല. ഈ തരം വികസനമാണ് ഇക്കാലംകൊണ്ട് നമ്മുടെ രാജ്യം നേടിയെടുത്തത്. കോൺഗ്രസ് വളരെക്കാലം ഭരിച്ചു. ഇപ്പോൾ ബിജെപി അധികാരത്തിൽ ഇരിപ്പുറപ്പിച്ചിരിക്കുന്നു. ഈ രണ്ടു കൂട്ടരും ഈ വികസനമാണ് ജനങ്ങൾക്കു സംഭാവന ചെയ്തത്. അടിച്ചമർത്തപ്പെടുന്ന ജനങ്ങളുടെ അവസാനതുള്ളി ചോരയും ഞെക്കിപ്പിഴിഞ്ഞെടുത്ത്, ലാഭം കുന്നുകൂട്ടുന്ന വൻവ്യവസായികളുടെയും വാണിജ്യഭീമന്മാരുടെയും പുഷ്ടിപ്പെടലാണ് അവർ ഉറപ്പാക്കിയത്. ഇങ്ങനെയുള്ള ഒരു സ്വാതന്ത്ര്യത്തിന് വേണ്ടിയാണോ ഭഗത്സിങ് തന്റെ ജീവൻ ത്യജിച്ചത്? ഈ സ്വാതന്ത്ര്യത്തിനു വേണ്ടിയാണോ നേതാജി സുഭാഷ് ചന്ദ്രബോസ് പൊരുതിയത്?

### രാഷ്ട്രീയത്തിൽ രണ്ട് ശക്തികളേയുള്ളൂ

ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനുപകരം ഒരു മർദ്ദക മുതലാളിത്ത ഭരണമാണ് രാജ്യത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഇതാണ് നമ്മുടെ ആദരണീയനായ നേതാവും ആചാര്യനുമായ സഖാവ് ശിബ്ദാസ് ഘോഷ് കാട്ടിത്തന്നത്. ജനങ്ങൾ സ്വാതന്ത്ര്യം നേടിയിട്ടില്ല, പക്ഷേ ഒരുപിടി മുതലാളിമാർ തന്നിഷ്ടപ്രകാരം പിടിച്ചുപറിക്കാനും കൊള്ളയടിക്കാനും ചൂഷണം ചെയ്യാനുമുള്ള സ്വാതന്ത്ര്യം നേടിയിരിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. ഇന്ത്യൻ സമൂഹം വർഗവിഭജിതമാണെന്ന് അദ്ദേഹം കാണിച്ചുതന്നു. ഒരു ഭാഗത്ത്, പരമാവധി ചൂഷണത്തിലൂടെ പരമാവധി ലാഭമുണ്ടാക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രമുള്ള ഭരണമുതലാളി വർഗം. മറുവശത്ത് അങ്ങേയറ്റം ചൂഷിതരും അടിച്ചമർച്ചപ്പെട്ടവരുമായ ദരിദ്രജനകോടികൾ, തൊഴിലാളികൾ-കർഷകർ-മധ്യവർഗം. രാഷ്ട്രീയത്തിൽ അനവധി വിരുദ്ധശക്തികൾ നിലനിൽക്കുന്നതായി പുറമേക്ക് തോന്നാമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പക്ഷേ യഥാർത്ഥത്തിൽ പരസ്പരം ഏറ്റുമുട്ടുന്ന രണ്ട് ശക്തികളേ രാഷ്ട്രീയത്തിലുള്ളൂ. ഒന്ന്, വിശ്വസ്തതയോടെ വൻവ്യവസായികളേയും കച്ചവടക്കാരെയും സേവിക്കുന്ന, അനിയന്ത്രിതമായ കൊള്ളക്കും ചൂഷണത്തിനും കുടപിടിക്കുന്ന, അടിച്ചമർത്തുന്നവരെയും കൊള്ളയടിക്കുന്നവരെയും സംരക്ഷിക്കുന്നത്. കോൺഗ്രസും ബിജെപിയും മറ്റെല്ലാ പ്രാദേശികകക്ഷികളും ഇതേ രാഷ്ട്രീയമാണ് പുലർത്തുന്നത്. രണ്ടാമത്തേത്, നിർദയമായ മുതലാളിത്ത ചൂഷണത്തിനെതിരെ ജനകീയസമരങ്ങൾ വളർത്തിയെടുക്കുന്ന രാഷ്ട്രീയത്തെ പ്രതിനിധീകരിക്കുന്നു. മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന് വഴിയൊരുക്കുന്ന, ഉയർന്ന സൈദ്ധാന്തിക-സാംസ്കാരിക-നൈതിക അടിത്തറയുള്ള രാഷ്ട്രീയം. ഈ മണ്ണിലെ യഥാർത്ഥ വിപ്ലവ പാർട്ടിയായ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

(ശേഷം 5-ാം പേജിൽ)


സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

# വർഗ്ഗീയത വളർത്തുന്നത് ജനങ്ങളുടെ സമരൈക്യത്തിൽ വിള്ളലുണ്ടാക്കാൻ

(4-ാം പേജിൽ നിന്ന്)

ആ രാഷ്ട്രീയത്തിന്റെ ദീപശിഖ വഹിക്കുന്നവരാണ്. ഈ ലക്ഷ്യത്തോടെയാണ് നാം നമ്മുടെ പോരാട്ടം നടത്തുന്നത്.

**വിവേചനശക്തിയെ നശിപ്പിച്ച് അന്ധത വളർത്തുന്ന മുതലാളിത്തം**

ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഇന്ന് മുതലാളിത്തം ആക്രമണത്തിന് വിധേയമാക്കുന്നു. വിദ്യാഭ്യാസത്തിനും വിജ്ഞാനസമ്പാദനത്തിനുമുള്ള അവസരങ്ങൾ വർധിതമായി വെട്ടിച്ചുരുക്കുന്നു. മതവിദ്യാഭ്യാസത്തിലേക്കും ആത്മീയതയിലേക്കും പഠന സിലബസിനെ തിരിച്ചുവെക്കുന്നു. പക്ഷേ, രാജാ റാംമോഹൻ റായിയെയും ഈശ്വരചന്ദ്ര വിദ്യാസാഗറെയും പോലെ, ഇന്ത്യൻ നവോത്ഥാനത്തിന്റെ തലതൊട്ടപ്പന്മാരായവർ കൃത്യമായും പറഞ്ഞത്, വേദങ്ങളും വേദാന്തവും സംസ്കൃത ഭാഷയുമല്ല, ശാസ്ത്രവും യുക്തിയും ശാസ്ത്രീയചിന്തയുമാണ് നമുക്ക് പാഠ്യപദ്ധതിയിൽ വേണ്ടതെന്നാണ്. ഈ തരത്തിലുള്ള മതേതര-ജനാധിപത്യ വിദ്യാഭ്യാസമാണ് യോഗ്യനായ മനുഷ്യനെ സൃഷ്ടിക്കാനായി അവതരിപ്പിക്കേണ്ടത്. ഈ മഹത്തുക്കളുടെ വീക്ഷണത്തിനും, മതേതര-ശാസ്ത്രീയ-ജനാധിപത്യ വിദ്യാഭ്യാസത്തിനായുള്ള അവരുടെ സമീപനത്തിനുമെതിരെയുള്ള ആക്രമണം ആദ്യം വന്നത് കോൺഗ്രസിൽ നിന്നുമാണ്. ബിജെപി, ഒരു ചുവടു കൂടി മുന്നോട്ട് വെച്ചുകൊണ്ട്, മനസ്സിന്റെ ശാസ്ത്രീയചായ്‌വിനെ ഇല്ലാതാക്കി, യുക്തിസഹമായ കാഴ്ചപ്പാടിനെ നശിപ്പിച്ചു, ചർച്ചകൾ അവസാനിപ്പിച്ചു. തന്മൂലം, ആരുംതന്നെ യാതൊരു എതിർപ്പും പ്രകടിപ്പിക്കാതെ, ചോദ്യങ്ങൾ ഉന്നയിക്കുകയോ, ഏതെങ്കിലും വിഷയത്തിൽ വാദത്തിന് മുതിരുകയോ ചെയ്യാതെ, നേതാക്കൾ പറയുന്നതു മാത്രം അന്ധമായി പിന്തുടരുന്നു. അതുകൊണ്ട്, അന്ധവും യുക്തിരഹിതവുമായ വിശ്വാസത്തെ വളർത്തുകയെന്ന ലക്ഷ്യത്തോടെ അവർ മതപരമായ വിദ്യാഭ്യാസത്തെ അവതരിപ്പിക്കുന്നു. വർഗീയഭ്രാന്തിനും അവർ തിരികൊളുത്തുന്നു.

**രാമജന്മഭൂമി-ബാബറി മസ്ജിദ് തർക്കത്തെ സംബന്ധിച്ച്**

ഇപ്പോൾ രാമനെ ചുറ്റിപ്പറ്റി ഒരു വടംവലി തന്നെ നടക്കുന്നുണ്ട്. രാമന്റെ യഥാർത്ഥപിന്തുടർച്ച ആരാണ് വഹിക്കുന്നത് എന്നതിനെപ്പറ്റിയുള്ള അവകാശവാദങ്ങളും മറുവാദങ്ങളും ഉണ്ടാകുന്നു. രാമൻ എന്നത് ഒരു പുരാണകഥാപാത്രമാണ്, ചരിത്രപുരുഷനല്ല. ചരിത്രത്താളുകളിൽ രാമനെ സംബന്ധിക്കുന്ന സൂചനകളൊന്നും നിങ്ങൾ കണ്ടെത്തില്ല. ബുദ്ധന്റെയും മഹാവീരന്റെയും ശങ്കരാചാര്യരുടെയും പേരുകളാണ് നിങ്ങൾ ചരിത്രത്തിൽ കണ്ടെത്തുക. രാമൻ ഒരു ഭാവനാസൃഷ്ടമായ കഥാപാത്രമാണ്. നാല് വേദങ്ങളിലും ഉപനിഷത്തുകളിലും ഗീതയിലും, ശങ്കരാചാര്യരുടെ അദ്വൈതവേദാന്തത്തിലും രാമനെ സംബന്ധിക്കുന്ന പരാമർശമില്ല. ഇപ്പോൾ തെരഞ്ഞെടുപ്പിനെ മുന്നിൽക്കണ്ട്, രാമനെ കേന്ദ്രമാക്കി ഒരു കോലാഹലമുയർത്തുകയാണ്. രാമന്റെ ഈ സ്വയം പ്രഖ്യാപിത അനുയായികളെ യഥാർത്ഥ ഹിന്ദുക്കളെന്ന് വിളിക്കാൻ സാധിക്കുമോ? രാമന്റെ ജനനത്തിനുംമുമ്പേ വാൽമീകി രാമായണം എഴുതിയിരുന്നതായും, ഭാവിയിൽ എന്തു നടക്കുമെന്നു പ്രവചിച്ചതായും പറയപ്പെടുന്നുണ്ട്. പക്ഷേ, അയോധ്യയിലെ രാമക്ഷേത്രം നശിപ്പിച്ചുകൊണ്ട്, ബാബറി മസ്ജിദ് പണിയുമെന്ന് അദ്ദേഹം എവിടെയും പരാമർശിച്ചിട്ടില്ല. തുളസീദാസ് രചിച്ച രാമചരിതമാനസ് ഒരു ആധികാരികകൃതിയായി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. തുളസീദാസ് ഈ കൃതി രചിക്കുന്ന കാലത്ത് ബാബറി മസ്ജിദ് നിലനിൽക്കുന്നുണ്ടായിരുന്നു. രാമൻ ജനിച്ച സ്ഥലത്താണ് ബാബറി മസ്ജിദ് പണിതതെന്ന് തുളസീദാസ് എവിടെയെങ്കിലും പറയുന്നുണ്ടോ? എനിക്ക് മറ്റൊരു ചോദ്യം ഉന്നയിക്കാനുണ്ട്. ശ്രീചൈതന്യ, രാമകൃഷ്ണ പരമഹംസർ, വിവേകാനന്ദൻ തുടങ്ങി ഹിന്ദുമതത്തിന്റെ കേന്ദ്രബിന്ദുക്കളായിക്കണ്ട് ഹിന്ദുക്കൾ പിന്തുടരുന്ന മഹാന്മാരും ബാബറി മസ്ജിദ് കണ്ടിട്ടുണ്ട്. പക്ഷേ, അവരിൽ ആരും തന്നെ രാമന്റെ ജന്മസ്ഥലത്താണ് ബാബറി മസ്ജിദ് നിൽക്കുന്നതെന്ന് പറഞ്ഞിട്ടില്ല. അവരൊക്കെയും ഭീരുക്കളാണെന്നാണോ നമ്മൾ കരുതേണ്ടത്? രാമജന്മഭൂമി-ബാബറി മസ്ജിദ് വിവാദം ആദ്യം സൃഷ്ടിച്ചത് കോൺഗ്രസാണ്. മുൻ കോൺഗ്രസ് പ്രധാനമന്ത്രി രാജീവ് ഗാന്ധിയാണ് വർഗീയവികാരത്തിന് തിരികൊളുത്തി ഹിന്ദുവോട്ടുകൾ നേടിയെടുക്കാനായി, 1986-ൽ ബാബറി മസ്ജിദിന്റെ പൂട്ടുതുറന്ന്, അവിടെ രാംലാലയെ ആരാധിക്കുന്നതിന് തുടക്കമിട്ടത്. ഹിന്ദു വോട്ടുകൾ കൈക്കലാക്കാൻ കോൺഗ്രസ് രാമനെ ഉപയോഗിക്കാൻ പോകുന്നു എന്ന തന്ത്രത്തിനുപിന്നിലെ അപകടം ബിജെപി മനസ്സിലാക്കി. ഉടൻതന്നെ അവർ ഒരു രഥയാത്ര ആരംഭിച്ചു. രാജ്യമെങ്ങും വർഗീയകലാപങ്ങൾ സംഘടിപ്പിച്ചുകൊണ്ട്, ബാബറി മസ്ജിദ് തകർക്കുവാൻ അവർ ആഹ്വാനം ചെയ്തു. അങ്ങനെ, വർഗീയവിഭജനങ്ങൾക്കുമേലുള്ള കൃത്രിമമായ ധ്രുവീകരണം ഉപയോഗപ്പെടുത്തിക്കൊണ്ട് തങ്ങളുടെ തെരഞ്ഞെടുപ്പ് പ്രതീക്ഷകൾക്ക് തിളക്കം കൂട്ടാൻ അവർ ശ്രമിച്ചു. പിന്നീട് 1992-ൽ അന്നത്തെ കോൺഗ്രസ് പ്രധാനമന്ത്രിയുടെ നിഷ്ക്രിയത്വത്തെ മുതലെടുത്തുകൊണ്ട്, ആർഎസ്എസ്സിന്റെയും ബിജെപിയുടെയും ഉന്മത്തരായ കാലാൾപ്പടയാളികൾ, ബാബറി മസ്ജിദ് എന്ന ചരിത്രസ്മാരകത്തെ, തങ്ങളുടെ ഉന്നതനേതാക്കളുടെ സാന്നിധ്യത്തിൽ തകർത്തു തരിപ്പണമാക്കി. ഇത്തവണയും തെരഞ്ഞെടുപ്പിന് മുന്നോടിയായി അയോധ്യയിലെ രാമക്ഷേത്രനിർമ്മാണത്തിന്റെ പേരിൽ മതഭ്രാന്ത് ആളിക്കത്തിക്കുന്ന വൃത്തികെട്ട കളികൾ ആരംഭിച്ചിട്ടുണ്ട്.

> **ഹിന്ദുത്വസിദ്ധാന്തം ഉയർത്തിക്കാട്ടുന്നതിന് പിന്നിൽ ആർഎസ്എസ്സിനും ബിജെപിക്കും ഇരട്ടലക്ഷ്യങ്ങളാണ്. ഒന്നാമത്തേത് തീർച്ചയായും ഹിന്ദു വോട്ടുകൾ ധ്രുവീകരിച്ച് തങ്ങളുടെ തെരഞ്ഞെടുപ്പ് പ്രതീക്ഷകൾ സഫലമാക്കുക... രണ്ടാമത്തെ ലക്ഷ്യം, അടിച്ചമർത്തപ്പെടുന്ന ജനതയുടെ ഐക്യം തകർക്കുകയെന്നതാണ്.**

**ആർഎസ്എസ്സും ബിജെപിയും ഹിന്ദുമതത്തിന്റെ യഥാർത്ഥ അനുയായികളാണോ**

ഞങ്ങൾ മാർക്സിസ്റ്റുകൾ നിരീശ്വരവാദികളാണ്. പക്ഷേ എനിക്ക് പ്രസക്തമായ ഒരു ചോദ്യം ഉന്നയിക്കാനുണ്ട്. ആർഎസ്എസ്സും ബിജെപിയും യഥാർത്ഥത്തിൽ ഹിന്ദുമതത്തിൽ വിശ്വസിക്കുന്നുണ്ടോ? വിവേകാനന്ദൻ ഒരിക്കൽ പറഞ്ഞു - വിശക്കുന്നവന് ആദ്യം ഭക്ഷണം നൽകൂ, പിന്നെ മതത്തെപ്പറ്റി പറയാം. പട്ടിണി കിടക്കുന്നവർക്കായി സ്വയംപ്രഖ്യാപിത ഹിന്ദുക്കൾ എന്ത് ചെയ്യുന്നു എന്ന് അദ്ദേഹം ചോദിച്ചു. ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ പണം ചെലവാക്കി ക്ഷേത്രം പണിയുന്നതിനെയും അദ്ദേഹം എതിർത്തിരുന്നു. തനിക്ക് ഒരു പുത്രനുണ്ടായിരുന്നെങ്കിൽ അയാൾ ഒരു ബുദ്ധിസ്റ്റും, പുത്രവധു ക്രിസ്ത്യാനിയും താൻ സ്വയമൊരു മുസൽമാനും ആയിരുന്നിരിക്കുന്നതിൽ തെറ്റില്ലെന്നും അദ്ദേഹം പറഞ്ഞു. അതിൽ എന്താണ് ദോഷമുള്ളത്? ബൈബിളും ഖുറാനും വേദങ്ങളും ഒരുമിക്കുന്ന ഒറ്റമതം ഉണ്ടാകണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഒരു മതവും മറ്റൊരു മതത്തെയും ആക്രമിക്കുന്നില്ല എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.5 വിവേകാനന്ദന്റെ ഗുരുവായ രാമകൃഷ്ണനാകട്ടെ, മസ്ജിദുകളിൽ നമസ്കാരവും പള്ളികളിൽ പ്രാർത്ഥനയും നടത്തുന്നതിനോടൊപ്പമാണ് കാളീദേവിയെ ആരാധിച്ചതും. ഇവരായിരുന്നോ ഹിന്ദുമതത്തിന്റെ പ്രതിനിധികൾ, അതോ ഇന്നത്തെ ആർഎസ്എസ്-ബിജെപി നേതാക്കളാണോ ഹിന്ദുമതത്തിന്റെ അനുയായികൾ? എന്തിനാണ് ഹിന്ദുത്വത്തിന്റെ പേരിൽ മതഭ്രാന്തും വെറിയും വളർത്തുന്നതെന്ന് ആർഎസ്എസ്സിനോടും ബിജെപിയോടും ചോദിക്കൂ. തെരഞ്ഞെടുപ്പ് നേട്ടങ്ങൾ കൊയ്യാനുള്ള സങ്കുചിത-വിഭാഗീയ താൽപ്പര്യം മറച്ചുപിടിക്കാനല്ലേ ഇത്? എപ്പോഴെല്ലാം തെരഞ്ഞെടുപ്പുവന്ന് വാതിലിൽ മുട്ടുന്നുവോ, അപ്പോഴെല്ലാം രാമക്ഷേത്രത്തിന്റെ പ്രശ്നം കുത്തിപ്പുറത്തിട്ട് വർഗീയവിഷം ചീറ്റുന്നു. അത് അപകടകരമായ നിലയിലേക്ക് വളരുകയാണ്.

**ആർഎസ്എസ്സിന്റെയും ബിജെപിയുടെയും ഹിന്ദുത്വ മുറവിളികൾക്ക് പിന്നിലെ യഥാർത്ഥലക്ഷ്യമെന്ത് ?**

തങ്ങളുടെ ഹിന്ദുത്വസിദ്ധാന്തം ഉയർത്തിക്കാട്ടുന്നതിന് പിന്നിൽ ആർഎസ്എസ്സിനും ബിജെപിക്കും ഇരട്ടലക്ഷ്യങ്ങളാണ്. ഒന്നാമത്തേത് തീർച്ചയായും ഹിന്ദു വോട്ടുകൾ ധ്രുവീകരിച്ച് തങ്ങളുടെ തെരഞ്ഞെടുപ്പ് പ്രതീക്ഷകൾ സഫലമാക്കുക. ഇപ്പോൾ നരേന്ദ്രമോദിയും രാഹുൽ ഗാന്ധിയും തമ്മിൽ ക്ഷേത്രദർശനത്തിനുമേലുള്ള ഒരു മൽസരം തന്നെ നടന്നുകൊണ്ടിരിക്കുകയാണ് - ആരാകും ഒരു ക്ഷേത്രത്തിൽ ആദ്യം പോവുക, അതിലൂടെ കൂടുതൽ ഭക്തനായ ഹിന്ദുവെന്ന് തെളിയിക്കുക എന്നതാണ് മൽസരം. രണ്ടാമത്തെ ലക്ഷ്യം, അടിച്ചമർത്തപ്പെടുന്ന ജനതയുടെ ഐക്യം തകർക്കുകയെന്നതാണ്. ദരിദ്രരാക്കപ്പെട്ട തൊഴിലാളികളും കർഷകരും മധ്യവർഗക്കാരും പരസ്പരം വിദ്വേഷം വളർത്തട്ടെ. ഞാൻ ഹിന്ദു, നീ മുസ്ലിം. ഞാൻ ഉയർന്ന ജാതി, നീ താണജാതി. നീ ദളിതനാണ്, അവൻ ഗോത്രവർഗക്കാരനാണ്, അങ്ങനെയങ്ങനെ. ഭരിക്കുന്ന മുതലാളിവർഗത്തിനും അവരുടെ സേവകരായ മുതലാളിത്ത സർക്കാരുകൾക്കും എതിരെ അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ ഒറ്റക്കെട്ടായിനിന്ന് പൊരുതാതിരിക്കാൻ, ഇതുപോലെ അവരിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ വിഭജനം അടിച്ചേൽപ്പിക്കുന്നു. അതുകൊണ്ടാണ്, വർഗീയ-ജാതീയ-വംശീയ ഭ്രാന്തിന്റെ തീ ആസൂത്രിതമായ രീതിയിൽ ആളിക്കത്തിക്കുന്നത്.

ജനങ്ങളിൽ അന്ധമായ മതവിശ്വാസം വളർത്തിയെടുക്കുക എന്നതാണ് മറ്റൊരു ഉദ്ദേശ്യം. ആർഎസ്എസ്സിനെയും ബിജെപിയേയും പോലെയുള്ള മതമൗലികശക്തികൾ ചെകുത്താന്റെ രൂപത്തിൽവന്ന് സാധാരണ ജനങ്ങളോട് പറയുന്നു - എന്തുകൊണ്ടാണ് നിങ്ങൾ ദരിദ്രരും തൊഴിൽരഹിതരുമായിരിക്കുന്നത്? എല്ലാം നിങ്ങളുടെ മോശപ്പെട്ട വിധി കാരണമാണ്. മുജ്ജന്മത്തിൽ നിങ്ങൾ ചെയ്ത പാപത്തിന്റെ ഫലമാണ് ഇപ്പോൾ നിങ്ങൾ അനുഭവിക്കുന്നത്. അംബാനിമാരെയും അദാനിമാരെയുംപോലെ ജനങ്ങളെ നിർദയം ചൂഷണം ചെയ്ത് കോടിക്കണക്കിന് രൂപ കൊള്ളയടിക്കുന്ന കുത്തകകൾ , മുജ്ജന്മത്തിൽ വളരെയധികം പുണ്യപ്രവൃത്തികൾ ചെയ്തതിനാൽ ഇപ്പോൾ മതിമറന്ന് ജനത്തിന്റെ ചോരയൂറ്റിക്കുടിക്കാനായി ദൈവം അവരെ അയച്ചിരിക്കുകയാണ്. അപ്പോൾ നിങ്ങൾ, പാവപ്പെട്ടവരും ദുരിതമനുഭവിക്കുന്നവരും, വിശപ്പുകൊണ്ടും ചികിത്സ കിട്ടാതെയും സന്തോഷത്തോടെ മരിക്കുക. പ്രതിഷേധിക്കാതെ സന്തോഷത്തോടെ നിങ്ങൾ മരണം ഏറ്റുവാങ്ങിയാൽ, നിങ്ങൾക്ക് മുക്തി ലഭിക്കുകയും അടുത്ത ജന്മത്തിൽ ആശ്വാസം കിട്ടുകയും ചെയ്യും. അതുകൊണ്ട് ഒരിക്കലും ചോദ്യം ചെയ്യരുത്, തർക്കിക്കരുത്. നിങ്ങൾക്കുമേൽ പതിക്കുന്ന ചൂഷണത്തിന്റെയും അടിച്ചമർത്തലിന്റെയും കാരണം തിരക്കരുത്. എന്തെന്നാൽ, എല്ലാം ദൈവഹിതമാണ്, എല്ലാം അദ്ദേഹത്തിന്റെ ചിന്തയാണ്. അതുകൊണ്ടുതന്നെ വിധിഹിതവുമാണ്. മനുഷ്യൻ ആഗ്രഹിക്കുന്നു, ദൈവം നിശ്ചയിക്കുന്നു എന്നാണല്ലോ പറയുന്നത്-ഹൃദയത്തിന്റെ ആഗ്രഹം, വിധിയുടെ കളി. അപ്പോൾ നിങ്ങളുടെ ദാരിദ്ര്യത്തിനും ദുഃഖത്തിനും മറ്റാരെയും ഉത്തരവാദിയായി കാണരുത്. മുജ്ജന്മത്തിൽ നിങ്ങൾ ചെയ്ത പാപത്തെയും നിങ്ങളുടെ വിധിയെയും ശപിക്കുക. ഈ രീതിയിലുള്ള വ

(ശേഷം 6-ാം പേജിൽ)



സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

# ബിജെപിയെ എതിർക്കുന്നതുകൊണ്ട് മാത്രം കോൺഗ്രസ് മതേതരമാകുന്നില്ല

(5-ാം പേജിൽ നിന്ന്)

ഞ്ചന നിറഞ്ഞ പ്രവൃത്തികളാണ് നടന്നു കൊണ്ടിരിക്കുന്നത്. ഇതേക്കുറിച്ച് ജനങ്ങൾ ജാഗ്രത പുലർത്തണം.

**യുവാക്കളുടെ ധാർമിക നട്ടെല്ല് തകർക്കാൻ അശ്ലീലതയും ആഭാസവും കൂസലില്ലാതെ പ്രചരിപ്പിക്കുന്നു**

മറ്റൊരു കൊടിയ ഗൂഢാലോചനയുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വം അധികാരത്തിലിരുന്നപ്പോൾ രാജ്യത്തെ വിദ്യാർത്ഥികളെയും യുവാക്കളെയും കൂലി അടിമകളാക്കാൻ അവർക്ക് താൽപ്പര്യമുണ്ടായിരുന്നു. പക്ഷേ, അതു വെറുതെയായി. എണ്ണമറ്റ വിദ്യാർത്ഥികളും യുവാക്കളും സന്തോഷത്തോടെ തങ്ങളുടെ വിദ്യാഭ്യാസം ഉപേക്ഷിച്ച്, എന്തെങ്കിലും ഭൗതികനേട്ടങ്ങൾക്കോ കുടുംബജീവിതത്തിന്റെ സുഖങ്ങൾക്കോ പ്രാധാന്യം കൽപ്പിക്കാതെ, തൊഴിൽ വാഗ്ദാനങ്ങൾ അവഗണിച്ച് സ്വാതന്ത്ര്യസമരത്തിന് ഒപ്പം ചേർന്നു. അവർ ജയിലിൽ പോയി, സാമ്രാജ്യത്വ ഭരണകൂടത്തിന്റെ വെടിയുണ്ടകളെയും ലാത്തികളെയും നേരിട്ടു, രക്തസാക്ഷിത്വം വരിച്ചു. യഥാർത്ഥ തീക്ഷ്ണ യുവത്വത്തിന്റെ അടയാളമായിരുന്നു അത്. ഇന്ന്, ഭരണമുതലാളിത്തവും അതിന്റെ സേവകരും യുവത്വത്തിന്റെ സത്തയെ തകർക്കുകയാണ്. അവർ യുവാക്കളോട് തിന്ന്, കുടിച്ച്, ആഘോഷിക്കുവാനും, ചൂതാട്ടകേന്ദ്രങ്ങളിൽ പോകുവാനും, ലഹരിക്ക് അടിമകളാകാനും, സ്ത്രീശരീരങ്ങളെക്കുറിച്ചുള്ള അശ്ലീലചർച്ചകളിൽ ഏർപ്പെടാനുമാണ് പ്രേരിപ്പിക്കുന്നത്. ഇന്റർനെറ്റ് അടക്കമുള്ള മാധ്യമങ്ങളിലൂടെ നീലചിത്രങ്ങളും കാമോദ്ദീപകമായ കാര്യങ്ങളും തടസ്സമില്ലാതെ പ്രചരിപ്പിക്കുന്നതിലൂടെ, കരുതലില്ലാതെ അശ്ലീലതയും ലൈംഗിക അരാജകത്വവുമാണ് അവർ പടർത്തുന്നത്. ആറുമാസം പ്രായമുള്ള പെൺകുഞ്ഞിനോ 100 വയസ്സായ മുത്തശ്ശിക്കോ പോലും ക്രൂരമായി ബലാൽസംഗം ചെയ്യപ്പെടുന്നതിൽ നിന്നും രക്ഷ കിട്ടുന്നില്ലെങ്കിൽ, എത്രത്തോളം കാര്യങ്ങൾ അധഃപതിച്ചിരിക്കുന്നു എന്ന് ചിന്തിക്കുക. മകൾ അച്ഛനു മേൽ ബലാൽസംഗകുറ്റം ചാർത്തുന്നു. വിദ്യാർത്ഥിനി അധ്യാപകനുമേൽ ബലാൽസംഗത്തിനും പീഡനത്തിനും കുറ്റം ചുമത്തുന്നു. എന്തൊരു ഭീകരമായ അവസ്ഥ. സ്വത്തുക്കൾ കൈക്കലാക്കുന്നതിനുവേണ്ടി മാത്രം വയസ്സായ മാതാപിതാക്കളെ വീട്ടിൽനിന്ന് പുറത്താക്കുന്ന, ചിലപ്പോൾ കൊല്ലാൻ കൂടി തയ്യാറാകുന്ന മക്കൾ. കുടുംബജീവിതത്തിൽ പോലും സ്നേഹമില്ല, വാൽസല്യമില്ല, മൃദുലവികാരങ്ങളൊന്നുമില്ല. എന്തൊരു രാജ്യത്താണ് നാം ജീവിക്കുന്നത്! ഇത്തരം പുരോഗതിയെക്കുറിച്ചാണ് ഭരണവർഗവും അതിന്റെ പിണിയാളുകളും പൊങ്ങച്ചം പറയുന്നത്. മൃഗങ്ങളുടെ ലോകത്തു പോലും ബലാൽസംഗമോ കൂട്ടബലാൽസംഗമോ നടക്കാറില്ല. രാജ്യത്തെ യുവത്വത്തെ ജീർണ്ണതയുടെ അഗാധഗർത്തത്തിലേക്ക് തള്ളിയിടുകയാണ് മുതലാളിവർഗം. തന്മൂലം മനുഷ്യസത്തയും മനഃസാക്ഷിയും മനുഷ്യസഹജമായ എല്ലാ ഗുണങ്ങളും നഷ്ടപ്പെടുന്ന അവർ, ഉള്ളിൽനിന്നുതന്നെ ഷണ്ഡരാക്കപ്പെടുന്നു. യുവത്വത്തെ തരംതാഴ്ത്തുകയും അധഃപതിപ്പിക്കുകയും ചെയ്താൽ, അവരുടെ ധാർമിക നട്ടെല്ലു തകർത്താൽ, അവരെ എളുപ്പത്തിൽ വിലയ്ക്കെടുക്കാനും, പണത്തിനുവേണ്ടി എന്തുതരം കുറ്റകൃത്യത്തിലും ഏർപ്പെടുത്താനും സാധിക്കും. അടുത്ത പാർലമെന്റ് തിരഞ്ഞെടുപ്പ് അടുത്തെത്തിയിരിക്കുന്നു. തൊഴിലില്ലാത്ത, സാംസ്കാരികമായി മലിനീകരിക്കപ്പെട്ട ഈ യുവാക്കൾ ബിജെപിയുടെയോ കോൺഗ്രസിന്റെയോ മറ്റേതെങ്കിലും ബൂർഷ്വാ പാർട്ടിയുടെയോ വോളന്റിയർമാരായി ഇറങ്ങിവരുന്നതു നമുക്ക് കാണാം, മദ്യം വാങ്ങാനോ ലഹരി നേടാനോ ആഘോഷിക്കാനോ ഉള്ള പണം നേടുന്നതിനായി. സമൂഹത്തിലെ എന്തെങ്കിലും തെറ്റിനോ അനീതിക്കോ എതിരെ അവർ ശബ്ദമുയർത്തില്ലെന്ന് മാത്രമല്ല, പോരാട്ടത്തിന്റെ പാതയിൽ അവർ അണിചേരുകയുമില്ല. ഈ ലക്ഷ്യം നേടുന്നതിനായി, നേതാജി സുഭാഷ് ചന്ദ്രബോസ്, ഖുദിറാം ബോസ്, ഭഗത് സിങ്, ചന്ദ്രശേഖർ ആസാദ്, അഷ്ഫഖുള്ള ഖാൻ തുടങ്ങിയവരുടെ ജീവിതവും ചിന്തകളും മറച്ചുവയ്ക്കുന്നു. നിരവധി ജനങ്ങൾ വിശേഷിച്ചും ചെറുപ്പക്കാർ, രാജാറാംമോഹൻ റായ്, വിദ്യാസാഗർ, വിവേകാനന്ദൻ, രബീന്ദ്രനാഥ്, ശരത്ചന്ദ്ര, പ്രേംചന്ദ്, ജ്യോതിബാ ഫൂലെ, സുബ്രമണ്യ ഭാരതി, ജ്യോതിപ്രസാദ്, ഗോപബന്ധുദാസ് തുടങ്ങി ഈ രാജ്യം സൃഷ്ടിച്ച പല മഹാന്മാരെയും അറിയണമെന്നില്ല. ഈ മഹാത്മാക്കളെ മറച്ചുവയ്ക്കുന്നതുവഴി മനുഷ്യത്വപരമായ ഗുണങ്ങൾ നഷ്ടപ്പെട്ട്, മനുഷ്യഗുണമില്ലാത്ത ജന്തുക്കളാക്കി അവരെ മാറ്റുവാൻ വേണ്ടി, തങ്ങളുടെ ആയുധങ്ങളെല്ലാം ഭരണവർഗം പുറത്തെടുക്കുകയാണ്. അങ്ങനെ വരുമ്പോൾ, ഭരിക്കുന്ന ചൂഷകമുതലാളിവർഗത്തിന് യാതൊരു അപകടഭീഷണിയുമുണ്ടാകില്ല. ഇതാണ് മുതലാളിത്ത ചൂഷണത്തിന്റെയും ഗൂഢാലോചനയുടെയും സ്വഭാവവും മൂർധന്യവും. ഈ നിർദ്ദയ മുതലാളിത്ത ചൂഷണത്തെയും ഉപജാപത്തെയും കുറിച്ച് ജനങ്ങൾക്ക് ധാരണയും മുന്നറിയിപ്പും കൊടുക്കുവാനും, യഥാർത്ഥ യുവത്വത്തെ പുതിയതായി ഉണർത്തിയെടുക്കാനുമാണ് നമ്മുടെ പാർട്ടി ആഗ്രഹിക്കുന്നത്.

ആലോചിച്ചു നോക്കൂ, വിദ്യാസാഗർ, ജ്യോതിബാ ഫൂലേ, സുഭാഷ് ചന്ദ്രബോസ്, വിവേകാനന്ദൻ, ഭഗത് സിങ്, ദേശബന്ധു ചിത്തരഞ്ജൻ, ലാലാ ലജ്പത് റായ്, സുബ്രമണ്യ ഭാരതി എന്നിവരിലാരെങ്കിലും ഇപ്പോൾ ജീവിച്ചിരുന്നെങ്കിൽ, അവർ ഇന്ന് രാജ്യത്ത് നടമാടുന്നത് കണ്ടിരുന്നുവെങ്കിൽ, അവരെന്താകും ജനങ്ങളോട് പറയുക. ബിജെപിയുടേയോ കോൺഗ്രസിന്റെയോ കീഴിലെ അടിമത്തത്തിൽ ചെന്നു ചേരാനോ, അതല്ലെങ്കിൽ മസ്ജിദ് പൊളിച്ച് അമ്പലം പണിയാനോ ആകുമോ അവർ ആവശ്യപ്പെടുക. മദ്യത്തിന് അടിമയാകാനോ, മ്ലേച്ഛമായ ഉപഭോഗസംസ്ക്കാരത്തിൽ മുങ്ങാനോ, സ്ത്രീകളോട് മോശമായി പെരുമാറാനോ ആണോ അവർ ഉപദേശിക്കുക. അതോ ഈ തിന്മകൾക്കും ജീർണ്ണതയ്ക്കുമെതിരെ പൊരുതാനും, മനുഷ്യത്വത്തിൽ അധിഷ്ഠിതമായി ചുവടുറപ്പിച്ച് നിൽക്കാനും, തെറ്റിനും അന്യായത്തിനുമെതിരായി വാളോങ്ങാനുമാണോ അവർ ആവശ്യപ്പെടുക. മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തകളാൽ നയിക്കപ്പെടുന്ന നമ്മുടെ പാർട്ടി മാത്രമാണ്, ഭരണമുതലാളിവർഗം മറവിയുടെ താഴ്വരയിലേക്ക് തള്ളിയിടുമ്പോളും, ഗതകാലത്തിലെ മഹാന്മാരുടെയും രക്തസാക്ഷികളുടെയും മഹത്തായ ജീവിതത്തെയും സംഭാവനകളെയും ഉയർത്തിപ്പിടിക്കുന്നത്. ആ തീക്ഷ്ണ യുവത്വത്തെ ഉയിർത്തെഴുന്നേൽപ്പിക്കുവാനും മനുഷ്യത്വഗുണങ്ങൾ വളർത്തുന്നതിനും, ഉയർന്ന സംസ്ക്കാരവും മൂല്യബോധവും നൈതികതയും ധാർമികതയും പരിപോഷിപ്പിക്കുന്നതിനുമാണ് നമ്മുടെ പാർട്ടി ശ്രമിക്കുന്നത്.

**കപടമാർക്സിസ്റ്റുകളുടെ അവസരവാദവും ചതിയും**

നമ്മളും തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കും, പക്ഷേ അത് ഇടത് രാഷ്ട്രീയവും വിപ്ലവസിദ്ധാന്തവും ഉപേക്ഷിച്ചുകൊണ്ടല്ല. സിപിഐഎമ്മിനെയോ സിപിഐയെയോ പോലെയല്ല. കോൺഗ്രസിനെ നമ്മൾ മതേതരമായി കാണുന്നില്ല. മതേതരത്വം എന്ന വാക്കിന് കൃത്യമാ

(ശേഷം 7-ാം പേജിൽ)

**ആർഎസ്എസ്സും ബിജെപിയും യഥാർത്ഥത്തിൽ ഹിന്ദുമതത്തിൽ വിശ്വസിക്കുന്നുണ്ടോ? വിവേകാനന്ദൻ പറഞ്ഞു-വിശക്കുന്നവന് ഭക്ഷണം നൽകൂ, പിന്നെ മതത്തെപ്പറ്റി പറയാം. പട്ടിണിക്കാർക്കായി സ്വയംപ്രഖ്യാപിത ഹിന്ദുക്കൾ എന്ത് ചെയ്യുന്നു എന്ന് അദ്ദേഹം ചോദിച്ചു. ജനങ്ങൾ പട്ടിണി കിടക്കുമ്പോൾ ക്ഷേത്രം പണിയുന്നതിനെ അദ്ദേഹം എതിർത്തിരുന്നു.**

# ആശ വർക്കർമാരുടെ അവകാശ പ്രഖ്യാപന കൺവൻഷൻ

**ആ**രോഗ്യപരിപാലനരംഗത്ത് രാപകൽ കഠിനാധ്വാനം ചെയ്യുന്ന ആശ വർക്കർമാർക്ക് തൊഴിലെടുക്കുന്നവർ എന്ന നിലയ്ക്കുള്ള അർഹമായ വേതനവും മറ്റ് അവകാശങ്ങളും നിഷേധിക്കുന്ന ഗവണ്മെന്റിന്റെ ക്രൂരത അവസാനിപ്പിക്കണമെന്ന് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ ഹാളിൽ സംഘടിപ്പിച്ച ആശ വർക്കർമാരുടെ അവകാശ പ്രഖ്യാപന കൺവൻഷൻ ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. സർക്കാർകൂടി കക്ഷിയായ ഇന്ത്യൻ ലേബർ കോൺഫറൻസിന്റെ നിർദ്ദേശങ്ങളായ വോളന്റിയർ എന്നതിനു പകരം തൊഴിലാളി എന്ന നിലയിൽ പരിഗണിക്കുക, ഓണറേറിയം, ഇൻസെന്റീവ് എന്നിവ മാറ്റി മിനിമം വേതനം ഉറപ്പാക്കുക, പി.എഫ്, പെൻഷൻ, ഗ്രാറ്റുവിറ്റി, ആരോഗ്യപരിരക്ഷ എന്നിവ ഏർപ്പെടുത്തുക തുടങ്ങിയവ ഗവണ്മെന്റുകൾ തന്നെ കാറ്റിൽ പ്പറത്തുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

ആശ വർക്കർമാർക്ക് മിനിമം വേതനം പ്രതിമാസം 18,000 രൂപ നൽകുക; ആശ വർക്കർമാരെ അടിമകളായി കാണുന്ന ജൂലൈ 27-ന്റെ സർക്കുലർ പിൻവലിക്കുക; സർക്കാർ സർവ്വീസിലേതിന് തുല്യമായ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുക; ആശ വർക്കർമാരെ ആരോഗ്യവകുപ്പിൽ സ്ഥിരം ജീവനക്കാരായി നിയമിക്കുക തുടങ്ങിയ ഡിമാന്റുകൾ മുൻനിർത്തി പ്രക്ഷോഭപരിപാടികൾ ശക്തിപ്പെടുത്താൻ കൺവൻഷൻ തീരുമാനിച്ചു.

കേന്ദ്ര ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്തിരിക്കുന്ന ജനുവരി 8, 9 തീയതികളിലെ അഖിലേന്ത്യാ പണിമുടക്കവും ജനുവരി 28ന് നടക്കുന്ന ആശ വർക്കർമാരുടെ പാർലമെന്റ് മാർച്ചും വിജയിപ്പിക്കാനും കൺവൻഷൻ തീരുമാനിച്ചു.




**അവകാശ പ്രഖ്യാപന കൺവൻഷൻ വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു**

അസോസിയേഷൻ സംസ്ഥാന സെക്രട്ടറി എസ്.മിനി അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എം.എ.ബിന്ദു മുഖ്യ പ്രസംഗം നടത്തി. വൈസ് പ്രസിഡന്റ് ജി.ആർ.സുഭാഷ്, എ.സബൂറ, എസ്.സുനിതകുമാരി, ജയകുമാരി, ഷീബ നായർ(തിരുവനന്തപുരം), ടിങ്കിൾ പ്രഭാകരൻ, ഷാഹിദ(കൊല്ലം), എൻ.സുഗന്ധി, കെ.ആർ.രജിത(പാലക്കാട്), കെ.ജെ.ഷീല(ആലപ്പുഴ), കെ.എസ്.ചെല്ലമ്മ(കോട്ടയം), കെ.കെ.ശോഭ(എറണാകുളം), പുഷ്പ അഗസ്റ്റിൻ(വയനാട്), ആർ.അപർണ്ണ(കണ്ണൂർ) തുടങ്ങിയവർ പ്രസംഗിച്ചു. ■

# സിപിഐ(എം), സിപിഐ പാർട്ടികളുടെ ഇടതുപക്ഷേതര നിലപാടുകൾ ബിജെപിയുടെ വളർച്ചയ്ക്ക് സഹായകമായി

(6-ാം പേജിൽ നിന്ന്)

യ ഒരു അർത്ഥമുണ്ട്. സൈദ്ധാന്തികമായി, മതേതരത്വമെന്നാൽ ഒരു പ്രകൃത്യാതീതശക്തിയെയും അംഗീകരിക്കാതിരിക്കുകയും, ഭൗതികലോകത്തെമാത്രം വസ്തുനിഷ്ഠ യാഥാർത്ഥ്യമായി സ്വീകരിക്കുകയും ചെയ്യുകയെന്നതാണ്. രാഷ്ട്രീയമായി, സുഭാഷ്ചന്ദ്രയുടെ വാക്കുകളിൽ പറഞ്ഞാൽ, രാഷ്ട്രീയകാര്യങ്ങളിൽ മതത്തിന് യാതൊരു പങ്കുമുണ്ടാകില്ല. സാമ്പത്തിക-രാഷ്ട്രീയ-ശാസ്ത്രീയ യുക്തിയാകും രാഷ്ട്രീയത്തെ ഭരിക്കുക. ഈ മതേതരത്വത്തെയാണ് ഭഗത്സിങ് സ്വീകരിച്ചത്. രബീന്ദ്രനാഥ്-ശരത്ചന്ദ്ര-പ്രേംചന്ദ്-നസ്രുൾ എന്നിവർ ഈ മതേതരത്വത്തെക്കുറിച്ചാണ് പറഞ്ഞത്. എന്നാൽ, കോൺഗ്രസ് അതിന്റെ തുടക്കം തൊട്ടുതന്നെ, മതാധിഷ്ഠിത ദേശീയതയാണ് പ്രചരിപ്പിച്ചത്. ശാസ്ത്രീയവീക്ഷണം അസ്വീകാര്യമായിരുന്ന ഇന്ത്യൻ മുതലാളിത്തത്തിന്റെ താൽപ്പര്യാർത്ഥം, ഗാന്ധിജിയും ഇതാണ് വാദിച്ചത്. ഈ മതാധിഷ്ഠിത ദേശീയതതന്നെ അവസാനം ഹിന്ദുമതാധിഷ്ഠിത ദേശീയതയായി മാറി. പിന്നീട്, ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണാധികാരികൾ പിന്നിൽനിന്ന് ചരടുവലിച്ച്, മുസ്ലീം സമൂഹത്തെ സ്വാതന്ത്ര്യസമരത്തിൽനിന്നും അന്യവൽക്കരിച്ചു. അങ്ങനെ, ഹിന്ദു-മുസ്ലിം വിഭജനം ഉണ്ടാക്കുകയും അവസാനം പാക്കിസ്ഥാൻ രൂപീകരിക്കുകയും ചെയ്തു. അല്ലായിരുന്നുവെങ്കിൽ രാജ്യത്തിന്റെ വിഭജനംപോലെയൊരു ദുരന്തം ഒരിക്കലും ഉണ്ടാകുമായിരുന്നില്ല. അപ്പോൾ കോൺഗ്രസ് ഒരിക്കലും മതേതരമായിരുന്നില്ല. ഇപ്പോഴും അത് അങ്ങനെയല്ല. തെരഞ്ഞെടുപ്പുരംഗത്ത് അവർ ബിജെപിയെ എതിർക്കുന്നു, അതുകൊണ്ട് അവർ മതേതരമാണ് എന്നുപറയുന്നത്, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി കരുതിക്കൂട്ടിയുള്ള തികഞ്ഞ കള്ളമാണ്. കുറച്ചു സീറ്റുകൾ കിട്ടുക എന്ന തെരഞ്ഞെടുപ്പ് താൽപ്പര്യത്തിനായി മാത്രം കോൺഗ്രസിന്റെ വാലായി മാറാൻ ശ്രമിക്കുകയാണ് സിപിഐയും സിപിഐഎമ്മും. അത്തരം അവസരവാദപരമായ രാഷ്ട്രീയം നമ്മൾ പുലർത്താറില്ല. അടിയന്തരാവസ്ഥ അടിച്ചേൽപ്പിച്ചതും, സിവിൽ-ജനാധിപത്യ അവകാശങ്ങൾ റദ്ദുചെയ്തതും, എതിർപ്പിന്റെ ശബ്ദങ്ങളെ അടിച്ചമർത്തിയതും പത്രസ്വാതന്ത്ര്യത്തെ വെട്ടിച്ചുരുക്കിയതും ടാഡ(TADA), മിസ(MISA), എസ്മ(ESMA) പോലെയുള്ള കരിനിയമങ്ങൾ കൊണ്ടുവന്നതുമൊക്കെ കോൺഗ്രസാണ്. തുടർച്ചയായി കലാപങ്ങളും വംശഹത്യകളും ബിജെപി ആസൂത്രണം ചെയ്ത് നടപ്പാക്കി ഭ്രാതൃഹത്യാപരമായ രക്തച്ചൊരിച്ചിൽ സൃഷ്ടിക്കുന്നതുപോലെ, റൂർക്കല (ഒഡീഷ), ഭഗൽപ്പൂർ (ബീഹാർ), നെല്ലി (അസം), ഡൽഹി എന്നിടങ്ങളിലൊക്കെ കോൺഗ്രസും വർഗീയത ആളിക്കത്തിച്ചിട്ടുണ്ട്. ഇതേ കോൺഗ്രസിനെയാണ് സിപിഐയും സിപിഐഎമ്മും മതേതരം, ജനാധിപത്യപരം, എന്നൊക്കെ വിളിക്കുന്നത്. വോട്ടിനുവേണ്ടി മാത്രമുള്ള ഇത്തരം കള്ളത്തരത്തിന് നമ്മൾ തുനിയാറില്ല. സിപിഐയും സിപിഐഎമ്മും മാർക്സിസത്തെക്കുറിച്ച് വാചകമടിക്കുമെങ്കിലും അവർ മാർക്സിസ്റ്റുകളല്ല എന്നതാണ് നമ്മൾ എപ്പോഴും പറയുന്നത്. അവരുടെ മുൻകാല ചരിത്രവും ഇത് ശരിവയ്ക്കുന്നു. സ്വാതന്ത്ര്യസമരകാലത്ത്, ഗാന്ധിജിയെ മുന്നിൽ നിർത്തിക്കൊണ്ട്, അനുരഞ്ജനത്തിന്റെ പാതയിലൂടെ അധികാരം നേടിയെടുക്കാൻ ദേശീയ ബൂർഷ്വാസി ശ്രമിച്ചു. അതുകൊണ്ടുതന്നെ, മതേതര-ശാസ്ത്രീയ ചിന്ത മുൻനിരയിലേക്ക് വരാൻ കോൺഗ്രസ് ഒരിക്കലും അനുവദിച്ചില്ല. വിപ്ലവപോരാട്ടങ്ങളെ എതിർക്കുകയും ചെയ്തു. പകരം അവർ മതചിന്തകളെ പ്രോൽസാഹിപ്പിച്ചു. അഹിംസയെ പിന്തുടരുന്നു എന്ന പേരിൽ, വിപ്ലവമുന്നേറ്റങ്ങളുടെ തരംഗത്തെ തകിടംമറിക്കാനാണ് അവർ ശ്രമിച്ചത്. ഇവിടെ പരാമർശിക്കേണ്ട പ്രസക്തമായ കാര്യം, സ്വാതന്ത്ര്യസമരത്തിൽ സുഭാഷ്ചന്ദ്രബോസ്, ഭഗത്സിങ്, സൂര്യസെൻ, ഖുദിറാം, ചന്ദ്രശേഖർ ആസാദ് തുടങ്ങിയവർ പ്രതിനിധീകരിച്ച അനനുരഞ്ജനധാരയുമുണ്ടായിരുന്നു എന്ന കാര്യമാണ്. ഈ ധാരയുടെ മുഖ്യപോരാളികൾ സായുധപോരാട്ടത്തിലാണ് വിശ്വസിച്ചത്. ബ്രിട്ടീഷ് സാമ്രാജ്യത്വവും ഇന്ത്യൻ ദേശീയ ബൂർഷ്വാസിയും ഈ വിപ്ലവധാരയെ ഭയന്നിരുന്നു. അതുകൊണ്ട്, സുഭാഷ്ചന്ദ്രയെ കോൺഗ്രസ് അധ്യക്ഷസ്ഥാനത്തുനിന്നും രാജിവെപ്പിക്കാനും, സസ്പെൻഷനിലൂടെ അദ്ദേഹത്തെ ഏറെക്കുറേ പുറത്താക്കാനും അവർ ഗൂഢാലോചന നടത്തുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തു. ആ ചരിത്രം പലർക്കും അറിയില്ല. ഇപ്പോൾ എല്ലാവരും സുഭാഷ്ചന്ദ്രയുടെ ആരാധകരായി നടിക്കുകയാണ്. ബിജെപിപോലും അദ്ദേഹത്തെക്കുറിച്ച് സംസാരിക്കുന്നു. നമ്മുടെ സ്വാതന്ത്ര്യസമരത്തെ കുറിച്ച് ആർഎസ്എസ്സിന്റെയും ബിജെപിയുടെയും ആശയാചാര്യനായ



സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

എം.എസ്.ഗോൾവാൾക്കർ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് നിങ്ങൾക്കറിയാമോ? ബ്രിട്ടീഷുകാർക്കെതിരെയും, പ്രദേശാധിഷ്ഠിതമായ ദേശീയതയേയും കുറിച്ച് പറയുന്നവർ പിന്തിരിപ്പന്മാരാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഈ സിദ്ധാന്തത്തെ പിന്തുണക്കുകയാണെങ്കിൽ, സുഭാഷ്ചന്ദ്രയിൽ തുടങ്ങി, ദേശബന്ധു, ലാലാലജ്പത് റായ്, ഭഗത്സിങ് എന്നിങ്ങനെ ഗാന്ധിജിയെയും നെഹ്റുവിനെയും വരെ ദേശസ്നേഹികളായല്ല, പിന്തിരപ്പന്മാരായാണ് കാണേണ്ടിവരിക. ഇതൊക്കെയായിരുന്നു ഗോൾവാൾക്കറുടെ വീക്ഷണങ്ങൾ. അദ്ദേഹം ഒരു ഹിന്ദുരാഷ്ട്രത്തിനായി, ഹിന്ദുഭാരതത്തിനായാണ് നിലകൊണ്ടത്. ഇപ്പോൾ ആർഎസ്എസ് മേധാവി മോഹൻ ഭാഗവത് പറയുന്നത്, ഗോൾവാൾക്കറുടെ ഈ നിരീക്ഷണങ്ങളുള്ള ഭാഗം, അതുൾപ്പെടുത്തിയിരുന്ന പുസ്തകത്തിൽ നിന്നും അവർ നീക്കം ചെയ്തു എന്നാണ്. എന്തുകൊണ്ടാണ് ആർഎസ്എസ് മേധാവി അങ്ങനെ പറയുന്നത്? അത്തരം സംജ്ഞകൾ കാരണം ഇപ്പോൾ അവർ ബുദ്ധിമുട്ടുകൾ നേരിടുന്നു. പക്ഷേ ഇപ്പോൾ അതുകൊണ്ടൊക്കെ എന്തു കാര്യം? സ്വാതന്ത്ര്യസമരകാലത്ത് ഇതായിരുന്നു ആർഎസ്എസ്സിന്റെ നിലപാട്. ചരിത്രമെങ്ങനെ തുടച്ചുനീക്കാൻ സാധിക്കും? സ്വാതന്ത്ര്യസമരത്തിൽ ആർഎസ്എസ് എപ്പോളെങ്കിലും പങ്കാളിയായിരുന്നോ? ഇല്ല, ഒരിക്കലുമില്ല. സ്വാതന്ത്ര്യസമരത്തെ എതിർക്കുകയല്ലാതെ മറ്റൊരു പങ്കും ആർഎസ്എസ്സിനുണ്ടായിരുന്നില്ല. ഫാസിസ്റ്റ് ഹിറ്റ്ലറെ ആർഎസ്എസ് ആരാധിക്കുകകൂടി ചെയ്തിരുന്നു. ഇതാണ് അവരുടെ ചരിത്രം.

ആ സമയത്ത്, മഹാനായ സ്റ്റാലിൻ അവിഭജിത സിപിഐയുടെ നേതാക്കളോട്, അനുരഞ്ജനത്തിന്റെയും പരിഷ്ക്കരണത്തിന്റെയും പ്രതിനിധികളായ വൻകിട ദേശീയ ബൂർഷ്വാസിക്കുപകരം വിപ്ലവകാരികളെ പിന്തുണക്കാൻ ഉപദേശിച്ചിരുന്നു. പക്ഷേ, സിപിഎമ്മിന്റെ നേതാക്കൾ കൂടി ഉൾപ്പെട്ടിരുന്ന അന്നത്തെ അവിഭജിത സിപിഐ, സ്റ്റാലിന്റെ ഉപദേശം ചെവിക്കൊണ്ടില്ല. സിപിഐ നേതാക്കൾ പകരം സുഭാഷ്ചന്ദ്രയെ എതിർക്കുകയും ഗാന്ധിജിയെ പിന്തുണയ്ക്കുകയും ചെയ്തു. ഇതാണ് വസ്തുത. സ്പഷ്ടമായ മാർക്സിസ്റ്റ്-വിരുദ്ധ സമീപനവും പ്രവൃത്തിയുമാണ് പലപ്പോഴും സിപിഐയും സിപിഐഎമ്മും സ്വീകരിച്ചത്. ആ വിശദമായ ചർച്ചയിലേക്ക് ഞാൻ ഇന്ന് കടക്കുന്നില്ല. ഒരു കാര്യം മാത്രം ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കാം, 1942 നും വളരെ മുമ്പേതന്നെ അവിഭജിത സിപിഐ സ്വാതന്ത്ര്യസമരത്തെ എതിർത്തിരുന്നു. നേതാജി സുഭാഷ്ചന്ദ്രബോസിന്റെ ഇന്ത്യൻ നാഷണൽ ആർമി ജപ്പാൻ സാമ്രാജ്യത്വത്തിന്റെ ശിങ്കിടിയാണെന്നായിരുന്നു അവരുടെ പക്ഷം. അവിഭജിത സിപിഐ മറ്റൊരു വിചിത്രസിദ്ധാന്തവും മുന്നോട്ടുവെച്ചിരുന്നു. ഹിന്ദുക്കളും മുസ്ലിങ്ങളും രണ്ട് വ്യത്യസ്ത ദേശീയതകളാണ്. അതുവഴി ഹിന്ദുമഹാസഭക്കും ആർഎസ്എസ്സിനും മുസ്ലിം ലീഗിനും ഒപ്പം സിപിഐയും രാജ്യത്തിന്റെ വിഭജനത്തെ പിന്തുണച്ചിരുന്നു.

> **ഇന്ന് മുതലാളിത്തം വിദ്യാഭ്യാസത്തിനും വിജ്ഞാനസമ്പാദനത്തിനുമുള്ള അവസരങ്ങൾ വെട്ടിച്ചുരുക്കുന്നു. മതവിദ്യാഭ്യാസത്തിലേക്കും ആത്മീയതയിലേക്കും സിലബസിനെ തിരിച്ചുവെക്കുന്നു. റാംമോഹൻ റായിയും വിദ്യാസാഗറും പറഞ്ഞത് വേദങ്ങളും വേദാന്തവും സംസ്കൃത ഭാഷയുമല്ല, ശാസ്ത്രവും യുക്തിയും ശാസ്ത്രീയചിന്തയുമാണ് പാഠ്യപദ്ധതിയിൽ വേണ്ടതെന്നാണ്.**

### ഇടതു-ജനാധിപത്യ മുന്നേറ്റത്തിന് സിപിഐഎമ്മും സിപിഐയും കൊടിയ ദ്രോഹമാണ് വരുത്തിയത്

ഇടതു-ജനാധിപത്യ മുന്നേറ്റത്തിന്റെ സിരാകേന്ദ്രമായിരുന്നു ഒരിക്കൽ പശ്ചിമബംഗാൾ. അവിഭജിത ബംഗാളും, വിഭജനത്തിനുശേഷം പശ്ചിമബംഗാളും സുഭാഷ്ചന്ദ്രയുടെയും മറ്റ് വിപ്ലവകാരികളുടെയും പൈതൃകം മുന്നോട്ടുകൊണ്ടുപോയി. കോൺഗ്രസിന് ഇവിടെ വാസ്തവത്തിൽ യാതൊരു സ്വാധീനവുമില്ലായിരുന്നു. തങ്ങളുടെ 34 വർഷത്തെ തുടർച്ചയായ ഭരണകാലത്ത്, ചൂഷകമുതലാളിത്തത്തിന്റെ താൽപ്പര്യസംരക്ഷണാർത്ഥം, സിപിഐ(എം) ജനങ്ങളെ വളരെയധികം അടിച്ചമർത്തുകയും പീഡിപ്പിക്കുകയും ചെയ്തു. തന്മൂലം അതേ പശ്ചിമബംഗാളിൽ സിപിഐഎമ്മിനെതിരെയുള്ള വികാരത്തിന്റെ ഫലമായി ഇന്ന് ഇടത് രാഷ്ട്രീയത്തോടുതന്നെ ജനങ്ങൾ വിദ്വേഷം വെച്ചുപുലർത്തുന്നു. അങ്ങനെ മാർക്സിസത്തിനും ഇടതുരാഷ്ട്രീയത്തിനും കടുത്ത ദ്രോഹമാണ് സിപിഐ (എം) ചെയ്തു കൂട്ടിയത്. അത്ര നിന്ദ്യമായ പങ്കായിരുന്നു അവരുടേത്. സിപിഐഎമ്മും സിപിഐയും സമരത്തിന്റെ പാത എന്നേ ഉപേക്ഷിച്ചിരിക്കുന്നു. ഇന്ന് അവരുടെ ഒരേയൊരു ലക്ഷ്യം തെരഞ്ഞെടുപ്പ് താൽപ്പര്യങ്ങളെ പിന്തുടരുകയെന്നതായിരിക്കുന്നു. തെരഞ്ഞെടുപ്പ് നേട്ടത്തിനായിമാത്രം 1977ൽ സിപിഐ(എം), അന്ന് ആർഎസ്എസ് കൂടി ഉൾപ്പെട്ട ജനതാ പാർട്ടിയുമായി ഐക്യമുണ്ടാക്കുകയുണ്ടായി. വോട്ടിനു വേണ്ടി മാത്രം, ജ്യോതിബസുവും അടൽ ബിഹാരി വാജ്പേയ്യും ചേർന്ന് 1980കളിൽ കൊൽക്കത്ത മൈതാനിയിൽ സമ്മേളനം നടത്തുകയുണ്ടായി. ഇപ്പോൾ അതേ സിപിഐ(എം) തന്നെ, തെരഞ്ഞെടുപ്പ് നേട്ടത്തിനായി കോൺഗ്രസിനൊപ്പം കൈകോർക്കുന്നു. ഇടതുപക്ഷരാഷ്ട്രീയത്തിന്റെ പേരിൽ നമ്മൾ ഇത്തരം അവസാരവാദരാഷ്ട്രീയം വച്ചുപുലർത്താറില്ല. ഇതേക്കുറിച്ചെല്ലാം ചിന്തിക്കുവാൻ സിപിഐഎമ്മിന്റെയും സിപിഐയുടെയും ആത്മാർത്ഥതയുള്ള, ഇടതു മനസ്സുള്ള പ്രവർത്തകരോടും അനുഭാവികളോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

സാമ്പത്തികതാൽപ്പര്യങ്ങൾക്കുമേലുള്ള ഭിന്നതകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ വമ്പൻ മുതലാളിത്തത്തിന്റെ ചേരി വിഭജിതമാണ്. പാർലമെന്ററി രാഷ്ട്രീയത്തിൽ ഒരു വിഭാഗം ബിജെപിയെയും മറുഭാഗം കോൺഗ്രസിനെയും പിന്തുണക്കുന്നു. കൂടാതെ, ദേശീയ-പ്രാദേശിക മൂലധനങ്ങൾ തമ്മിലുള്ള വൈരുദ്ധ്യത്തിന് മൂർച്ച കൂടുകയും, തദ്ഫലമായി പ്രാദേശികകക്ഷികളുടെ ശബ്ദം ശക്തമാവുകയും ചെയ്തിട്ടുണ്ട്. സിപിഐ-സിപിഐ(എം) നേതൃത്വങ്ങൾക്ക് വർഗസമരത്തോടും ബഹുജനമുന്നേറ്റങ്ങളോടും ഏറ്റവും ചുരുങ്ങിയ അനുഭാവമെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ മുതലാളിത്തചേരിയിലെ ഈ വിഭജനത്തെ അവർ ഉപയോഗപ്പെടുത്തിയേനെ. പകരം അവർ കോൺഗ്രസിനും മറ്റ് മുതലാളിത്ത കക്ഷികൾക്കും പിന്നാലെചെന്ന് അവരെയും കർഷകറാലികളിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കുകയാണ്. കോൺഗ്രസ് ഭരണത്തിനുകീ

(ശേഷം 8-ാം പേജിൽ)

# മുതലാളിത്ത പ്രതിസന്ധിയുടെ ഭാരം താങ്ങേണ്ടിവരുന്നത് അദ്ധ്വാനിക്കുന്ന ജനങ്ങൾ



സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

(7-ാം പേജിൽ നിന്ന്)

ഴിൽ കർഷക ആത്മഹത്യകൾ ഉണ്ടായിട്ടേയില്ല, കോൺഗ്രസ് സർക്കാരുകൾ കർഷകർക്കുമേൽ നിറയൊഴിച്ചിട്ടേയില്ല എന്നുതോന്നും ഇതുകണ്ടാൽ. അവരുടെ കൂട്ടുകക്ഷിയായ സിപിഐ (എംഎൽ) ലിബറേഷൻ, അവരുടെ പാട്ന യോഗത്തിൽ, അഴിമതിക്കുറ്റത്തിന് തടവുശിക്ഷ അനുഭവിക്കുന്ന ലാലുപ്രസാദിന്റെ മകനെയും ക്ഷണിക്കുകയും, അദ്ദേഹം യോഗത്തെ അഭിസംബോധന ചെയ്യുകയും ചെയ്തു. ഇത്തരത്തിലുള്ള അവസരവാദ രാഷ്ട്രീയം രണ്ടോ മൂന്നോ എംഎൽഎ, എംപി സ്ഥാനങ്ങൾ നേടാൻ സഹായിച്ചേക്കാം. പക്ഷേ, ഇപ്പോൾതന്നെ മുടന്തുന്ന ഇടതുമുന്നേറ്റത്തെ അത് കൂടുതൽ ദുർബലമാക്കും. ഇത്തരം അവസരവാദരാഷ്ട്രീയം നമ്മുടെ പാർട്ടി അനുവർത്തിക്കാറില്ല.

**കോൺഗ്രസിന്റെയും ബിജെപിയുടെയും ഭരണം അടിച്ചമർത്തപ്പെടുന്ന ജനങ്ങളുടെ അവസാനതുള്ളി ചോരയുമൂറ്റി, ലാഭം കുന്നുകൂട്ടുന്ന വൻവ്യവസായികളുടെയും വാണിജ്യഭീമന്മാരുടെയും പുഷ്ടിപ്പെടലാണ് ഉറപ്പാക്കിയത്. ഇങ്ങനെയുള്ള ഒരു സ്വാതന്ത്ര്യത്തിന് വേണ്ടിയാണോ ഭഗത്സിങ് ജീവൻ ത്യജിച്ചത്? നേതാജി സുഭാഷ് ചന്ദ്രബോസ് പൊരുതിയത്?**

### ലോകസാമ്രാജ്യത്വ- മുതലാളിത്തത്തിന്റെ അപരിഹാര്യമായ പ്രതിസന്ധി

ലോകസാമ്രാജ്യത്വ-മുതലാളിത്തം കടുത്ത, അപരിഹാര്യ പ്രതിസന്ധിയിൽ മുങ്ങിയിരിക്കുകയാണ്. അടിച്ചമർത്തപ്പെടുന്ന, തകർന്ന ജനങ്ങൾക്ക് യാതൊരു ക്രയശേഷിയുമില്ല. അതുകൊണ്ട് മുതലാളിത്തകമ്പോളം തുടർച്ചയായി ചുരുങ്ങുകയാണ്. ലോകസാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ ചാലകശക്തിയായി അറിയപ്പെടുന്ന യുഎസ്എ പസഫിക്കിൽ മുങ്ങിത്താഴുകയാണ്. യുഎസ് ആയിരുന്നു ഒരിക്കൽ ആഗോളവൽക്കരണത്തിനായി വാദിച്ചത്. ഇപ്പോൾ അവർ പറയുന്നു ആഗോളവൽക്കരണത്തെ തള്ളിക്കളയണമെന്ന്. പകരം, അമേരിക്കൻ നേതാക്കൾ ഇന്ന് അമേരിക്ക ഫസ്റ്റ് (ആദ്യം അമേരിക്ക) എന്നതിനെക്കുറിച്ചാണ് പറയുന്നത്. അതായത്, അമേരിക്കയുടെ താൽപ്പര്യങ്ങൾക്ക് മറ്റെല്ലാത്തിലുമുപരി പ്രാധാന്യം നൽകുക. തൊഴിലില്ലായ്മ രൂക്ഷമാണ് ഇന്ന് അമേരിക്കയിൽ, എന്നതാണ് കാരണം. അമേരിക്കയിലെ യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നില്ല. വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ മുന്നേറ്റം രാജ്യത്തെ പിടിച്ചുകുലുക്കിയിട്ട് അധികം കാലം ആയിട്ടില്ല. ഇപ്പോൾ പ്രതിവിപ്ലവത്തിലൂടെ സോഷ്യലിസത്തെമാറ്റി മുതലാളിത്തം തിരിച്ചുകൊണ്ടുവന്ന സാമ്രാജ്യത്വ ചൈനയും, കരുത്തരായ സാമ്രാജ്യത്വ മത്സരാർത്ഥിയായി വന്നിരിക്കുകയാണ്. ചൈനയോടൊപ്പം, സാമ്രാജ്യത്വ റഷ്യ, സാമ്രാജ്യത്വ ജപ്പാൻ, യൂറോപ്യൻ സാമ്രാജ്യത്വശക്തികളുടെ ഐക്യനിര എന്നിവരും യുഎസ് മേധാവിത്വത്തിന് വെല്ലുവിളി ഉയർത്തുന്നു. അമേരിക്ക, യൂറോപ്പ്, ചൈന, ജപ്പാൻ, റഷ്യ എല്ലാം തന്നെ മുതലാളിത്തവ്യവസ്ഥിതിയുടെ മാറാവ്യാധിയായ, അപരിഹാര്യമായ പ്രതിസന്ധിയിൽ മുങ്ങിയിരിക്കുന്നു. അതുകൊണ്ടുതന്നെ പരസ്പരം കമ്പോളം പിടിച്ചെടുക്കാൻ അവർ ശ്രമിക്കുകയാണ്.

എല്ലാവരുംതന്നെ മറ്റുള്ളവരുടെ കമ്പോളങ്ങളിലേക്ക് കടന്നുകയറാൻ ശ്രമിക്കുകയാണെങ്കിലും, അവരെല്ലാം തന്നെ തങ്ങളുടെ ആഭ്യന്തരവിപണികളിൽ മറ്റുള്ളവർക്ക് പ്രവേശനം തടയുകയാണ്. വിപണി അടിസ്ഥാനമാക്കി വൻതോതിൽ സംഘർഷം ആരംഭിച്ചിരിക്കുകയാണ്. അവരെല്ലാംതന്നെ തങ്ങളുടെ സൈനികശക്തി വർധിപ്പിക്കുകയാണ്. കമ്പോളം പിടിച്ചെടുക്കുന്നത് സംബന്ധിച്ച് സാമ്രാജ്യത്വശക്തികൾക്കിടയിലെ വൈരുദ്ധ്യമാണ് ഒന്നാമത്തെയും രണ്ടാമത്തെയും ലോകയുദ്ധങ്ങളെ സൃഷ്ടിച്ചത്. സാമ്രാജ്യത്വശക്തികൾക്കിടയിലെ ഇപ്പോഴത്തെ ഈ വ്യാപാരയുദ്ധം എങ്ങോട്ടാണ് നയിക്കുക എന്നത് ആശങ്കയുണർത്തുന്ന കാര്യമാണ്. മറ്റൊരു കാര്യവും കണക്കിലെടുക്കേണ്ടതുണ്ട്. വ്യവസായവിപ്ലവത്തിന്റെ നാളുകളിൽ, ദേശീയ കമ്പോളങ്ങൾ വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ, ദേശീയതാൽപ്പര്യമെന്ന മുദ്രാവാക്യമുയർത്തിയായിരുന്നു മുതലാളിത്തം മുന്നോട്ടുനീങ്ങിയത്. ഇപ്പോൾ, അതേ മുതലാളിത്തംതന്നെ കുത്തകവൽക്കരണത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും ഘട്ടത്തിലെത്തി, ബഹുരാഷ്ട്ര സ്ഥാപനങ്ങൾക്ക് ജന്മം നൽകിയിരിക്കുന്നു. ദേശീയതാൽപ്പര്യം ഉപേക്ഷിച്ച്, ബഹുരാഷ്ട്രസ്ഥാപനങ്ങൾ, തുച്ഛമായ തൊഴിൽശക്തിയും അസംസ്കൃതവസ്തുക്കളും ചൂഷണം ചെയ്ത് ലാഭം വർധിപ്പിക്കാൻ സാധിക്കുന്ന ഏതുരാജ്യത്തും മൂലധനം നിക്ഷേപിക്കുവാനായി ഓടിക്കൊണ്ടിരിക്കുന്നു. കൂടാതെ, വിദേശത്ത് കുറഞ്ഞ ചിലവിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സ്വന്തം ആഭ്യന്തരകമ്പോളത്തിൽ വിറ്റഴിച്ച് അവർ ലാഭമുണ്ടാക്കുന്നു. അപ്പോൾ, ലോകത്തെവിടെയും ഉത്പാദനകേന്ദ്രങ്ങൾ സ്ഥാപിച്ച് ലാഭം വർധിപ്പിക്കാൻ ശ്രമിക്കുന്ന ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെയും യുഎസ് സാമ്രാജ്യത്വരാഷ്ട്രത്തിന്റെയും താൽപ്പര്യങ്ങൾ തമ്മിൽ വൈരുദ്ധ്യം ഉടലെടുത്തിരിക്കുന്നു. അതുമൂലം, യുഎസ് സാമ്രാജ്യത്വ രാഷ്ട്രം ആഗോളവൽക്കരണത്തെ എതിർക്കുമ്പോൾ, യുഎസ് ബഹുരാഷ്ട്ര സ്ഥാപനങ്ങൾ അതിനെ പിന്തുണക്കുകയാണ്. മറ്റ് സാമ്രാജ്യത്വ മുതലാളിത്ത രാജ്യങ്ങളുടെ അവസ്ഥയും സമാനമാണ്. ഇന്ത്യൻ സാമ്രാജ്യത്വ രാഷ്ട്രത്തിലെ ബഹുരാഷ്ട്രസ്ഥാപനങ്ങളും കോർപ്പറേറ്റുകളും, ഇന്ത്യക്കുപുറമേ വിദേശത്ത് മൂലധനം മുടക്കുന്നുണ്ട്. ഇന്നത്തെ മുതലാളിത്തം ജനങ്ങളെയോ രാജ്യത്തെയോ ദേശത്തെയോ കണക്കിലെടുക്കുന്നില്ല. എവിടെയാണോ ലാഭം വർധിപ്പിക്കാൻ സാധിക്കുക, അവർ അവിടേക്കു പോകുന്നു. അതേസമയം തന്നെ, തങ്ങളുടെ താൽപ്പര്യങ്ങൾക്കായി തങ്ങളുടെ സ്വന്തം രാജ്യത്തെ ഉപയോഗിക്കുകയും ചെയ്യുന്നു. ലോക മുതലാളിത്ത സാമ്രാജ്യത്വ ലോകമൊന്നാകെ സാമ്പത്തികപ്രതിസന്ധിയെ നേരിടുകയാണ്. ഇന്ത്യയും അതിൽ നിന്നും ഭിന്നമല്ല. അപ്പോൾ മുതലാളിത്തം അധികാരത്തിൽ തുടരുന്നിടത്തോളം കാലം ഈ മാന്ദ്യത്തിന്റെ വലയത്തിൽ നിന്നും രക്ഷയുണ്ടാകില്ല. കാരണം, മുതലാളിത്ത കമ്പോള സാമ്പത്തികഘടന, അതിന്റെ തന്നെ നിയമമനുസരിച്ച് ക്രമേണ ചുരുങ്ങുകയും കമ്പോളത്തെത്തന്നെ നശിപ്പിക്കുകയും ചെയ്യുന്നു. ഇത് മുതലാളിത്തത്തിൽ ഒഴിവാക്കാനാകാത്തതാണ്. അതിന്റെ ഫലമായി ദശലക്ഷങ്ങളുടെ ജീവിതത്തിൽ തൊഴിലില്ലായ്മയും തൊഴിൽനഷ്ടവും ദുരിതം വിതയ്ക്കുകയാണ്. ജനങ്ങൾ പാപ്പരാക്കപ്പെടുന്നു, തകരുന്നു, നശിക്കുന്നു. അവർക്ക് ക്രയശേഷി ഉണ്ടാകുന്നില്ല. അപ്പോൾ മുതലാളിത്തം പരമാവധി ലാഭത്തിനുപിന്നാലെ പായുമ്പോൾ മാന്ദ്യം വർധിക്കുകയേ ഉള്ളൂ. അപ്പോൾ, തൊഴിലെടുക്കുന്ന ജനങ്ങൾക്കുമേൽ അങ്ങേയറ്റത്തെ, അനിയന്ത്രിതമായ അടിച്ചമർത്തൽ അവർക്ക് ആവശ്യമായി വരും.

### സോഷ്യലിസം സ്ഥാപിക്കുന്നതിലൂടെ മാത്രമേ വിമോചനം സാദ്ധ്യമാകൂ

മുതലാളിത്തത്തെ കടപുഴക്കി സോഷ്യലിസം സ്ഥാപിക്കുക മാത്രമേ പോംവഴിയുള്ളൂ. 1917ലെ മഹത്തായ റഷ്യൻ വിപ്ലവം ആ പാതയാണ് കാണിച്ചുതന്നത്. സോവിയറ്റ് സോഷ്യലിസം 70 വർഷക്കാലം നിലനിന്നു. സോവിയറ്റ് യൂണിയനിൽ തൊഴിലില്ലായ്മയോ പിരിച്ചുവിടലോ ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസവും ആരോഗ്യ പരിപാലനവും സൗജന്യമായിരുന്നു. നിസ്സാര വാടകയ്ക്ക് വീടുകൾ ലഭ്യമായിരുന്നു. തൊഴിലാളികൾക്കും കർഷകർക്കും മാത്രമേ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയുമായിരുന്നുള്ളൂ. വളരെ കുറഞ്ഞൊരു കാലയളവിൽ സമസ്ത മേഖലകളിലും പ്രകടമായ വളർച്ചയും വികാസവും സോവിയറ്റ് യൂണിയൻ നേടിയെടുത്തു. മാർക്സിസവും സോഷ്യലിസവും ജനങ്ങൾക്ക് എന്താണ് നൽകുകയെന്ന് അത് കാണിച്ചുതന്നു. അതുകൊണ്ടാണ് റൊമെയ്ൻ റോളണ്ട്, ബർണാഡ്ഷാ, ഐൻസ്റ്റീൻ, രവീന്ദ്രനാഥ്, ശരത്ചന്ദ്ര, പ്രേംചന്ദ്, നസ്രുൾ, സുബ്രഹ്മണ്യ ഭാരതി, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ ഉജ്ജ്വല വ്യക്തിത്വങ്ങളൊക്കെ സോവിയറ്റ് സോഷ്യലിസത്തെ മുക്തകണ്ഠം പ്രശംസിച്ചത്. അവരെല്ലാം ഈ പുതിയ സോവിയറ്റ് നാഗരികതയെ പിന്തുണച്ചു. ഭഗത്സിംഗാകട്ടെ താൻ കമ്മ്യൂണിസ്റ്റാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഉള്ളിൽനിന്നുള്ള തിരുത്തൽവാദ ഗൂഢാലോചനയും പരാജയപ്പെട്ട മുതലാളിത്തത്തിന്റെ കരുനീക്കങ്ങളും, അതിന് പുറമേനിന്ന് മുതലാളിത്ത-സാമ്രാജ്യത്വം നൽകിയ പിന്തുണയും ഒത്താശയും മൂലമാണ് സോവിയറ്റ് വ്യവസ്ഥ തകർന്നുപോയത്. മതം ആവിർഭവിച്ചത് അടിമത്ത സമൂഹത്തിലാണെന്ന് നമുക്കറിയാം. അന്ന് അടിച്ചമർത്തപ്പെട്ട അടിമകളോടൊപ്പം നിലകൊണ്ട മതം പുരോഗമനപരമായ പങ്കാണ് നിർവ്വഹിച്ചത്. ദൈവ നിയോഗവുമായി വന്നവരാണ് എന്നാണ് എല്ലാ മതങ്ങളും അവകാശപ്പെടുന്നത്. എന്നിട്ടും ഹിന്ദു, ബുദ്ധ, ക്രിസ്തു, ഇസ്ലാം മതങ്ങൾക്കൊക്കെ തുടക്കത്തിൽ പല പരാജയങ്ങളും ഏറ്റുവാങ്ങേണ്ടിവന്നു. തുടർന്നും ജയപരാജയങ്ങളിലൂടെയാണ് അവയൊക്കെ കടന്നുപോയത്. നവോത്ഥാനകാലം മുതൽ പാർലമെന്ററി വ്യവസ്ഥ സ്ഥാപിതമാകുന്നതുവരെയുള്ള കാലഘട്ടം പരിഗണിച്ചാൽ ബൂർഷ്വാ ജനാധിപത്യത്തിന് 350 വർഷത്തെ ചരിത്രമാണുള്ളത്. ബൂർഷ്വാ ജനാധിപത്യത്തിനും വിജയങ്ങളും തിരിച്ചടികളും ഉണ്ടായിട്ടുണ്ട്. സോഷ്യലിസത്തിന്റെ കാര്യമെടുത്താൽ ഓർത്തിരിക്കേണ്ട കാര്യം അടിമത്തകാലത്തും തുടർന്ന് ജന്മിത്തത്തിലും അതിനുശേഷം മുതലാളിത്ത ഘട്ടത്തിലുമായി ആയിരക്കണക്കിന് വർഷങ്ങൾ നിലനിന്ന വർഗചൂഷണത്തിന് അറുതിവരുത്താൻ വേണ്ടിയാണ് അത് പൊരുതിയത് എന്ന വസ്തുതയാണ്. ഈ ഭാരിച്ച കർത്തവ്യം മുൻനിർത്തി നോക്കിയാൽ, സോഷ്യലിസം നിലനിന്ന 70 വർഷം തീരെച്ചെറിയൊരു കാലയളവ് മാത്രമായിരുന്നു എന്ന് കാണാം. എന്നാൽ, വിമോചനം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ സോഷ്യലിസത്തിനുമാത്രമേ കഴിയൂ എന്ന ഉറച്ച ബോദ്ധ്യം നമുക്കുണ്ട്.

ഫ്രഞ്ചുവിപ്ലവകാലത്ത് ബൂർഷ്വാസി ഉയർത്തിപ്പിടിച്ച 'സ്വാതന്ത്ര്യം-സമത്വം-സാഹോദര്യം' എന്ന മുദ്രാവാക്യം ഇന്ന് ബൂർഷ്വാസിതന്നെ ചവുട്ടി മെതിക്കുകയാണ്. പാർലമെന്ററി ജനാധിപത്യത്തിന്റെ മുഖംമൂടി അണിഞ്ഞുകൊണ്ട് അത് ഫാസിസ്റ്റ് സ്വേച്ഛാധിപത്യമായി പരിണമിച്ചിരിക്കുന്നു. മുതലാളിത്തമിന്ന് നാഗരികതയുടെതന്നെ കൊടിയ ശത്രുവായി മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ, തൊഴിലാളി – മുതലാളി ഉല്പാദന ബന്ധം, മുതലാളിത്ത ഭരണകൂടം, തൊഴിലാളികളെ പരമാവധി ചൂഷണം ചെയ്ത് ലാഭം പരമാവധി വർദ്ധിപ്പിക്കുന്ന രീതി, തെരഞ്ഞെടുപ്പിലൂടെ ഗവണ്മെന്റുകൾ മാറുന്ന സമ്പ്രദായം എന്നിവയൊക്കെ നിലനിൽക്കുവോളം സാധാരണ ജനങ്ങളുടെ ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും ഒരു ശമനവുമുണ്ടാകില്ല. മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവം മാത്രമാണ് പരിഹാരം.

### ബൂർഷ്വാ തെരഞ്ഞെടുപ്പുകൾ വൻതട്ടിപ്പ്

തെരഞ്ഞെടുപ്പ് ഫലങ്ങൾ ജനേച്ഛയെ പ്രതിഫലിപ്പിക്കുന്നുണ്ടോ? ഇത് "ജനങ്ങളാൽ, ജനങ്ങൾക്കുവേണ്ടിയുള്ള, ജനങ്ങളുടെ ഭരണ"മാണോ? കോടിക്കണക്കിന് രൂപയാണ് തെരഞ്ഞെടുപ്പുകൾക്കുവേണ്ടി ധൂർത്തടിക്കുന്നത്. ആരാണീ പണം നൽകുന്നത്? മുതലാളിമാരും വൻകിട ബിസിനസുകാരുമല്ലാതെ മറ്റാരുമല്ല. ബിജെപിയും കോൺഗ്രസ്സും അവരുടെ ദാസന്മാരാണ്. അധികാരത്തിലെത്തിയാൽ ഇവർ ഈ മുതലാളിമാരുടെ ഭൃത്യന്മാരെപ്പോലെ, അവരുടെ ആജ്ഞാനുസ

(ശേഷം 9-ാം പേജിൽ)

# വോട്ട് രാഷ്ട്രീയമല്ല സോഷ്യലിസം സ്ഥാപിക്കാനുള്ള വിപ്ലവ മുന്നേറ്റമാണ് പ്രശ്നപരിഹാരത്തിന്റെ ഏകമാർഗ്ഗം



സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

(8-ാം പേജിൽ നിന്ന്)

രണം പ്രവർത്തിക്കുന്നു. ഈ രണ്ട് പാർട്ടികളും വൻതുകകളാണ് ചെലവഴിക്കുന്നത്. അവർ, മൊബൈൽ ഫോൺ, ലാപ്ടോപ്പ്, ടി.വി, സൈക്കിൾ തുടങ്ങിയവയൊക്കെ ജനങ്ങൾക്ക് സമ്മാനിക്കുന്നു. വോട്ട് കിട്ടാൻ ചന്ദ്രനെ പിടിച്ചുകൊടുക്കാമെന്നുപോലും അവർ പറയും. ഇവരുടെയൊക്കെ ഭരണംവഴി യാതൊരു ഗുണവുമുണ്ടാകില്ല എന്ന് മനസ്സിലാക്കുന്ന സാധാരണ ജനങ്ങൾ തെരഞ്ഞെടുപ്പ് വേളയിൽ കിട്ടുന്നതൊക്കെ മേടിച്ചെടുക്കാൻ ശ്രമിക്കുന്നു. എന്നാൽ ഇവർ വച്ചുനീട്ടുന്ന ഈ നക്കാപ്പിച്ചകളൊന്നും സമ്മാനങ്ങളല്ല, കൈക്കൂലി മാത്രമാണ്. ആരാണിതിനൊക്കെ പണം മുടക്കുന്നത്? മുതലാളിമാർതന്നെ. നൽകുന്നതിന്റെ എത്രയോ ഇരട്ടി വിലക്കയറ്റത്തിലൂടെയും നികുതി വർദ്ധനവിലൂടെയുമൊക്കെ കവർന്നെടുക്കുകയാണ് അവർ ചെയ്യുന്നത്. ഇതാണ് പതിയിരിക്കുന്ന അപകടം. തെരഞ്ഞെടുപ്പുകൾ ജനങ്ങളെ തീർത്തും വഞ്ചിക്കുകയാണ്. ഇതിന്റെ പൊള്ളത്തരം വെളിവാക്കാനും ഒരു അടിസ്ഥാന പ്രശ്നവും തെരഞ്ഞെടുപ്പിലൂടെ പരിഹരിക്കപ്പെടില്ല എന്ന് ബോദ്ധ്യപ്പെടുത്താനുമാണ് നമ്മൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. ജനങ്ങൾ വിപ്ലവത്തിന് സജ്ജമാകുന്നതുവരെ വ്യതിരിക്തമായ നമ്മുടെ അടിസ്ഥാന രാഷ്ട്രീയ ലൈൻ ഉയർത്തിപ്പിടിച്ചുകൊണ്ട് നമുക്ക് തെരഞ്ഞെടുപ്പുകളിൽ മത്സരിക്കേണ്ടിവരും. മഹാനായ ലെനിന്റെ പാഠമാണിത്. ഒരു വിപ്ലവ പാർട്ടി എന്നനിലയിൽ നമ്മുടെ എല്ലാ ശക്തിയും സമാഹരിച്ചുകൊണ്ട് നീറുന്ന ജീവിത പ്രശ്നങ്ങളിന്മേൽ വർഗ-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാൻ ശ്രമിക്കുന്നതോടൊപ്പം ആ സമരത്തിന്റെ ഭാഗമായിത്തന്നെ തെരഞ്ഞെടുപ്പ് പോരാട്ടത്തിലും നമുക്ക് ഏർപ്പെടേണ്ടതായുണ്ട്. സിപിഐ(എം), സിപിഐ പാർട്ടികളാകട്ടെ അവസരവാദപരമായ തെരഞ്ഞെടുപ്പ് രാഷ്ട്രീയം മുൻനിർത്തി ദേശീയ-പ്രാദേശിക ബൂർഷ്വാ പാർട്ടികളുമായും ജാതി പാർട്ടികളുമായുമൊക്കെ കൈകോർത്തുകൊണ്ട് ജനങ്ങളെ വഞ്ചിക്കുകയാണ്. എന്നാൽ നമ്മുടെ പാർട്ടി പ്രത്യയശാസ്ത്രത്തിന്റെയും നിയതമായ തത്വങ്ങളുടെയും അടിസ്ഥാനത്തിൽ ഇടതു-ജനാധിപത്യ പാർട്ടികളുടെയും ശക്തികളുടെയും ഐക്യം ഊട്ടിയുറപ്പിച്ചുകൊണ്ട് വർഗ-ബഹുജന പ്രക്ഷോഭങ്ങൾ വികസിപ്പിച്ചെടുക്കാനാണ് ശ്രമിക്കുന്നത്. നമ്മളൊരിക്കലും അവസരവാദപരമായ നിലപാടുകളുമായി ജനങ്ങളെ വഞ്ചിക്കില്ല.

**ജനങ്ങൾ രാഷ്ട്രീയ പ്രബുദ്ധത നേടണം ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയണം**

ഒരു കാര്യം ആത്മാർത്ഥമായി പറയട്ടെ. സ്വാതന്ത്ര്യ സമരകാലത്ത് സാധാരണക്കാരും ഇടത്തരക്കാരുമായ അനേകം പേർ ജീവൻ ബലിയർപ്പിച്ചു. പക്ഷേ അധികാരം മുതലാളിവർഗ്ഗം കരസ്ഥമാക്കി. എന്തുകൊണ്ടിങ്ങനെ സംഭവിച്ചു? ജനങ്ങൾ രാഷ്ട്രീയം മനസ്സിലാക്കാൻ കാര്യമായ ശ്രമം നടത്തിയില്ല എന്നതുതന്നെ പ്രധാന കാരണം. സന്ധിമനോഭാവക്കാരായ നേതാക്കളാകട്ടെ ജനങ്ങളെ അജ്ഞതയിലും അന്ധതയിലും തളച്ചിടാനാണ് ശ്രമിച്ചത്. രാഷ്ട്രീയത്തിന്റെ സങ്കീർണതകളും ഗതിവിഗതികളുമൊന്നും മനസ്സിലാക്കാൻ കഴിവില്ലാത്തതുകൊണ്ട് നേതാക്കൾ കാര്യങ്ങളൊക്കെ തീരുമാനിക്കട്ടെ എന്ന് ജനങ്ങളും കരുതി. സന്ധിമനോഭാവക്കാരായ നേതൃത്വം ഇത് മുതലെടുത്തു. ഗാന്ധിജിയുടെ ലൈനും സുഭാഷ് ചന്ദ്രബോസിന്റെ ലൈനും തമ്മിലുള്ള വ്യത്യാസമൊന്നും അന്ന് ജനങ്ങൾക്കറിയില്ലായിരുന്നു. സുഭാഷ് ചന്ദ്രബോസിനെ കോൺഗ്രസ്സ് പ്രസിഡന്റ് സ്ഥാനത്തുനിന്നും തുടർന്ന് പാർട്ടിയിൽനിന്നും പുറത്താക്കിയതെന്തിനെന്നൊന്നും അവർക്ക് മനസ്സിലായില്ല. ജനങ്ങൾ ഇനിയും അറിവില്ലാത്തവരായി തുടർന്നാൽ, ബൂർഷ്വാ മാദ്ധ്യമങ്ങളുടെ പ്രചാരണത്തിന്റെയും പാർട്ടിക്കാർ നൽകുന്ന പണത്തിന്റെയും സൗജന്യങ്ങളുടെയുമൊക്കെ അടിസ്ഥാനത്തിൽ വോട്ടു ചെയ്യാൻ അവർ തീരുമാനിച്ചാൽ, ഇനിയുമവർ വഞ്ചിക്കപ്പെടുകതന്നെ ചെയ്യും. 'ലങ്കയിലേയ്ക്ക് പോകുന്നവരൊക്കെ രാവണന്മാരാകുന്നു' എന്നൊരു ചൊല്ലുണ്ട്. ഇത് ശരിയല്ല. രാമായണത്തിൽ രാമനും ലക്ഷ്മണനും സീതയും ഹനുമാനുമൊക്കെ ലങ്കയിൽ പോയതായി പറയുന്നുണ്ട്. അവരാരും രാവണന്മാരായില്ല. എന്നുമാത്രമല്ല, സന്യാസിവേഷത്തിൽ വന്ന രാവണനെ തിരിച്ചറിയാൻ സീതയ്ക്ക് കഴിഞ്ഞിരുന്നെങ്കിൽ വലിയൊരു ദുരന്തം ഒഴിവാക്കാൻ കഴിയുമായിരുന്നു എന്നതാണ് രാമായണം നൽകുന്ന പാഠം. ലക്ഷ്മണ രേഖ ലംഘിച്ചതുകൊണ്ടാണ് സീതയ്ക്ക് ദുരനുഭവമുണ്ടായത്. ഇന്ന് വോട്ട് വിലയ്ക്കുവാങ്ങാനായി വിമാനത്തിലും ഹെലികോപ്റ്ററുകളിലുമൊക്കെ ഗ്രാമങ്ങളിലേയ്ക്കും പട്ടണങ്ങളിലേയ്ക്കുമൊക്കെ കൂപ്പുകയ്യുകളുമായി നേതാക്കളെത്തുന്നു. അവർക്ക് ഒരവസരം നൽകാൻ കെഞ്ചുന്നു. ജനസേവകരായി അവർ ഭാവിക്കുന്നു. എന്നാൽ, പണച്ചാക്കുകളുടെ പിന്തുണയുള്ള ഇവർ അധികാരത്തിലെത്തിയാൽ തനിനിറം കാണിക്കും. ദയവായി ഇവരുടെ കപട വാഗ്ദാനങ്ങളിലും വഞ്ചനയിലും കുടുങ്ങാതിരിക്കുക.

സാധാരണ ജനങ്ങൾ രാഷ്ട്രീയം മനസ്സിലാക്കണം. ശത്രുക്കളെയും മിത്രങ്ങളെയും തിരിച്ചറിയാൻ അവർക്ക് കഴിയണം. അടിച്ചമർത്തുന്നവർക്കുവേണ്ടിയും അടിച്ചമർത്തപ്പെടുന്നവരോടൊപ്പവും നിലകൊള്ളുന്ന പാർട്ടികളെ തിരിച്ചറിയാനുള്ള രാഷ്ട്രീയ പ്രബുദ്ധത നേടണം. ജനങ്ങൾ പട്ടിണികൊണ്ട് മരിക്കുന്നു, തൊഴിലില്ലായ്മ മൂലം വലയുന്നു. കുടുംബ ബന്ധങ്ങൾ തകരുകയാണ്. പ്രായമായ അച്ഛനമ്മമാരെ മക്കൾ തെരുവിൽ തള്ളുകയാണ്. സ്ത്രീധനത്തിനുവേണ്ടി ഭാര്യയെ കൊല്ലുന്നു, ആയിരക്കണക്കിന് പെൺകുട്ടികൾ ബലാൽസംഗം ചെയ്യപ്പെടുന്നു, പെൺവാണിഭവും പെരുകുന്നു. ഇതെല്ലാം നിർബാധം തുടരണമോ? അതോ ഈ ദുരിതങ്ങൾക്കും തിന്മകൾക്കും വഞ്ചനയ്ക്കും കുറ്റകൃത്യങ്ങൾക്കുമൊക്കെ അറുതിയുണ്ടാകണമോ? മുതലാളിത്ത-വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ മാത്രമേ ഇതിനൊക്കെ പരിഹാരമുണ്ടാക്കാൻ കഴിയൂ. മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ അടിസ്ഥാനത്തിലുള്ള ആ വിപ്ലവത്തിന്റെ കൊടിക്കൂറയാണ് നമ്മുടെ പാർട്ടി ഉയർത്തിപ്പിടിക്കുന്നത്. ജനങ്ങൾ സംഘടിതരും രാഷ്ട്രീയ പ്രബുദ്ധരും ശരിയായ വിപ്ലവ നേതൃത്വം സ്വീകരിക്കുന്നവരുമാകണം. മാദ്ധ്യമ പ്രചാരണങ്ങളിൽ കുടുങ്ങരുത്. ഈ സമ്മേളനത്തിന്റെ വലിയ വാർത്തയൊന്നും മാദ്ധ്യമങ്ങളിൽ കാണില്ല. ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്ന സമ്മേളനങ്ങൾ നമ്മൾ സംഘടിപ്പിക്കുന്നുണ്ട്. എന്നാൽ, കുത്തകകൾ നിയന്ത്രിക്കുന്ന മാദ്ധ്യമങ്ങൾ അവയൊന്നും റിപ്പോർട്ട് ചെയ്യുന്നില്ല. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) മാത്രമാണ് ഭരണവർഗ്ഗത്തിന്റെ ശത്രുവെന്ന് അവർക്കറിയാം. എന്നാൽ മാദ്ധ്യമ പിന്തുണയില്ലാതെതന്നെ നമ്മൾ വളരുന്നു. 25 സംസ്ഥാനങ്ങളിൽ നിന്നുള്ള സമരഭടന്മാർ ഇവിടെ അണിനിരന്നിട്ടുണ്ട്. നമുക്ക് എംഎൽഎയും എംപിയും മാദ്ധ്യമ പിന്തുണയും ഇല്ല. എല്ലാ പ്രതികൂലാവസ്ഥകളെയും തരണം ചെയ്തുകൊണ്ടാണ് നമ്മുടെ സഖാക്കൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഉന്നതമായ വിപ്ലവ ദർശനത്തിന്റെ, ശിബ്ദാസ് ഘോഷ് ചിന്തയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ പ്രചോദിപ്പിച്ച് സമരങ്ങളിൽ അണിനിരത്തുന്നത്. വരുംനാളുകളിൽ കൂടുതൽ ശക്തവും തീവ്രവുമായ സമരങ്ങൾക്ക് നേതൃത്വം നൽകാൻ പാകത്തിൽ ഈ പാർട്ടിയെ ശക്തിപ്പെടുത്തുകയും ദൃഢീകരിക്കുകയും ചെയ്യുക.

മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ പതാകയുമായി മുന്നേറുന്ന ഖുദിറാം, സൂര്യസെൻ, ചന്ദ്രശേഖർ ആസാദ്, ഭഗത് സിംഗ്, അസഫാഖുള്ള ഖാൻ, പ്രീതിലത എന്നിവരെപ്പോലുള്ള, ആയിരക്കണക്കിന് ഉജ്ജ്വല വ്യക്തിത്വങ്ങളെ നമുക്കിന്നാവശ്യമുണ്ട്. ഈ ലക്ഷ്യത്തോടെയാണ്, മർദ്ദിത ജനതയെ, വിശേഷിച്ച് വിദ്യാർത്ഥികളെയും യുവാക്കളെയും ഈ യുഗത്തിന്റെ മഹോന്നത ദർശനമായ മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്തയാൽ സ്വാധീനിക്കാനും, തൊഴിലാളികളെയും കർഷകരെയും വിദ്യാർത്ഥികളെയും യുവാക്കളെയും വനിതകളെയുമൊക്കെ ന്യായമായ ജീവിത പ്രശ്നങ്ങളെ മുൻനിർത്തി സംഘടിപ്പിച്ചുകൊണ്ട് വർഗ-ബഹുജന പ്രക്ഷോഭങ്ങൾ വികസിപ്പിച്ചെടുക്കാനും നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ സമരങ്ങളിൽ മറ്റ് ഇടതുപക്ഷ പാർട്ടികളെയും അവരുടെ പ്രവർത്തകരെയും പങ്കെടുപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളും നമ്മൾ നടത്തുന്നുണ്ട്. നമ്മുടെ പാർട്ടിയെ ശക്തിപ്പെടുത്തുക, പാർട്ടിയുടെ നേതൃത്വത്തിൻകീഴിൽ അണിനിരക്കുക, ഭാവിയിൽ കൂടുതൽ ശക്തമായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകാൻ അതിലൂടെ സാധിക്കും. അക്ഷീണമായ ഈ പോരാട്ടത്തിന്റെ ഭാഗമായിട്ടായിരിക്കും നമ്മൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുക. തെരഞ്ഞെടുപ്പിനുശേഷവും ഈ പോരാട്ടം തുടരുകയുംചെയ്യും. ഈ വാക്കുകളോടെ ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

**തൊഴിലാളി - മുതലാളി ഉല്പാദന ബന്ധം, മുതലാളിത്ത ഭരണകൂടം, തൊഴിലാളികളെ പരമാവധി ചൂഷണംചെയ്ത് ലാഭം പരമാവധി വർദ്ധിപ്പിക്കുന്ന രീതി, തെരഞ്ഞെടുപ്പിലൂടെ ഗവണ്മെന്റുകൾ മാറുന്ന സമ്പ്രദായം എന്നിവയൊക്കെ നിലനിൽക്കുവോളം സാധാരണ ജനങ്ങളുടെ ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും ഒരു ശമനവുമുണ്ടാകില്ല.**

**എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) നീണാൾ വാഴട്ടെ!**

**വിപ്ലവം നീണാൾ വാഴട്ടെ!**

**മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകൾ നീണാൾ വാഴട്ടെ!**

**തൊഴിലാളിവർഗ്ഗ സാർവ്വദേശീയത നീണാൾ വാഴട്ടെ!**

**നമ്മുടെ നേതാവും ഗുരുനാഥനും മാർഗദർശിയുമായ സഖാവ് ശിബ്ദാസ് ഘോഷിന് ലാൽസലാം!** ■



**വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ഐഎൻപിഎയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ഡിസംബർ 28ന് നടന്ന കളക്ടറേറ്റ് മാർച്ച് സംസ്ഥാന രക്ഷാധികാരി മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു**

# അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ്: ഒരു വിശകലനം

**അടുത്തയിടെ നടന്ന അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ്, പതിവിൽനിന്നും വ്യത്യസ്തമായൊരു ഫലമാണുണ്ടാക്കിയിരിക്കുന്നത്. ദേശീയതലത്തിലിപ്പോൾ പ്രതിപക്ഷത്തുള്ള പ്രധാനപ്പെട്ട ബൂർഷ്വാപ്രസ്ഥാനമായ കോൺഗ്രസ്, ഛത്തീസ്ഘട്ടിൽ വൻ ഭൂരിപക്ഷത്തോടെയും മധ്യപ്രദേശിലും രാജസ്ഥാനിലും ഏറ്റവും വലിയ ഒറ്റകക്ഷിയായും ഉയർന്നുവന്നിരിക്കുകയാണ്. ഇവിടെയെല്ലാം ബിജെപി അധികാരത്തിൽനിന്ന് പുറത്തായി.**



രാജസ്ഥാനിൽ കോൺഗ്രസ് സഖ്യം ഒരൽപ്പം ബുദ്ധിമുട്ടിയാണെങ്കിലും മുന്നിലെത്തിയിട്ടുണ്ട്. മധ്യപ്രദേശിൽ അവർ ബിജെപിയെക്കാൾ വ്യക്തമായ മാർജിനിൽ മുന്നിലെത്തി. തെലുങ്കാനയിൽ പ്രാദേശിക ബൂർഷ്വാ പാർട്ടിയായ തെലുങ്കാന രാഷ്ട്രസമിതി കോൺഗ്രസിനെ പിന്നിലാക്കിക്കൊണ്ട് അധികാരം നിലനിർത്തിയപ്പോൾ മിസോറാമിൽ മിസോ നാഷണൽ ഫ്രണ്ട് എന്ന പ്രാദേശിക പാർട്ടി കോൺഗ്രസിൽനിന്നും അധികാരം പിടിച്ചെടുത്തു. സൂക്ഷ്മാംശത്തിലുള്ള വിവരങ്ങൾ ഇവിടെ ശ്രദ്ധേയമായ ചില വസ്തുതകൾ വ്യക്തമാക്കുന്നുണ്ട്. അതിൽ പ്രധാനം ഈ അഞ്ച് സംസ്ഥാനങ്ങളും ബിജെപിയെ കൈവെടിഞ്ഞിരിക്കുന്നുവെന്നതാണ്. ഛത്തീസ്ഘട്ടിൽ 15 വർഷം നീണ്ടുനിന്ന ബിജെപി വാഴ്ചയ്ക്കാണ് തിരശ്ശീല വീണിരിക്കുന്നത്. രാജസ്ഥാനിൽ സഖ്യകക്ഷികളുടെയും ഇതര പാർട്ടികളുടെയും പിന്തുണയോടെയാണ് കോൺഗ്രസ് ഭരണം പിടിച്ചത്. മധ്യപ്രദേശിലാകട്ടെ ബിജെപിക്ക് നഷ്ടമായതിന് തുല്യമായ സീറ്റുകൾ കോൺഗ്രസ് നേടിയിട്ടുണ്ട്. കോൺഗ്രസിന്റെ വിന്ധ്യ പ്രദേശത്തെ ഏതാനും സീറ്റുകൾ ബിജെപിക്ക് ലഭിച്ചുവെങ്കിൽ പോലും കസേര പിടിക്കാൻ കോൺഗ്രസിനായി. തെലുങ്കാനയിലും മിസോറാമിലും ഓരോ സീറ്റുകൊണ്ട് ബിജെപിക്ക് തൃപ്തിപ്പെടേണ്ടിവന്നു.

ഈ ഫലങ്ങൾ വിലയിരുത്തുമ്പോൾ, ഏതൊരു സാഹചര്യത്തിലാണ് ഈ തെരഞ്ഞെടുപ്പ് നടന്നതെന്ന് പ്രാഥമികമായി പരിശോധിക്കേണ്ടതായുണ്ട്. ഒറ്റവാക്കിൽ പറഞ്ഞാൽ, മാധ്യമങ്ങളിലും സാമൂഹിക-രാഷ്ട്രീയ രംഗത്തും പ്രകടമായ ബിജെപി-ആർഎസ്എസ് വിരുദ്ധ വികാരം ആഞ്ഞടിച്ച സമയത്താണ് ജനങ്ങൾ പോളിംഗ് ബൂത്തിലെത്തിയത്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാചാടോപങ്ങൾ സൃഷ്ടിച്ച മാന്ത്രികവലയത്തിൽനിന്നും ജനങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നുവെന്ന് തോന്നിക്കുന്ന സാഹചര്യമാണ്. നാലരവർഷത്തെ കേന്ദ്ര ഭരണവും വിവിധ സംസ്ഥാനങ്ങളിലെ വ്യത്യസ്ത കാലങ്ങളിലെ ബിജെപി ഭരണവുമെല്ലാമിതിന് കാരണമായി.

2014ൽ തന്റെ പാർട്ടി ലോക്സഭ തെരഞ്ഞെടുപ്പ് വിജയിച്ച അവസരത്തിൽ ആഘോഷപൂർവ്വം പാർലമെന്റ് കവാടത്തിൽ സാഷ്ടാംഗം വണങ്ങി പ്രവേശിക്കവെ, ജനാധിപത്യത്തിന്റെ പരിശുദ്ധമായ കോട്ടയെന്നാണ് നരേന്ദ്രമോദി പാർലമെന്റിനെ നാടകീയമായി വിശേഷിപ്പിച്ചത്. തെരഞ്ഞെടുപ്പിനുമുമ്പും അതിനുശേഷമുള്ള തൊട്ടടുത്ത് നാളുകളിലും ജനങ്ങൾക്ക് വാഗ്ദാനപ്പെരുമഴ നൽകുന്ന നാടകത്തിൽ മുഴുകിയിരുന്നു അദ്ദേഹം. ജനങ്ങൾക്ക് 'അച്ഛേ ദിൻ' അഥവാ നല്ല നാളുകൾ നല്കുമെന്ന് അദ്ദേഹം പ്രതിജ്ഞ ചെയ്തു. ഓരോ ദരിദ്ര ഭാരതീയന്റെയും ബാങ്ക് അക്കൗണ്ടിൽ വൻതുകകൾ എത്തുമെന്ന മോഹനസ്വപ്നം നൽകി. പ്രതിസന്ധിഗ്രസ്തമായ വ്യവസായങ്ങളെ ഉണർത്താനെന്ന നിലയിൽ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതി പൊങ്ങച്ചത്തോടെ പ്രഖ്യാപിച്ചു. അതിലൂടെത്തന്നെ തൊഴിൽ രഹിതരുടെ വൻപടയ്ക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുമെന്ന ദിവാസ്വപ്നവും നൽകി. ഇനിയുമെത്ര വാഗ്ദാനങ്ങൾ! എന്നാൽ ദിവസങ്ങൾ പിന്നീട് പ്രസിഡന്റ് അമിത് ഷാ ഉൾപ്പെടെയുള്ള എല്ലാ ബിജെപി നേതാക്കൻമാരും ഇപ്പറഞ്ഞതെല്ലാം വെറും തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ മാത്രമായിരുന്നുവെന്ന് തുറന്ന് സമ്മതിച്ചു. വാനോളം കുതിച്ചുയർന്ന വിലക്കയറ്റം ജീവിതം കൂടുതൽ ദുരിതങ്ങളിലേക്കെടുത്തെറിയുന്നതനുസരിച്ച് 'അച്ഛേ ദിൻ' വായുവിലലിഞ്ഞില്ലാതാകുന്നത് ജനങ്ങൾ അറിഞ്ഞു. അതേ സമയം കോർപ്പറേറ്റുകളുടെയും കുത്തകകളുടെയും ലാഭക്കൂനയിലേക്ക് കൂടുതൽ സമ്പത്ത് ചേർക്കപ്പെട്ടു.

കള്ളപ്പണത്തിനും തീവ്രവാദത്തിനുമെതിരെ വിശുദ്ധ യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് ഒരു അർദ്ധരാത്രിയിൽ നാടകീയമായി അവതരിപ്പിക്കപ്പെട്ട നോട്ടുനിരോധനം ഒരൊറ്റ ലക്ഷ്യം പോലും നേടിയില്ല. അതേസമയം സാധാരണക്കാരന്റെയും മധ്യവർഗ്ഗത്തിൽപ്പെട്ടവരുടെയും മാത്രമല്ല, താരതമ്യേന ചെറുതല്ലാത്ത ബിസിനസ്സുകാരുടെവരെ അക്കൗണ്ടുകൾ വരണ്ടുപോകുന്ന സാഹചര്യമുണ്ടാക്കി. 'ഒറ്റ രാഷ്ട്രം, ഒരു നികുതി' എന്ന മുദ്രാവാക്യവുമായി വന്ന ജിഎസ്ടിയാകട്ടെ, വിവിധതലങ്ങളിലെ വിവിധതരം നികുതിയായി മാറുകവഴി ബിസിനസ് രംഗത്തെ ദുരിതങ്ങൾ വർദ്ധിപ്പിക്കുന്ന ഇന്ധനമായി പരിണമിച്ചു. മാത്രമല്ല വൻ വിലവർധനവും നൂലാമാലകളും ജനങ്ങൾക്ക് നേരിടേണ്ടതായും വന്നു. പ്രതിസന്ധിഗ്രസ്തമായ വിപണി വീണ്ടും കൂടുതൽ രൂക്ഷമായ പ്രതിസന്ധികളിലേക്ക് നിപതിച്ചു. തൊഴിലാളികളും തൊഴിലുള്ളവരും ഇല്ലാത്തവരുമായ യുവാക്കളുമുൾപ്പെടെ ഏവരും ഈ ദുർഘടസന്ധിയിൽ നിന്നുള്ള രക്ഷാമാർഗ്ഗങ്ങൾ പരതിത്തുടങ്ങി. സാമ്പത്തിക വിപണിയിലെ ഈ പ്രതിസന്ധി കർഷകരെയും നിലയില്ലാക്കയങ്ങളിലേക്കെടുത്തെറിഞ്ഞു. തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മുടക്കുമുതലിന്റെ ഒരംശംപോലും വില ലഭിക്കാതെ കർഷകർ വായ്പാക്കെണിയിലകപ്പെടുകയും പതിനായിരങ്ങളായി ആത്മഹത്യയിലഭയം തേടുകയുമാണ്.

ആകമാനം നോക്കിയാൽ ബിജെപി ഭരണത്തിൻകീഴിൽ ജനങ്ങളുടെ സാമ്പത്തിക സ്ഥിതി ഒട്ടാകെ തകർന്നുചിതറിപ്പോയിരിക്കുന്നു. അതേ സമയം, ധനികരെ സംബന്ധിച്ചിടത്തോളം അന്താരാഷ്ട്ര തലത്തിൽ നേതൃസ്ഥാനങ്ങളിലേക്ക് ഉയരാൻ കഴിഞ്ഞ സ്വർഗ്ഗസമാനമായ ഘട്ടമാണിത്. പരിശുദ്ധമായ ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം, സംഘപരിവാർ ശക്തികളുടെ അഴിഞ്ഞാട്ടത്തിലൂടെ നടൊട്ടുക്ക് വർഗ്ഗീയഭ്രാന്തും ഭയവും പടർത്താനായ ഘട്ടവുമാണിത്. പശുവിന്റെ പേരിലുള്ള നരനായാട്ട്, ന്യൂനപക്ഷ സമുദായങ്ങൾക്കും ദളിതുകൾക്കും നേരെയുള്ള ആക്രമണവും ആൾക്കൂട്ടകൊലപാതകവും, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ദയാരഹിതമായ ആക്രമണങ്ങൾ, ബുദ്ധിജീവികളുടെ അരുംകൊല, ദേശീയതയുടെയും തീവ്രവാദവിരുദ്ധതയുടെയും വികസനത്തിന്റെയും പേരുപറഞ്ഞ് എല്ലാ എതിരഭിപ്രായങ്ങളെയും അടിച്ചമർത്തുന്നത്, എല്ലാ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ എന്തിന് നിയമസംവിധാനങ്ങളെപോലും തകർത്തുകൊണ്ട് അവിടെയെല്ലാം ബിജെപി-ആർഎസ്എസ് പ്രവർത്തകരെയോ അനുഭാവികളെയോ കുത്തിനിറയ്ക്കൽ, അവശേഷിക്കുന്ന ശാസ്ത്രീയ-മതേതര ധാരണകളെ പോലും തകർത്തുകൊണ്ട് വിദ്യാഭ്യാസത്തിന്റെ കാവിവത്ക്കരണം, അന്ധവിശ്വാസങ്ങളുടെ വ്യാപനം, ചരിത്രത്തിന്റെ എന്തിന് ചരിത്രപാഠപുസ്തകങ്ങളുടെപോലും വളച്ചൊടിക്കൽ തുടങ്ങി ജനമനസ്സുകളിൽ അന്ധതയും വർഗ്ഗീയവിഷവുംപടർത്തി മനുഷ്യത്വരഹിതമാക്കി തീർക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഇക്കാലയളവിൽ നിർബാധം നടക്കുന്നു. ഛിന്നഭിന്നവും അരക്ഷിതവുമായ സാമ്പത്തിക-സാമൂഹിക പശ്ചാത്തലത്തിൽ ജനങ്ങൾ ജീവിതത്തിനായി ഊർധ്വശ്വാസം വലിക്കുമ്പോഴും അധികാരികൾ സാമൂഹ്യ-രാഷ്ട്രീയരംഗങ്ങളിലെ ഇത്തരം ഇടപെടലുകളിലൂടെ രാഷ്ട്രത്തെയൊന്നാകെ തങ്ങളുടെ വരുതിയിൽ നിർത്താനുള്ള പരിശ്രമത്തിലാണ്.

സ്വാഭാവികമായും ഇന്നുവരെ, മോദി-ഷാ ദ്വയങ്ങളുടെ മാദ്ധ്യമ ഹൈപ്പിൽ ഭ്രമിച്ചിരുന്ന ജനങ്ങൾ, പ്രതിഷേധത്തിന്റെയും പ്രക്ഷോഭത്തിന്റെയും പാതയിലേക്ക് നടന്നടുക്കുവാൻ ആരംഭിച്ചു. കർഷകർ പുനരാവർത്തിതലകുനിക്കാൻ തയ്യാറായില്ല. പ്രതിഷേധിക്കുന്ന കർഷകരെ വധിക്കുകവരെയുണ്ടായിട്ടും, അവർ പതിനായിരങ്ങളായി തെരുവിലണിനിരന്നു. തൊഴിലാളികൾ, വിദ്യാർത്ഥികൾ, യുവാക്കൾ എന്നിങ്ങനെ ജീവിതത്തിന്റെ സമസ്തതുറകളിലുമുള്ള ജനങ്ങൾ ആവരുടെ വികാരങ്ങൾ പ്രകടിപ്പിക്കാനുള്ള എല്ലാ ഉപാധികളും തേടി. വിദ്യാഭ്യാസത്തിന്റെ കാവിവത്ക്കരണത്തിനെതിരെയും എല്ലാവരെയും ജയിപ്പിച്ച് സ്കൂൾ വിദ്യാഭ്യാസത്തെ തകർക്കുന്നതിനെതിരെയും വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്കാരിക സ്ഥാപനങ്ങളുടെ സ്വയംഭരണം തകർക്കുന്നതിനെതിരെയുമെല്ലാം പൊതുഅഭിപ്രായം രൂപപ്പെട്ടു. ഭീമമായ വിലക്കയറ്റത്തിനും തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളുടെ നാണംകെട്ട തിരസ്കരണത്തിനുമെതിരെയും, മൻകിബാത്തിലൂടെ തങ്ങളുടെ നേട്ടങ്ങളെക്കുറിച്ച് വാചാലനാകുന്ന പ്രധാനമന്ത്രി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും നേരെയുണ്ടാകുന്ന അതിദാരുണവും ഗൗരവതരവുമായ അതിക്രമങ്ങളുടെ അവസരത്തിൽ നിശബ്ദനാകുന്നതിനെതിരെയും ജനങ്ങൾ ശബ്ദമുയർത്തി. നോട്ടുനിരോധനവും ജിഎസ്ടിയും സമാനമായ നയങ്ങളും സൃഷ്ടിച്ച കെടുതികളെ സംബന്ധിച്ചും ജനങ്ങൾ സംസാരിക്കുവാൻ തുടങ്ങി. ഇതിന്റെയിടയിലാണ് ഈ അസംബ്ലി തെരഞ്ഞെടുപ്പുകൾ നടന്നത്. സമീപകാലത്തായി നമ്മുടെ നാട്ടിൽ നടന്ന എല്ലാ തെരഞ്ഞെടുപ്പുകളുംപോലെ ഇക്കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പുകളും ഒരു പ്രഹസനമായിരുന്നു. ജനങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് യാതൊരു പരിചിന്തനങ്ങളും ഈ തെരഞ്ഞെടുപ്പിലുമുണ്ടായില്ല, ഗൗരവതരമായ ഒരു രാഷ്ട്രീയചർച്ചയും നടന്നതുമില്ല.

പകരം കുത്തകകളാൽ നിയന്ത്രിതമായ മാധ്യമങ്ങൾ, ഇതര ഭരണസംവിധാനങ്ങളോടൊപ്പം ചേർന്നുകൊണ്ട്, ഭരണകക്ഷിയായ ബിജെപി-ആർഎസ്എസ് പ്രസ്ഥാനങ്ങൾക്കെതിരായി ഉയരുന്ന ജനവികാരത്തെ വഴിതെറ്റിക്കാനുള്ള വിവാദമായതിനെ മാറ്റിത്തീർത്തു. ജനങ്ങളുടെ ഈ ഭരണവിരുദ്ധ വികാരം ആത്യന്തികമായി മുതലാളിത്ത ചൂഷണക്രമത്തെ ചോദ്യം ചെയ്യുന്നിടത്തോളം വളരുമോയെന്നവർ ഭയപ്പെട്ടിരുന്നു. അതിനാലവർ കർഷകർക്കുവേണ്ടി മുതലക്കണ്ണീരൊഴുക്കി. അതിനെക്കാൾ പ്രധാനമായി അവിടങ്ങളിൽ പണം നിർബാധമായൊഴുക്കി. അതോടൊപ്പം പരസ്പരം ചെളിവാരിയെറിയുകയും വിദ്വേഷപ്രചരണങ്ങൾ അഴിച്ചു വിടുകയും ചെയ്തു. പ്രത്യേകിച്ചും ബിജെപിയും കോൺഗ്രസ്സും തരംതാഴ്ന്ന വ്യക്തിഹത്യ നടത്തുന്നതിലും കിടമത്സരം തന്നെ കാഴ്ചവെച്ചു. ജനവിരുദ്ധവും കുത്തകാനുകൂലവുമായ നയങ്ങൾ മൂലം ജനങ്ങൾ തിരസ്കരിക്കുകയും അധികാരത്തിൽനിന്നും പുറത്താകുകയും ചെയ്ത പ്രസ്ഥാനമാണ് കോൺഗ്രസ്. ബിജെപി അധികാരത്തിലേറാൻ കാരണമായത് കോൺഗ്രസിന്റെ ജനവിരുദ്ധ നടപടികളാണ്. എന്നാലിപ്പോൾ അതേ കോൺഗ്രസ് ജനങ്ങളുടെയിടയിൽ വർദ്ധിച്ചുവരുന്ന ബിജെപി-ആർഎസ്എസ് വിരുദ്ധ വികാരം മണത്തറിഞ്ഞ് അവസരം മുതലാക്കുവാൻ ചാടിവീണിരിക്കയാണ്. ഭരണവർഗ്ഗത്തിനും, കുത്തകകൾക്കും ഇത് മനസ്സിലായിട്ടുണ്ട്. പണവും

(ശേഷം 11-ാം പേജിൽ)

(10-ാം പേജിൽ നിന്ന്)

മാധ്യമങ്ങളും മറ്റ് സഹായങ്ങളുമായി കോൺഗ്രസിനെ ഉയർത്തിക്കൊണ്ടുവരുവാൻ അവർ സജ്ജരായി അണിനിരന്നുതുടങ്ങി. ഇതിന്റെ ഫലമാണ് മുകളിൽ വിവരിച്ച തെരഞ്ഞെടുപ്പ് ഫലങ്ങൾ. എന്നിരുന്നാലും ബിജെപിയുടെ സമ്പൂർണ പരാജയം ഉറപ്പാക്കാനായിട്ടില്ല. ചിലയിടത്ത് ഇഞ്ചോടിഞ്ച് പോരാട്ടം നടന്നു. എന്നിരുന്നാലും തിരസ്കരിക്കപ്പെട്ട കോൺഗ്രസിനെ, കുത്തകാനുകൂല മാധ്യമങ്ങൾ പ്രതാപിയായ, പാരമ്പര്യംപേറുന്ന പ്രസ്ഥാനമെന്ന ചെല്ലപ്പേര് അരുമയായി ചാർത്തിക്കൊണ്ട് അധികാരത്തിന്റെ ട്രോജൻ കുതിരപ്പുറത്തേറ്റി, മൂന്നു പ്രധാന സംസ്ഥാനങ്ങളിലെ ഭരണം ഏൽപ്പിച്ചുകൊടുത്തിരിക്കുകയാണ്.

ഈ തെരഞ്ഞെടുപ്പ് ഫലം വിലയിരുത്തുമ്പോഴുള്ള രണ്ടാമത്തെ ചോദ്യം, എങ്ങനെ ഇത് സംഭവിക്കുന്നുവെന്നതാണ്. എങ്ങനെയാണ് ജീവിതദുരിതങ്ങളാൽ ഛിന്നഭിന്നമായ ഒരു ജനതയെ വീണ്ടും വീണ്ടും ബൂർഷ്വാസിയുടെ വിശ്വസ്തരായ രണ്ട് പാർട്ടികളായ കോൺഗ്രസിന്റെയും ബിജെപിയുടെയും ഇടയിൽ തട്ടിക്കളിക്കാനും അതുവഴി ദ്വികക്ഷി പാർലമെന്ററി സംവിധാനത്തെ ഇവ്വിധത്തിൽ എണ്ണയിട്ട് നിലനിർത്താനുമാകുന്നത് എന്നതാണ്. ഉത്തരം പകൽ വെളിച്ചം പോലെ വ്യക്തമാണ്. ജനങ്ങൾ മറ്റൊരു പരിഹാരവും കാണുന്നില്ല. ഈ കളിക്ക് മുൻപ് മറ്റൊന്നും ചിന്തിക്കാനുള്ള അവസരം കുത്തകകളും മാധ്യമങ്ങൾ ഉൾപ്പെടെയുള്ള അവരുടെ കുഴലൂത്തുകാരും ജനങ്ങൾക്ക് നല്കുന്നില്ല. ബിജെപി-ആർഎസ്എസ് കക്ഷികളുടെ ഫാസിസ്റ്റ് ആക്രമണങ്ങൾക്കെതിരായുള്ള ശരിയായ ഇടതു ജനാധിപത്യ-സഖ്യമാണ് ജനങ്ങൾക്ക് മുന്നിലുണ്ടാകേണ്ട ഒരു ബദൽ. ഇത്തരമൊരു ഇടതുബദലിന് മാത്രമേ ജനങ്ങളുടെ ജീവനും ജീവിതത്തിനുംതന്നെ ഭീഷണിയായ ബിജെപി-ആർഎസ്എസ് കക്ഷികൾ സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ എന്തിന്, സാമൂഹികവും കുടുംബപരവുമായ മേഖലകളിൽപോലും സൃഷ്ടിക്കുന്ന ആക്രമണങ്ങൾക്കെതിരെയുള്ള ജനരോഷത്തെ കൃത്യമായ ദിശയിൽ ഏകോപിപ്പിക്കാനാകുകയുള്ളൂ. ഈയൊരു പ്രക്രിയയുടെ ഇടയിൽ ഒരു തെരഞ്ഞെടുപ്പ് ആസന്നമായാൽ, ഈ ഇടതു-ജനാധിപത്യ സമരൈക്യത്തിൽത്തന്നെ ജനങ്ങൾ നേതൃത്വത്തെ കണ്ടെത്തുകയും ആ നേതൃത്വത്തിന് കീഴിൽ ആ തെരഞ്ഞെടുപ്പിനെയും നേരിടുകയും ചെയ്യുമായിരുന്നു. ഒരിക്കൽ തിരസ്കരിച്ച പ്രസ്ഥാനങ്ങളിൽ അവർ വീണ്ടും ഭാഗ്യപരീക്ഷണം നടത്തുമായിരുന്നില്ല. എന്നാൽ ചൂഷിതരായ ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഖേദകരമായ വസ്തുതയെന്തെന്നാൽ, ഇടതെന്ന പേരിൽ അവർ അറിയുന്ന കക്ഷികളൊന്നും, പ്രബലരായവർ പോലും ഒരു ഇടതുപക്ഷ സമരബദൽ സൃഷ്ടിക്കുന്നതിൽ തൽപ്പരരേയല്ല എന്നതാണ്. പകരം, എന്തെങ്കിലും പാർലമെന്ററി നേട്ടമുണ്ടാക്കാമെന്ന വ്യാമോഹംമൂലം, സിപിഐയും സിപിഐ(എം)ഉം അവരുടെ സഖ്യകക്ഷികളും കോൺഗ്രസിന്റെ പിന്നാലെ നടക്കുകയാണ്. അവിടെയുമിവിടെയുമായി ചില സീറ്റുകൾ ഉറപ്പാക്കാൻ അധികാരത്തിന്റെ ഇടനാഴികളിൽ കയറിപ്പറ്റുകയെന്നത് മാത്രമാണിവരുടെ ലക്ഷ്യം. ഈ പരക്കം പാച്ചിലിനിടയിൽ ബിജെപി-ആർഎസ്എസ് കക്ഷികൾ പരത്തുന്ന ആപത്കരമായ പ്രത്യയശാസ്ത്രത്തെ ചെറുക്കുകയെന്ന പ്രധാനമായ കടമ അവർ ശ്രദ്ധിക്കുന്നേയില്ല. ഭാവിയിലും ഇവരിത് ചെയ്യുമെന്ന് പ്രതീക്ഷിക്കവയ്യ. എന്നാലിന്ന് ബിജെപിയെയും ആർഎസ്എസിനെയും തടയുവാനെന്ന പേരിൽ കോൺഗ്രസിന് മതേതര കക്ഷിയെന്ന പേര് ചാർത്തിക്കൊടുക്കുകയാണ് ഇവർ. വോട്ട് നേടുവാനായി ആവശ്യമുള്ളപ്പോഴെല്ലാം വർഗ്ഗീയത കളിച്ചിട്ടുള്ള പ്രസ്ഥാനമാണ് കോൺഗ്രസ് എന്ന വസ്തുത അവർ സൗകര്യപൂർവം തമസ്കരിക്കുന്നു.

ജനങ്ങളുടെ ദുരിതങ്ങളെ സംബന്ധിച്ച് ആത്മാർത്ഥമായ ആകുലതയുള്ളവർ ഒരു വസ്തുത തിരിച്ചറിയണം. ഇത്തരത്തിലുള്ള രാഷ്ട്രീയത്തിൽനിന്നും ഈയൊരു ഫലമേ പ്രതീക്ഷിക്കാനാകൂ. പണത്തിന്റെയും മാധ്യമങ്ങളുടെയും കയ്യൂക്കിന്റെയും തരംതാണൊരു കളിയായിരുന്നു ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പും. ബൂർഷ്വാ പാർലമെന്ററി സംവിധാനത്തിന്റെ കുഴലൂത്തുകാരെയെല്ലാം ഉപയോഗിച്ചുകൊണ്ട് മറ്റൊരു തെരഞ്ഞെടുപ്പ് നാടകംകൂടി ഇന്ത്യൻ മുതലാളിത്തഭരണകൂടം ആടിത്തകർത്തു. പൊതുജനങ്ങളെ വിഭ്രമിപ്പിക്കുവാനുള്ള എല്ലാ ഉപാധികളും ഇത്തവണയും പ്രയോഗിച്ചു. എല്ലാ കരുക്കളും സസൂക്ഷ്മം നിരത്തി, ഇതേ മുതലാളിത്ത ചൂഷണവ്യവസ്ഥ നിർബാധമായി തുടരുവാനുള്ള അവസരമൊരുക്കാൻ ഉതകുന്ന കക്ഷിയെതന്നെ അധികാരത്തിലേറ്റി. വസ്തുതകളും കണക്കുകളും എന്തു തന്നെയായാലും ഈ തെരഞ്ഞെടുപ്പ് ഫലത്തിന് ചില അപകടകരമായ പരിമിതികൾകൂടി സൃഷ്ടിക്കാനാകും. ജനവിരുദ്ധ നയങ്ങളുടെ തന്നെ നടത്തിപ്പിന്റെ പേരിൽ വിശ്വാസ്യത നഷ്ടപ്പെട്ട ഒരു കക്ഷിയുടെ തിരിച്ചുവരവ് മാത്രമല്ലത്. ഈ തെരഞ്ഞെടുപ്പ് ഫലത്തിലൂടെ കോൺഗ്രസിന് മുഖംമിനുക്കാനും പൊതുസ്വീകാര്യത നേടാനുമായി. ബിജെപി-ആർഎസ്എസ് സഖ്യത്തെയും ഇതര സംഘപരിവാർ സംഘടനകളെയും ഒറ്റപ്പെടുത്തിയതുകൊണ്ട് മാത്രമായില്ല. സമാന്തരമായി ജനങ്ങളുടെ സമരബദൽ, ഇടതു-ജാധിപത്യ ബദൽ വളർന്നുവരാതെ, ബൂർഷ്വാ ദ്വികക്ഷി സമ്പ്രദായത്തിന്റെ പങ്കാളികളെ ശരിയായ അർത്ഥത്തിൽ പരാജയപ്പെടുത്താനാവില്ല. അല്ലാത്തിടത്തോളംകാലം ജനങ്ങൾ ഒരേ ഇരുട്ടറയിൽ തന്നെയായിരിക്കും. സ്വാതന്ത്ര്യലബ്ധി മുതലിങ്ങോളം ജനങ്ങളെ ഊറ്റിപ്പിഴിഞ്ഞ അതേ കോൺഗ്രസിനെ ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന രാഷ്ട്രീയ ബദലായി ഉയർത്തിക്കൊണ്ട് വരുന്നത് കേവലം അടുത്ത തെരഞ്ഞെടുപ്പിലേക്കുള്ള ഒരുക്കം മാത്രമാണ്. അതേ സമയം ഹിന്ദുത്വത്തിന്റെയും മതത്തിന്റെയും പേരിൽ ബിജെപി നടത്തുന്ന കുടിലപ്രചരണങ്ങൾക്കെതിരായി ശരിയായ ആശയസമരം ശക്തിപ്പെടുത്തുകയെന്ന അടിയന്തര പ്രാധാന്യമുള്ള ദൗത്യം ഒഴിവാക്കപ്പെടുകയും ചെയ്യുന്നു.

ഇത്തരത്തിൽ നിയമസഭാ തെരഞ്ഞെടുപ്പുകൾ അവസാനിച്ചു. ഇനി ഈ ഫലമുയർത്തിപ്പിടിച്ചുകൊണ്ട്, വരുന്ന ലോകസഭാ തെരഞ്ഞെടുപ്പിലും ജനങ്ങളെ കബളിപ്പിക്കുകയാണ് ലക്ഷ്യം. കുത്തകകളുടെ വിശ്വസ്ത സേവകരായ ബൂർഷ്വ-പെറ്റി ബൂർഷ്വാ പ്രസ്ഥാനങ്ങളും ഇടതെന്ന് വിശേഷിപ്പിക്കപ്പെടുന്നവരുമെല്ലാം അധികാരത്തിന്റെ ഇടനാഴികളിൽ സ്ഥാനം ഉറപ്പാക്കുവാനായി അനുഭാവപൂർവം ഈ കുഴലൂത്ത് സംഘത്തിൽ അണിനിരന്നിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഒരൊറ്റ ലക്ഷ്യംമാത്രമേയുള്ളൂ. ബിജെപി-ആർഎസ്എസ് സംഘത്തിനെതിരായ ജനരോഷം നിലനിൽക്കുന്ന സംവിധാനത്തെ ചോദ്യം ചെയ്യുന്നത്ര, അപായപ്പെടുത്താൻ പോന്നത്ര വിധത്തിൽ വളരരുത്. ഇത്തരമൊരു മാനം ലഭിക്കുന്ന ആഴവും പരപ്പും ഈ വികാരങ്ങൾക്കുണ്ടാവരുത്. പകരം, നിഷ്ഫലവും പൊള്ളയുമായ വോട്ടുരാഷ്ട്രീയത്തിൽത്തന്നെ രോഷാകുലരായ ജനങ്ങൾ അഭയം തേടണം. അതിനുള്ള എല്ലാ മാർഗങ്ങളും ബൂർഷ്വാസി കണ്ടെത്തും. അതിനാൽ ജനങ്ങൾ നേരിടേണ്ട ശരിയായ ചോദ്യം എങ്ങനെ ഈ നിത്യ ദുരിതങ്ങൾക്ക് അവസാനം കാണാമെന്നതാണ്. എന്താണ് സാഹചര്യം ആവശ്യപ്പെടുന്നതെന്നും എങ്ങനെയത് സഫലീകരിക്കുമെന്നതുമാണ്.

ശക്തമായ സമരങ്ങൾ വളർത്തിയെടുക്കാതെ നിർദ്ദയമായ ഈ മുതലാളിത്ത ചൂഷണത്തിൽനിന്നും ചെറിയൊരാശ്വാസം പോലും ലഭിക്കില്ല. ജനവിരുദ്ധ നയങ്ങൾക്കെതിരെ പോരാട്ടമല്ലാതെ മറ്റൊരു രക്ഷാമാർഗവുമില്ലെന്ന് ഈ നാടിന്റെ തന്നെ ഭൂതകാലാനുഭവങ്ങൾ പേർത്തും പേർത്തും നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്, ഇത് മറക്കരുത്. കുത്തക സ്വഭാവം ആർജ്ജിച്ചു കഴിഞ്ഞ മുതലാളിത്ത ഭരണവർഗ്ഗം ചൂഷണ വാഴ്ച തുടരുവാനായി പുതിയ പുതിയ കൗശലങ്ങൾ പ്രയോഗിച്ചുകൊണ്ടേയിരിക്കും. തങ്ങളുടെ ജീവനും ജീവിതവും തകർക്കുന്ന നയങ്ങൾക്കെതിരെ പ്രക്ഷോഭമല്ലാതെ ജനങ്ങൾക്ക് മറ്റൊരു മാർഗ്ഗമില്ല. അത്തരം സമരങ്ങൾ ഒന്നോ രണ്ടോ പണിമുടക്കുകൊണ്ടോ ഏതാനും വമ്പൻ പ്രകടനങ്ങൾകൊണ്ടോ അവസാനിക്കുന്നതല്ല. ചൂഷിതരായ ജനവിഭാഗങ്ങളെ സംഘടിപ്പിച്ചുകൊണ്ടുള്ള നിരന്തരമായ സമരങ്ങളതിന് ആവശ്യമാണ്. ശരിയായ പ്രത്യയശാസ്ത്രത്തിലധിഷ്ഠിതമായ ഐക്യവും ധാരണയുമതിനാവശ്യമാണ്. ശരിയായ ഇടതുപക്ഷ രാഷ്ട്രീയമല്ലാതെ മറ്റൊരു പ്രത്യയശാസ്ത്രത്തിനും ഇന്ന് ഇത്തരം സമരങ്ങളെ മുന്നോട്ടു നയിക്കാനാവില്ല. ഇടതുപക്ഷ ആദർശത്തിലധിഷ്ഠിതമായ ഐക്യത്തിനും സംഘടനയ്ക്കും ജനക്ഷേമത്തിനുവേണ്ടി വിവിധതലത്തിൽ പ്രവർത്തിക്കുവാനാകും. ബിജെപി-ആർഎസ്എസ് സഖ്യമുയർത്തുന്ന ഭീഷണികൾക്കെതിരായ രക്ഷാകവചമായി വർത്തിക്കുവാനും ശരിയായ ഇടതുപക്ഷീയതയുടെ അടിസ്ഥാനത്തിലുള്ള സമരൈക്യത്തിനുമാത്രമേ സാധ്യമാകുകയുള്ളു. ശരിയായ സമരരാഷ്ട്രീയത്താൽ സായുധരായവർക്ക് മാത്രമേ മുതലാളിത്ത ഭരണകൂടം സൃഷ്ടിക്കുന്ന പാർലമെന്ററി രാഷ്ട്രീയത്തിന്റെ ചുഴിയിലകപ്പെട്ട് ദിശാബോധം നഷ്ടപ്പെടുന്നതിൽ നിന്നും ജനങ്ങളെ തടയുവാൻ കഴിയൂ. ഇന്നത്തെ ഇന്ത്യയുടെ സാഹചര്യത്തിൽ കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട്, ഭരണവർഗ്ഗം കൗശലപൂർവം സൃഷ്ടിക്കുന്ന ദ്വികക്ഷി പാർലമെന്ററി സമ്പ്രദായമെന്ന പ്രചാരണത്തിൽ വീണുപോകാതെ ജനങ്ങളെ പ്രബുദ്ധരാക്കുവാനും ശരിയായ ഇടതുപക്ഷ രാഷ്ട്രീയത്തിനേ സാധ്യമാകൂ. ഇത്തരമൊരു പ്രത്യശാസ്ത്രത്തിൽ അധിഷ്ഠിതമായ രാഷ്ട്രീയബോധം ഒരിക്കൽ സ്ഥാപിക്കുകയും ഉന്നതമായ സാംസ്കാരിക-നൈതിക ധാരണകളുടെ അടിസ്ഥാനത്തിൽ വികസിപ്പിക്കുകയും ചെയ്താൽ ജനകീയമായൊരു സമരബദൽ മാത്രമല്ല രൂപപ്പെടുക; വർഗ്ഗീയ-വിഭാഗീയ പ്രവണതകളാൽ ജനമനസ്സുകളെ മലീമസമാകുന്ന ഇന്നത്തെ അപകടകരമായ സാഹചര്യത്തെയും തടയാനാകും. ബിജെപി-ആർഎസ്എസ് സംഘടനകളുയർത്തുന്ന ഫാസിസ്റ്റ് ഭീഷണികളെ ചെറുത്തു തോൽപ്പിക്കുംവിധമൊരു സമരൈക്യം ജനങ്ങൾ പടുത്തുയർത്തേണ്ടത് അടിയന്തരാവശ്യകതയായ ഘട്ടമാണിത്. ഇത്തരമൊരു ഐക്യം ജനങ്ങൾ സൃഷ്ടിച്ചാൽ, ഇന്ന് മടിച്ചു നിൽക്കുന്ന രാഷ്ട്രീയശക്തികൾക്കും അതോടൊപ്പം ചേരേണ്ടിവരും. തെരഞ്ഞെടുപ്പിലടക്കം ഏത് സാഹചര്യത്തിലും അവർക്ക് പരാജയം ഏറ്റുവാങ്ങേണ്ടിവരും. എന്ത് വിലകൊടുത്തും ഈ ഭീഷണി തകർത്തെറിയേണ്ടത് രാജ്യത്തിന്റെയും ഇവിടുത്തെ ചൂഷിതജനതയുടെയും ആവശ്യമാണ്. ■

## കമ്പ്യൂട്ടറിലെ വിവരങ്ങളിൽ അനാവശ്യമായി കൈകടത്തുന്ന സർക്കാർ വിജ്ഞാപനം പിൻവലിക്കുക

*എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ഡിസംബർ 22ന് പുറപ്പെടുവിച്ച പ്രസ്താവന*

വഞ്ചന നടത്തിയെന്ന വെറും സംശയത്തിന്റെ പേരിൽ ഏതൊരു ഇന്ത്യൻ പൗരന്റെയും കമ്പ്യൂട്ടറിലെ ഏതൊരു വിവരവും പരിശോധിക്കുവാനും നിരീക്ഷിക്കുവാനും പകർത്താനും 10 ഏജൻസികൾക്ക് അധികാരം നൽകിക്കൊണ്ട് ഇന്നലെ നരേന്ദ്രമോദി നയിക്കുന്ന കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം ഇറക്കിയിരിക്കുന്നു. ഇതുപ്രകാരം സേവന ദാതാക്കൾ വിവരങ്ങൾ പങ്കുവയ്ക്കാൻ ബാദ്ധ്യസ്ഥരായിരിക്കും. വ്യക്തിയുടെ സ്വകാര്യതയുടെമേലുള്ള ഈ നഗ്നമായ കടന്നാക്രമണം ഒരു ഫാസിസ്റ്റ് പദ്ധതിയാണ് പുറത്തുകൊണ്ടുവരുന്നത്. 2009ൽ കോൺഗ്രസ് ഗവൺമെന്റാണ് വിവര സാങ്കേതികവിദ്യാനിയമം കൊണ്ടുവരുന്നത്. ഈ നിയമപ്രകാരമാണ് ഇപ്പോൾ മോദി ഗവൺമെന്റ് വ്യക്തിയുടെ സ്വകാര്യത ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. അധികാരത്തിലേറുന്ന ഏതൊരു ബൂർഷ്വാ ഗവൺമെന്റും ജനരോഷത്തിൽനിന്ന് രക്ഷപ്പെടാനായി പൗരന്റെ മേൽ ചാരപ്രവർത്തനം നടത്തുന്നുണ്ട് എന്നാണിത് തെളിയിക്കുന്നത്. ഈ തീരുമാനം ഉടനടി പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. അതോടൊപ്പം, ബിജെപി ഗവൺമെന്റിന്റെ ഈ ജനവിരുദ്ധ നടപടിക്കെതിരെ ശക്തമായ പ്രതിഷേധമുയർത്താൻ ജനങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ■



# ഫ്രാൻസ്: പൊരുതുന്ന ജനങ്ങളുടെ ഐക്യത്തിനും സമരവീര്യത്തിനും അഭിവാദ്യങ്ങൾ

**ജനാധിപത്യമെന്ന ആശയം മാനവരാശിക്ക് പ്രദാനം ചെയ്ത ഐതിഹാസികമായ ഫ്രഞ്ചുവിപ്ലവത്തിന്റെ നാടായ, രാജ്യത്തെ സമുന്നതരായ ബുദ്ധിജീവികളടക്കം ജീവിതത്തിന്റെ നാനാതുറകളിലുള്ളവരെ അണിനിരത്തിക്കൊണ്ട് 1968ൽ വമ്പൻ വിദ്യാർത്ഥി പ്രക്ഷോഭത്തിലൂടെ ലോകത്തെ പിടിച്ചുകുലുക്കിയ, ഉജ്ജ്വലമായ നിരവധി പ്രക്ഷോഭങ്ങൾക്ക് വേദിയായ ഫ്രാൻസിൽ വീണ്ടുമിതാ ലക്ഷക്കണക്കിന് ജനങ്ങൾ തെരുവിലിറങ്ങുന്നു. അവരിൽ തൊഴിലാളികളും ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും വീട്ടമ്മമാരുമൊക്കെയുണ്ട്. നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും അവർ വൻതോതിൽ അണിനിരക്കുന്നു.**

സന്ധിമനോഭാവക്കാരായ ട്രേഡ് യൂണിയൻ നേതാക്കളെ തള്ളിക്കളഞ്ഞുകൊണ്ട് സമരത്തിനെത്തിയ തൊഴിലാളികൾ ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാനാവശ്യമായ മിനിമം വേതനത്തിലെ വർദ്ധനവ് ആവശ്യപ്പെടുന്നവരാണ്. യന്ത്രവൽക്കരണത്തിലൂടെ തൊഴിലാളികളെ പുറംതള്ളുന്ന, ലാഭം പെരുപ്പിക്കാനായി കുറഞ്ഞ കൂലിക്ക് പണിയെടുക്കാൻ തയ്യാറുള്ള തൊഴിലാളികളെ കിട്ടുന്ന താരതമ്യേന കുറഞ്ഞ വികാസം നേടിയ രാജ്യങ്ങളിലേയ്ക്ക് വ്യവസായങ്ങൾ പറിച്ചുനടുന്ന മുതലാളിമാരുടെ ഇരകളാണിവർ. തൊഴിൽരഹിതരായ യുവാക്കളും അവരിലുണ്ട്. 2000ത്തിനും 2007നുമിടയിൽ 63 ശതമാനം തൊഴിലുകളാണ് ഫ്രാൻസുകാർക്ക് നഷ്ടപ്പെട്ടത്. ഈ പ്രക്രിയ ഇപ്പോഴും നിർബ്വാധം തുടരുന്നു. കൃഷിച്ചെലവ് കുതിച്ചുയരുകയും വിളകൾക്ക് വിലയിടിയുകയും ചെയ്തതിലൂടെ കടക്കെണിയിലായ കർഷകരും സമരക്കാരിലുണ്ട്. 'ഉദാരമതി'യായ ഗവണ്മെന്റാകട്ടെ ആഫ്രിക്കയിൽനിന്നും തെക്കേ അമേരിക്കയിൽനിന്നുമുള്ള ഉല്പന്നങ്ങളുമായി മത്സരിക്കാനായി കാർഷികോല്പന്നങ്ങളുടെ വില ഉയരാതെ നോക്കുമ്പോൾ ഒന്നരാടം ഒരു കർഷകൻവീതം ആത്മഹത്യയിലഭയം പ്രാപിക്കേണ്ടിവരികയാണ്. ദേശീയ പരീക്ഷകൾ പരിഷ്കരിക്കുന്നതിനെതിരെ ദേശീയ വിദ്യാർത്ഥി യൂണിയന്റെ ആഹ്വാനപ്രകാരം പഠിപ്പുമുടക്കി റോഡ് ഉപരോധിക്കുന്ന വിദ്യാർത്ഥികൾ അറസ്റ്റും ലാത്തിച്ചാർജുമൊക്കെ നേരിടുകയാണ്. വൻതോതിൽ സാധാരണക്കാരും ഇടത്തരക്കാരുമൊക്കെ ഇന്ധനവില വർദ്ധനവിനെതിരെ തെരുവിലിറങ്ങിയിട്ടുണ്ട്. ഇന്ധന വിലവർദ്ധനവ് വാഹനഉടമകളെ മാത്രമല്ല ബാധിച്ചിരിക്കുന്നത്. യാത്രാച്ചെലവും വീട്ടുവാടകയുമൊക്കെ വൻതോതിൽ കൂടാനും അവശ്യ സാധനങ്ങളുടെയാകെ വിലക്കയറ്റത്തിനും അത് കാരണമായിട്ടുണ്ട്. വൃദ്ധരും പെൻഷൻകാരുമൊക്കെ സമരംചെയ്യുന്നത് തങ്ങളുടെ ഏക ജീവിതമാർഗ്ഗമായ പെൻഷനും മറ്റ് ക്ഷേമപദ്ധതികളുമൊക്കെ ഗണ്യമായി വെട്ടിക്കുറച്ചതിനെതിരെയാണ്. നിരവധി പ്രകടനങ്ങൾക്കും പ്രതിഷേധങ്ങൾക്കും ശേഷമാണ് ഇവർ പാരീസും മാർസെയിൽസും പോലെയുള്ള വൻനഗരങ്ങളിലെത്തി ജനജീവിതം സ്തംഭിപ്പിക്കുംവിധമുള്ള സമരപരിപാടികൾ സ്വീകരിച്ചത്. പോലീസ്, റബ്ബർബുള്ളറ്റുകളും ജലപീരങ്കികളും കണ്ണീർവാതകവുമൊക്കെ പലതവണ പ്രയോഗിച്ചിട്ടും സമരം ശക്തമാകുകയാണ്. 'തെമ്മാടികൾ അഴിഞ്ഞാടിയതുകൊണ്ടൊന്നും ഗവണ്മെന്റ് അതിന്റെ നയം മാറ്റാൻ പോകുന്നില്ല' എന്ന് പ്രസിഡന്റ് ഗർജിക്കുമ്പോൾ പട്ടാളത്തെ ഇറക്കുമെന്നും അടിയന്തരാവസ്ഥ പ്രഖ്യാപിക്കുമെന്നുമൊക്കെയാണ് മന്ത്രിമാർ പറയുന്നത്. എന്നാൽ ഇതുകൊണ്ടൊന്നും ജനങ്ങളുടെ സമരവീര്യം ശമിച്ചിട്ടില്ല. നിരവധിപേർക്ക് ഇതിനകം ഗുരുതരമായി പരിക്കേറ്റു. ഇതിൽ 80 വയസ്സായ സ്ത്രീവരെ ഉൾപ്പെടും. ആയിരങ്ങളെയാണ് ജയിലിലടച്ചിരിക്കുന്നത്. ഈ ആക്രമണങ്ങളെയൊക്കെ അതിജീവിച്ച് മുന്നേറുന്ന സമരക്കാർ, പ്രസിഡന്റ് ഒരു ശതമാനംവരുന്ന അതിസമ്പന്നരെയും കുത്തകകളെയുമാണ് പ്രതിനിധീകരിക്കുന്നത് എന്ന് രോഷാകുലരായി ചൂണ്ടിക്കാണിക്കുന്നു. മുതലാളിത്തം തുലയട്ടെ എന്ന മുദ്രാവാക്യം അവർ ഉയർത്തിയത് ഏറെ പ്രാധാന്യമുള്ള കാര്യമാണ്.

ബൂർഷ്വാ ജനാധിപത്യത്തിന് ജന്മംനൽകിയ ജനതതന്നെ ഇന്ന് മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെ തിരിഞ്ഞിരിക്കുന്നു. ഉദാര ജനാധിപത്യത്തെക്കുറിച്ചും കലാചാതുരിയെക്കുറിച്ചും ബൗദ്ധിക നിലവാരത്തെക്കുറിച്ചുമൊക്കെയുള്ള വാചാടോപങ്ങൾക്കിടയിലും തങ്ങളുടെ രാജ്യം ഒരു സാമ്രാജ്യത്വ-മുതലാളിത്ത രാജ്യമാണെന്ന യാഥാർത്ഥ്യം ഇന്ന് ജനങ്ങൾ തിരിച്ചറിയുകയാണ്. ചീഞ്ഞുനാറുന്ന ലോകമുതലാളിത്ത വ്യവസ്ഥയുടെ ചളിക്കുണ്ടിൽ എറിയപ്പെട്ടിരിക്കുകയാണ് ജനങ്ങൾ. മുതലാളിത്ത പ്രതിസന്ധി പരിഹരിക്കാമെന്ന വ്യാജേന ആനയിക്കപ്പെട്ട ആഗോളീകരണത്തിന്റെ കെടുതികളാണ് ജനങ്ങൾക്ക് ഏറ്റുവാങ്ങേണ്ടിവരുന്നത്. രാജ്യം ആണവശക്തിയായി മാറിയെന്നത് ശരിതന്നെ. എന്നാൽ ജനങ്ങളുടെ കഷ്ടപ്പാടുകൾക്കൊന്നും ഒരു പരിഹാരവുമുണ്ടായിട്ടില്ല. മുതലാളിത്ത പ്രതിസന്ധിയുടെ ഭാരമെല്ലാം ജനങ്ങളുടെ ചുമലിലേയ്ക്കാണ് ഇറക്കിവയ്ക്കപ്പെടുന്നത്. ഏറ്റവുമൊടുവിൽ ഇന്ധനവില ഭീമമായി വർദ്ധിപ്പിച്ചത് പരിസ്ഥിതി സംരക്ഷണത്തിന്റെയും പേരുപറഞ്ഞുകൊണ്ടാണ്. ഇത് ജനങ്ങളിൽ ശക്തമായ പ്രതിഷേധമുളവാക്കി. ഭരണക്കാർക്കും കുത്തകകൾക്കുമെതിരെ ജനങ്ങൾ ഉറച്ച നിലപാടെടുത്തതോടെ പ്രസിഡന്റിന് ഇന്ധന വില വർദ്ധന പിൻവലിക്കേണ്ടിവന്നുവെന്ന് മാത്രമല്ല പല ആനുകൂല്യങ്ങളും പ്രഖ്യാപിക്കേണ്ടിയുംവന്നു. ധാർഷ്ട്യം ജനകീയ ശക്തിക്കുമുന്നിൽ അടിയറവുപറഞ്ഞു. ഉറച്ചതെന്ന് കരുതിയ പലതിനും ഇളക്കം തട്ടിക്കാൻ ജനകീയ സമരത്തിനായി.

വീരചരിതം രചിച്ച ഫ്രാൻസ് ഒരിക്കൽക്കൂടി ഈ പ്രക്ഷോഭത്തിലൂടെ ലോകത്തെ പ്രചോദിപ്പിക്കുകയാണ്. ആധുനിക തിരുത്തൽവാദം അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ശിഥിലമാക്കിയിരിക്കുന്ന ഈ കാലയളവിൽ ഈ ജനകീയ പ്രക്ഷോഭണം മാതൃകാപരംതന്നെയാണ്. ഇതിന്റെ അലകൾ രാജ്യാതിർത്തികൾ ഭേദിച്ച് ബെൽജിയത്തിന്റെ തലസ്ഥാനമായ ബ്രസൽസിലേയ്ക്കും നെതർലാൻഡ്സിലെ ഒരു നഗരമായ റോട്ടർഡാമിലേയ്ക്കുമൊക്കെ എത്തി. ഫ്രാൻസിലെ മാത്രമല്ല മറ്റ് രാജ്യങ്ങളിലെ മുതലാളിമാരുടെയും ഉറക്കംനഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായി. മുതലാളിത്ത-സാമ്രാജ്യത്വത്തിന്റെ ഉരുക്കുകോട്ടയായി അറിയപ്പെട്ടിരുന്ന അമേരിക്കയിൽ നടന്ന, മാസങ്ങൾ നീണ്ടുനിന്ന വാൾസ്ട്രീറ്റ് പിടിച്ചടക്കൽ സമരം, മുതലാളിത്തശക്തികൾ അനന്തമായ ലാഭ സാദ്ധ്യതകളുമായി സ്വൈര വിഹാരം നടത്താൻ ഉന്നംവച്ചിരുന്ന എണ്ണ സമ്പന്നമായ മിഡിൽ ഈസ്റ്റ്-ഉത്തരാഫ്രിക്കൻ മേഖലയിൽ നടന്ന അറബ് വസന്ത പ്രക്ഷോഭം, വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ നടന്ന ജനകീയ സമരങ്ങൾ എന്നിവയൊക്കെ മുതലാളിത്ത ശക്തികൾക്ക് ഭീതിദമായ അനുഭവങ്ങളായിരുന്നു. യൂറോപ്യൻ യൂണിയനിൽ അംഗമായതിലൂടെ ഉടലെടുത്ത പ്രശ്നങ്ങളുടെയും മുതലാളിത്ത പ്രതിസന്ധികളുടെയും ഭാരം ചെലവുചുരുക്കൽ നടപടികളെന്ന പേരിൽ ജനങ്ങളുടെ ചുമലിൽ ഇറക്കിവയ്ക്കുന്നതിനെതിരെയായിരുന്നു, ഗ്രീസ്, പോർട്ടുഗൽ, സ്പെയ്ൻ, സ്കോട്ലാൻഡ് എന്നീ രാജ്യങ്ങളിലും കൂടുതൽ വികാസം നേടിയ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിലുമൊക്കെ വമ്പൻ സമരങ്ങൾ പൊട്ടിപ്പുറപ്പെട്ടത്. അതുകൊണ്ടുതന്നെ ഫ്രാൻസിലെ ഈ പ്രക്ഷോഭത്തെ കുത്തകകൾ ഒരു ദുർലക്ഷണമായാണ് കാണുന്നത്. ജനങ്ങളെ പ്രലോഭിപ്പിക്കുവാനും അവരെ പാർലമെന്ററി രാഷ്ട്രീയത്തിന്റെ നാലതിരുകൾക്കുള്ളിൽ തളച്ചിടാനും എന്തൊക്കെ ജാലവിദ്യകൾ മുതലാളിത്തം പ്രയോഗിച്ചാലും സമരങ്ങളിൽനിന്ന് ജനങ്ങളെ പിന്തിരിപ്പിക്കാൻ അവർക്കാവില്ലെന്നും ആ സമരങ്ങൾ മുതലാളിത്ത വ്യവസ്ഥയ്ക്കെതിരായ മുദ്രാവാക്യങ്ങൾ പോലും കൈക്കൊള്ളുകയാണെന്നും ഒരിക്കൽക്കൂടി ഇത് തെളിയിക്കുന്നു. മുതലാളിത്ത-സാമ്രാജ്യത്വത്തിന് ഈ വസ്തുത നിഷേധിക്കാനാവില്ല.

എന്നാൽ, ഫ്രാൻസിലടക്കം ലോകത്തെവിടെയും സമരംചെയ്യുന്ന ജനങ്ങൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഈ സമരങ്ങളിൽ, ചൂഷിതജനത വീരോചിതം അണിനിരന്നു എന്നതും ജനങ്ങളുടെ യഥാർത്ഥ ശത്രുവായ മുതലാളിത്തത്തിനെതിരെ അത് ശബ്ദമുയർത്തി എന്നതും ശരിതന്നെ. അമേരിക്കയിലുംമറ്റും സംഭവിച്ച കാര്യം ഇപ്പോൾ ഫ്രാൻസിലും നടന്നിരിക്കുന്നു. ഇവിടെയെല്ലാം ജനങ്ങൾ രോഷാകുലരാകുകയും ആക്രമണങ്ങളെയും യാതനകളെയും അതിജീവിച്ച്, ക്രൂരമായ മുതലാളിത്ത സംവിധാനത്തിനെതിരെ നിലകൊള്ളുകയും ചെയ്തു. തൽക്കാലത്തേക്കെങ്കിലും ഭരണാധികാരികളെ അസ്വസ്ഥരാക്കാനും ചില ഡിമാന്റുകൾ നേടിയെടുക്കാനും കഴിഞ്ഞിട്ടുമുണ്ട്. എന്നാൽ ഇത് ചിത്രത്തിന്റെ ഒരുവശം മാത്രമാണ്. എന്നാൽ മുതലാളിത്തവ്യവസ്ഥയ്ക്കെതിരെ സംഘടിതവും നിരന്തരവുമായ ഒരു പ്രക്ഷോഭം വളർത്തിയെടുക്കാൻ തയ്യാറായാൽ സ്ഥിതിയാകെ മാറും. അതിന്റെ നിലനിൽപിനെ വെല്ലുവിളിക്കുന്ന ഏതൊരു ശക്തിയെയും ഉന്മൂലനം ചെയ്യാൻ പാകത്തിൽ സായുധവും മാരകവും ക്രൂരവുമാണത്. നിർദ്ദയമായ മുതലാളിത്ത ചൂഷണംകൊണ്ട് പൊറുതിമുട്ടിയ ജനങ്ങൾ ഒരു മാറ്റം, വിപ്ലവം ആഗ്രഹിക്കുക സ്വാഭാവികമാണ്. എന്നാൽ വിപ്ലവ സമരം ഇന്നും അകലെത്തന്നെയാണ്. ഫ്രാൻസിലെ ജനങ്ങൾ ഇന്നും പൊരുതുന്നു. അവർ സംഘടിതരാകാൻ ശ്രമിച്ചെങ്കിലും അത് ആരംഭദശയിൽത്തന്നെയാണ്. സംഘടിതവും വ്യാപകവുമായ വിപ്ലവ സമരത്തിന് കൂടുതൽ കരുത്താർന്ന പ്രത്യയശാസ്ത്ര, സംഘടനാ നേതൃത്വം അനിവാര്യമാണ്. ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികരിലൊരാളും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ വാക്കുകൾ നോക്കാം: "തൊഴിലാളികളുടെയും കർഷകരുടെയും മറ്റ് ചൂഷിത ജനവിഭാഗങ്ങളുടെയും അസംതൃപ്തിയിൽനിന്ന് വിപ്ലവം അലയടിച്ചുയരാൻ ശ്രമിക്കും. അത് വീണ്ടുംവീണ്ടും ഉയർന്നുവരും. വ്യവസ്ഥിതിയിൽ സമൂല പരിവർത്തനം ആവശ്യപ്പെടുംവിധം സമൂഹത്തിലെ വൈരുദ്ധ്യം ആഴവും മൂർച്ഛയും കൈവരിക്കും. വിപ്ലവമാണ് ആവശ്യമെന്ന് അത് നമ്മുടെ മന:സാക്ഷിയോട് മന്ത്രിക്കും, മാനവരാശിയെ ഉദ്ബോധിപ്പിക്കും. എന്നിട്ടും വിപ്ലവമുണ്ടാകില്ല. അത് വീണ്ടുംവീണ്ടും പിൻവാങ്ങും, വഴിതെറ്റും, പിന്തിരിപ്പത്തം മേൽക്കൈ നേടും. വിപ്ലവം നയിക്കാൻ വേണ്ട കരുത്തോടെ വിപ്ലവപ്പാർട്ടി ഉയർന്നുവരുന്നതുവരെ വിപ്ലവം യാഥാർത്ഥ്യമാകില്ല." (Tribute to a revolutionary character: speech on 17 september, 1974, SW vol III, p 390)

വിപ്ലവത്തിന് ഒരു യഥാർത്ഥ നേതൃത്വം ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞ സഖാവ് ശിബ്ദാസ് ഘോഷ് ഒരു കാര്യംകൂടി സുചിപ്പിച്ചു: വിപ്ലവത്തിനുവേണ്ടി ദാഹിക്കുന്ന ജനങ്ങൾ വമ്പിച്ച ബഹുജന മുന്നേറ്റം വളർത്തിയെടുക്കുകയും ചൂഷിത ജനതകളുടെ വിശാല വിഭാഗങ്ങളെയാകെ ഉൾക്കൊള്ളുന്ന വീറുറ്റ ജനാധിപത്യ പ്രക്ഷോഭങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്യുമ്പോൾ, ഭരണ മുതലാളിവർഗം, കുത്തകകൾ അവയെ വഴിതെ

(ശേഷം 13-ാം പേജിൽ)

ഫ്രാൻസ്...
(12-ാം പേജിൽ നിന്ന്)

റ്റിക്കാനായി എല്ലാ മാർഗങ്ങളും അവലംബിക്കും. അവർ കൗശലങ്ങൾ പ്രയോഗിക്കുകയും ആനുകൂല്യങ്ങൾ വച്ചുനീട്ടുകയും കപടപ്രഖ്യാപനങ്ങൾ നടത്തുകയുമൊക്കെ ചെയ്യും. സമരം എത്ര ശക്തമാണെങ്കിലും ജനങ്ങൾ എത്രതന്നെ യാതനകൾ സഹിച്ചാലും, സമരത്തെ ശരിയായി മുന്നോട്ടുനയിക്കാൻ ഒരു നേതൃത്വമില്ലെങ്കിൽ മുതലാളിത്തം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ ഒന്ന് സ്പർശിക്കാൻപോലും അതിനാവില്ല. ഇത് ജനങ്ങളെ നിരാശരാക്കുകയും അവർ സമരങ്ങളിൽനിന്ന് അകന്നുപോകുകയും ചെയ്യും. ചൂഷണവും അടിച്ചമർത്തലും സഹിക്കാനാവാതെ അവർ വീണ്ടും തന്റേടത്തോടെ പ്രതിഷേധമുയർത്തും. എന്നാൽ ഫലം പഴയതുതന്നെയാകും. വിപ്ലവ നേതൃത്വത്താൽ സമരങ്ങൾ നയിക്കപ്പെടുന്നതുവരെ ഇത് തുടർന്നുകൊണ്ടിരിക്കും.

മുതലാളിത്തത്തിന്റെ ഈ മരണാസന്ന ഘട്ടത്തിൽ അത് ജനങ്ങളുടെ ചോരയൂറ്റിക്കൊണ്ടിരിക്കുകയും അവരെ നിരന്തരം വഞ്ചിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, മുതലാളിത്ത രാജ്യങ്ങളിലെല്ലാം ശക്തവും നിരന്തരവുമായ ജനാധിപത്യ സമരം വളർന്നുവരേണ്ടത് അടിയന്തരാവശ്യകതയാണ്. ഫ്രാൻസിൽ അടുത്തിടെ നടന്ന സമരം ഇത്തരത്തിൽ ഏറെ പ്രധാന്യമർഹിക്കുന്ന ഒന്നാണ്. ലോകത്തെമ്പാടുമുള്ള അദ്ധ്വാനിച്ച് ജീവിക്കുന്ന ജനങ്ങൾക്ക് അത് പ്രചോദനമേകി. അവരെ ഞങ്ങൾ അഭിവാദ്യം ചെയ്യുന്നു. എന്നാൽ, ഇത്തരം സമരങ്ങൾ മോചനമെന്ന ലക്ഷ്യം നേടണമെങ്കിൽ അതിന് യഥാർത്ഥ വിപ്ലവപാർട്ടിയുടെ നേതൃത്വം അനിവാര്യമാണെന്ന കാര്യം ഞങ്ങൾ വിസ്മരിക്കുന്നില്ല. അതിന് യഥാർത്ഥ വിപ്ലവപ്പാർട്ടി കെട്ടിപ്പടുക്കണം. ഇന്നത്തെ പ്രശ്നങ്ങളെയും അതിന്റെ സങ്കീർണതകളെയും സംബന്ധിച്ച് ഏറ്റവും വികസിതമായ ധാരണ രൂപപ്പെടുത്തിക്കൊണ്ട് ഓരോ സമരങ്ങൾക്കും നേതൃത്വം നൽകണം. ശരിയായ വിപ്ലവ പ്രത്യയശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ ധാരണ വികസിപ്പിച്ചെടുക്കേണ്ടത്. ആധുനിക തിരുത്തൽവാദത്തിന്റെ വിനാശകരമായ സ്വാധീനത്തിനെതിരെ പൊരുതിക്കൊണ്ടുമാത്രമേ അത്തരമൊരു പാർട്ടി കെട്ടിപ്പടുക്കാനാകൂ. പുതിയൊരുതരം സാമ്പത്തികവാദവും സോഷ്യലിസ്റ്റ് വ്യക്തിവാദവും വിപ്ലവ പ്രസ്ഥാനത്തിന്റെ മുന്നിൽ വലിയൊരു വിപത്തായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്ന് മഹാനായ മാർക്സിസ്റ്റ് ആചാര്യൻ സഖാവ് ശിബ്ദാസ് ഘോഷ് കണ്ടെത്തി. ഇത് ഇല്ലായ്മ ചെയ്യാനുള്ള സമരമാണ് ആ പോരാട്ടത്തിന്റെ കാതൽ. വിപ്ലവ പാതയിൽനിന്ന് ഈ വിപത്തുകൾ തുടച്ചുനീക്കണമെങ്കിൽ വ്യക്തിതാല്പര്യത്തെ സാമൂഹ്യതാല്പര്യവുമായി താദാത്മ്യപ്പെടുത്താനുള്ള സമരം ഏറ്റെടുക്കണം. യഥാർത്ഥ വിപ്ലവസ്വഭാവം അതിലൂടെയേ ആർജ്ജിക്കാനാവൂ. യഥാർത്ഥ വിപ്ലവപ്പാർട്ടിയുടെ വളർച്ചയ്ക്കും, അതിന്റെ നേതൃത്വത്തിൽ ജനങ്ങളുടെ പോരാട്ടങ്ങൾ ശരിയായ ലക്ഷ്യം നേടിയെടുക്കുന്നതിനും ഇതാവശ്യമാണ്. ഇന്ന് ഫ്രാൻസിൽ ഉജ്ജ്വലമായ പ്രക്ഷോഭം നടത്തുന്നവരടക്കം ലോകമെമ്പാടും സമരം ചെയ്യുന്ന ജനങ്ങൾ ഇക്കാര്യങ്ങൾ ഗൗരവപൂർവ്വം പരിചിന്തനം ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# തോട്ടിയാട് മദ്യവിരുദ്ധ പ്രവർത്തകർക്കെതിരെ കള്ളക്കേസ്: ചെങ്ങന്നൂരിൽ പ്രതിഷേധയോഗം



ബി.ദിലീപൻ പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്യുന്നു

മദ്യം വ്യാപകമാക്കികൊണ്ട് സാമൂഹ്യ ജീവിതത്തെ തകർക്കുന്ന നിലപാടുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ, നാടിന്റെ പുരോഗതിയുടെ പതാകയേന്തേണ്ട പുത്തൻതലമുറ ആകമാനം ധാർമ്മിക മൂല്യങ്ങൾ തകർന്ന് സാമൂഹ്യ ദ്രോഹികളായി മാറുന്ന കാഴ്ചയാണ് നാം കാണുന്നതെന്ന് ജനകീയ പ്രതിരോധ സമിതി ജില്ലാ വൈസ് പ്രസിഡന്റ് ബി.ദിലീപൻ പറഞ്ഞു. തോട്ടിയാട് മദ്യവിരുദ്ധ സമരത്തിന് നേതൃത്വം നൽകിയവർക്കെതിരെ കള്ളക്കേസുകൾ ചുമത്തി പീഡിപ്പിക്കുന്ന അധികാരികളുടെ നടപടിക്കെതിരെ ജനകീയ പ്രതിരോധ സമിതി ചെങ്ങന്നൂർ താലൂക്ക് കമ്മിറ്റി നന്ദാവനം ജംഗ്ഷനിൽ സംഘടിപ്പിച്ച പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇത്തരം ജനദ്രോഹ നടപടികൾക്കെതിരെ ജനാധിപത്യ പോരാട്ടങ്ങൾ വളർത്തിയെടുക്കാൻ സമൂഹം മുന്നോട്ടു വരണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ബോധിനി പ്രഭാകരൻ നായർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വ.ഒ.ഹാരീസ്, അഡ്വ.എം.എ.ബിന്ദു, പി.ദേവരാജൻ, എസ്.സീതിലാൽ, കെ.ബിമൽജി, മധു ചെങ്ങന്നൂർ, റോയി മാത്യു, ടി.കെ.ഗോപിനാഥൻ എന്നിവർ പ്രസംഗിച്ചു. ■




ചെമ്മീൻ പീലിംഗ് തൊഴിലാളികൾക്ക് മിനിമം കൂലി ആവശ്യപ്പെട്ട് കെഎംഎസ്ടിയു അമ്പലപ്പുഴ അസിസ്റ്റന്റ് ലേബർ ഓഫീസിലേയ്ക്ക് നടത്തിയ മാർച്ച്

# എം പാനൽ ജീവനക്കാരുടെ തൊഴിലിന്റെ പൂർണ്ണ ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കണം

മിനിമം കൂലിപോലും ലഭിക്കാതെ പണിയെടുത്തിരുന്ന നാലായിരത്തോളം വരുന്ന എം. പാനൽ ജീവനക്കാർ ഒറ്റയടിക്ക് പെരുവഴിയിലാകുന്ന സാഹചര്യം സൃഷ്ടിച്ചത് സർക്കാർ പിന്തുടരുന്ന അടിമുടി തൊഴിലാളിവിരുദ്ധമായ സമീപനംകൊണ്ടു മാത്രമാണെന്ന് എസ്‌യുസിഐ(കമ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ ഒരു പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

കഴിഞ്ഞ 24 വർഷമായി മറ്റൊരു വിധ അവകാശങ്ങളും ലഭിക്കാതെ തുഛമായ തുകയ്ക്കാണ് എം പാനൽ ജീവനക്കാർ പണിയെടുത്തിരുന്നത്. മൃഗീയമായ തൊഴിൽ ചൂഷണത്തിന് ഇടയാക്കിയ എം പാനൽ സമ്പ്രദായം ആർ ബാലകൃഷ്ണപിള്ള മന്ത്രിയായിരുന്ന വേളയിൽ കൊണ്ടുവന്നപ്പോൾ അതിനെതിരെ നിലകൊണ്ട ഇടതു കക്ഷികൾ, അധികാരത്തിൽ വന്നപ്പോൾ ഈ സമ്പ്രദായം തുടരുക മാത്രമല്ല ഏതാണ്ട് 3000ത്തോളം പുതിയ എം പാനൽകാരെ നിയമിക്കുകയും ചെയ്തു. തൊഴിൽനിയമം പാലിച്ചുകൊണ്ട് മാതൃക കാട്ടേണ്ട സർക്കാരും കെഎസ്ആർടിസിയും അങ്ങനെ തുറന്ന നിയമലംഘകരായി മാറി. എം പാനൽ നിയമനം ഏതുനിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് കോടതി ആരാഞ്ഞപ്പോൾ സർക്കാരിന് മറുപടി ഇല്ലാതായത് അതിനാലാണ്. ഇപ്രകാരം നഗ്നമായ നിയമലംഘനത്തിന് നേതൃത്വം നൽകിയ സർക്കാരിനാണ് പിരിച്ചുവിടപ്പെട്ട നിർദ്ധനരും നിരാലംബരുമായ എം പാനൽ തൊഴിലാളികളുടെ തൊഴിലിന്റെയും നിലനിൽപ്പിന്റെയും പൂർണ്ണ ഉത്തരവാദിത്തം. അതു നിറവേറ്റാൻ സർക്കാർ തയ്യാറാകണം.

പിഎസ്‌സി നിയമന ഉത്തരവ് ലഭിച്ച എല്ലാവർക്കും ഉടൻ നിയമനം നൽകുകയാണ് ആദ്യം ചെയ്യേണ്ടത്. എല്ലാ സേവന വേതന വ്യവസ്ഥകളും നിറവേറ്റിക്കൊണ്ടുള്ള നിയമനം മാത്രമേ ഉണ്ടാകാവൂ. എല്ലാത്തരം പിൻവാതിൽ നിയമനങ്ങളും -എം പാനൽ ഉൾപ്പടെ- ഉടൻ അവസാനിപ്പിക്കണം. എന്നാൽ ഭീമമായ തൊഴിലില്ലായ്മമൂലം സൃഷ്ടിക്കപ്പെട്ട യുവാക്കളുടെ നിസ്സഹായതയെയും ജീവിത പ്രതിസന്ധിയെയും മുതലെടുത്തുകൊണ്ട് രണ്ടിലേറെ ദശാബ്ദങ്ങളായി സർക്കാരുകൾ നടത്തിയ പ്രാകൃത ചൂഷണത്തിന്റെ ഇരകളായ എം പാനൽ ജീവനക്കാരെ പെരുവഴിയിൽത്തള്ളാൻ പാടില്ല. പിരിച്ചുവിടപ്പെട്ട എം പാനൽ തൊഴിലാളികളിൽ വലിയൊരു പങ്കിനും പ്രായംകഴിഞ്ഞവരെന്ന നിലയിൽ മറ്റൊരു ജോലിക്കും ഇനി പോകാനാവില്ല. പിഎസ്‌സി നിയമന ഉത്തരവ് ലഭിച്ചവർക്ക് നിയമനം ലഭിക്കണമെന്നതുപോലെ തന്നെ 240 ദിവസത്തിലേറെ സ്ഥിരമായി പണിയെടുത്ത എം പാനൽ ജീവനക്കാരും നിയമനത്തിന് അർഹരാണ്. തൊഴിലാളി വിരുദ്ധമായ സുശീൽ ഖന്ന റിപ്പോർട്ടിന്റെ ശുപാർശപ്രകാരം ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുക, വർക്ക് ഷോപ്പുകൾ അടച്ചുപൂട്ടുക, ബോഡി നിർമ്മാണം സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുക, വാടകയ്ക്ക് ബസ്സുകൾ എടുക്കുക, തല തിരിഞ്ഞ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം ഏർപ്പെടുത്തുക, അനുബന്ധ ജോലികൾ കുടുംബശ്രീ അംഗങ്ങളെ ഏൽപ്പിക്കുക തുടങ്ങിയ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് കെഎസ്ആർടിസിയെ ശക്തിപ്പെടുത്തിയാൽ പിഎസ്‌സി നിയമന ഉത്തരവ് ലഭിച്ചവർക്ക് മാത്രമല്ല, പിരിച്ചുവിടപ്പെട്ട എം പാനലുകാർക്കും തൊഴിൽ നൽകാൻ കഴിയും. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെ കെഎസ്ആർടിസിയെ നിലനിർത്താൻ തുഛമായ പ്രതിഫലത്തിന് പണിയെടുത്ത തൊഴിലാളികളോടുള്ള ധാർമ്മികമായ ബാധ്യതയുമാണത്. പ്രസ്താവന തുടർന്ന് അഭിപ്രായപ്പെട്ടു. ■



# കീഴാറ്റൂർ വയൽ പിടിച്ചെടുക്കൽ മാർച്ച്

കീഴാറ്റൂർ വയൽകിളി സമര സമിതിയുടെയും ഐക്യദാർഢ്യ സമിതിയുടെയും നേതൃത്വത്തിൽ ഡിസംബർ 30ന് വയൽ പിടിച്ചെടുക്കൽ മാർച്ച് നടന്നു. കീഴാറ്റൂർ വയൽ കർഷകർക്ക് അവകാശപ്പെട്ടതാണെന്നും ഒരു കോർപറേറ്റുകൾക്കും വിട്ടുകൊടുക്കില്ലെന്നും പ്രതിജ്ഞ ചെയ്തുകൊണ്ട് വയൽ പിടിച്ചെടുത്ത് ബാനർ കെട്ടി. വയലിന് സമീപം നടന്ന പൊതുസമ്മേളനം കണ്ടങ്കാളി സമര നേതാവ് പത്മനാഭൻ ഉദ്ഘാടനം ചെയ്തു. ഐക്യദാർഢ്യ സമിതി ചെയർമാൻ ഡോ.ഡി.സുരേന്ദ്രനാഥ് അദ്ധ്യക്ഷത വഹിച്ചു. വയൽകിളി സമരനേതാവ് സുരേഷ് കീഴാറ്റൂർ, സി.ആർ.നീലകണ്ഠൻ, ആർഎംപിഐ നേതാവ് കെ.കെ.രമ, എസ്‌യുസിഐ(സി) കണ്ണൂർ ജില്ലാ കമ്മിറ്റിയംഗം അഡ്വ.പി.സി.വിവേക്, ദേശീയ പാത ആക്ഷൻ കൗൺസിൽ കണ്ണൂർ ജില്ലാ കൺവീനർ അനൂപ് ജോൺ, വെൽഫെയർ പാർട്ടി ജില്ലാപ്രസിഡന്റ് സൈനുദ്ദീൻ കരിവെള്ളൂർ, സുനിൽ കുമാർ, നോബിൾ പൈകട, നിശാന്ത് പരിയാരം, വിവിധ രാഷ്ട്രീയ-സാമൂഹ്യ-പരിസ്ഥിതി സംഘടനാ നേതാക്കൾ എന്നിവർ പ്രസംഗിച്ചു. ■

# മോദി ഭരണത്തിനെതിരെ ജനരോഷം ആളിക്കത്തിയ പൊതുപണിമുടക്ക്

തൊഴിലാളിവിരുദ്ധ-ജനവിരുദ്ധ നയങ്ങൾക്കെതിരെ ജനുവരി 8,9 തീയതികളിൽ നടന്ന, ജനരോഷം ശക്തമായി പ്രതിഫലിപ്പിക്കപ്പെട്ട അഖിലേന്ത്യാ പൊതു പണിമുടക്ക് കേന്ദ്ര ബിജെപി സർക്കാരിനെതിരായ വിധിപ്രഖ്യാപനമായി മാറിയിരിക്കുന്നു. മുൻ പൊതുപണിമുടക്കുകളെയെല്ലാം പിന്നിലാക്കിക്കൊണ്ട് 20 കോടിയോളം തൊഴിലാളികൾ ഇപ്രാവശ്യം പണിമുടക്കിയെന്നാണ് പ്രാഥമിക വിലയിരുത്തൽ. രാജ്യത്തെ തൊഴിലെടുക്കുന്നവരുടെയും ബഹുജനങ്ങളുടെയും ജീവിതം തീർത്തും ദുസ്സഹമാക്കിയിരിക്കുന്ന കോർപ്പറേറ്റ് അനുകൂല നയങ്ങൾക്കെതിരെ, ട്രേഡ് യൂണിയൻ അംഗത്വത്തിനുപരിയായിപ്പോലും തൊഴിലാളികൾ പണിമുടക്കിൽ പങ്കുകൊണ്ടു. ബിഎംഎസ് ഒഴികെയുള്ള കേന്ദ്ര ട്രേഡ് യൂണികൾ ആഹ്വാനം ചെയ്ത പണിമുടക്കിന് ആധാരമായി 12 ഇന ഡിമാന്റുകളാണ് മുന്നോട്ട് വച്ചിട്ടുള്ളത്. രാജ്യത്തെ ഉല്പാദന-സർവ്വീസ് മേഖലകളെയെല്ലാം പണിമുടക്ക് ബാധിച്ചു. കേരളത്തിൽ ഒന്നേകാൽ കോടിയോളം തൊഴിലാളികൾ പണിമുടക്കി. പൊതുഗതാഗതം, വിദ്യാഭ്യാസം, കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, സ്കീം തൊഴിൽ, ബാങ്ക് തുടങ്ങിയ പ്രധാന മേഖലകളിലെ ജീവനക്കാരെല്ലാം പണിമുടക്കിലേർപ്പെട്ടു. നിരവധി കേന്ദ്രങ്ങളിൽ ട്രെയിൻ തടയൽ സമരം നടന്നു.



ട്രേഡ് യൂണിയൻ സംയുക്ത സമിതിയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ നടന്ന പ്രകടനം

തിരുവനന്തപുരത്ത് നടന്ന തൊഴിലാളി റാലിയിൽ അയ്യായിരത്തിലേറെ തൊഴിലാളികൾ പങ്കെടുത്തു. പാളയത്തുനിന്നും ഓരോ യൂണിയനുകളുടെയും പ്രത്യേക ബാനറിനു കീഴിൽ നടന്ന പ്രകടനം സെക്രട്ടേറിയറ്റിന്റെ തെക്കെ ഗെയ്റ്റിൽ ഒരുക്കിയ സമരകേന്ദ്രത്തിൽ സമ്മേളിച്ചു. ഐഎൻടിയുസി നേതാവ് പാലോട് രവിയുടെ അദ്ധ്യക്ഷതയിൽ നടന്ന തൊഴിലാളി റാലി സിഐടിയു സംസ്ഥാന പ്രസിഡണ്ട് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. എഐയുറ്റിയുസിയെ പ്രതിനിധീകരിച്ച് സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ പ്രസംഗിച്ചു. മോദി സർക്കാരിന്റെ നയങ്ങൾക്കെതിരെ രാജ്യവ്യാപകമായി ഉയരുന്ന രോഷപ്രകടനമാണ് ഈ പൊതുപണിമുടക്കിൽ പ്രതിഫലിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നാലു മാസത്തോളം നീണ്ടുനിന്ന പ്രചാരണ പ്രവർത്തനങ്ങളോടെ, വിവിധ മേഖലകളിലെ തൊഴിലാളികളെ പണിമുടക്കിന്റെ ഡിമാന്റുകൾ ബോദ്ധ്യപ്പെടുത്തിക്കൊണ്ടാണ് ഈ പണിമുടക്ക് നടക്കുന്നതെന്നും, അർധരാത്രിൽ പ്രഖ്യാപിക്കുന്ന ഹർത്താലുകൾക്ക് സമാനമല്ലെന്നും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരത്ത് നടന്ന പ്രകടനത്തിന് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ, എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സഖാവ് ഡി.ഹരികൃഷ്ണൻ സഖാക്കൾ ആർ.ബിജു, ജി.ആർ. സുഭാഷ് എന്നിവർ നേതൃത്വം നൽകി.

കൊല്ലം ജില്ലയിൽ നാലിടത്ത് ട്രെയിൻ തടഞ്ഞു. കൊല്ലം ടൗണിൽ നടന്ന ട്രെയിൻ തടയൽ സമരത്തിന് എഐയുറ്റിയുസി കൊല്ലം ജില്ലാ പ്രസിഡണ്ട് സഖാവ് എസ്.രാധാകൃഷ്ണൻ, സഖാവ് രാമചന്ദ്രൻ എന്നിവരും, കൊട്ടാരക്കരയിൽ സഖാവ് പി.പി.പ്രശാന്ത്, പുനലൂരിൽ സഖാക്കൾ ജി.ധ്രുവകുമാർ, രാജു, കരുനാഗപ്പള്ളിയിൽ സഖാവ് ബി.വിനോദ് എന്നിവർ നേതൃത്വം നൽകി.

കൊല്ലം ടൗണിലെ സമരകേന്ദ്രത്തിൽ ആദ്യദിവസം എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് എസ്.രാധാകൃഷ്ണനും, രണ്ടാം ദിവസം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ.ജോണും പ്രസംഗിച്ചു. കുണ്ടറയിൽ സഖാവ് ആനന്ദൻപിള്ള, കൊട്ടാരക്കരയിൽ സഖാവ് പി.പി.പ്രശാന്ത്, പുനലൂരിൽ സഖാവ് ജി.ധ്രുവകുമാർ, അഞ്ചലിൽ സഖാവ് കെ.ശശാങ്കൻ, കരുനാഗപ്പള്ളിയിൽ ജല്ലാ സെക്രട്ടറി സഖാവ് ബി.വിനോദ് എന്നിവരും പ്രസംഗിച്ചു.

പത്തനംതിട്ട ഗാന്ധി സ്ക്വയറിൽ നടന്ന സമരസംഗമത്തിൽ എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സഖാവ് കെ.ജി.അനിൽകുമാർ പ്രസംഗിച്ചു. രണ്ടാം ദിവസം എഐയുറ്റിയുസി ജില്ലാ ട്രഷറർ സഖാവ് സനല ജോർജ് അദ്ധ്യക്ഷത വഹിച്ചു. എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് എസ്.രാജീവൻ പ്രസംഗിച്ചു. തിരുവല്ലയിൽ സഖാക്കൾ കെ.ബിജിരാജ്, രതീഷ് രാമകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

ആലപ്പുഴ ജില്ലയിലെ 11 സമരകേന്ദ്രങ്ങളിലും, ട്രെയിൻ തടയൽ സമരത്തിലും എഐയുറ്റിയുസി ജില്ലാ നേതാക്കളും മറ്റ് സഖാക്കളും സജീവമായി പങ്കെടുത്തു. ആലപ്പുഴ ടൗൺ സമരകേന്ദ്രത്തിൽ എഐയുറ്റിയുസി ജില്ല സെക്രട്ടറി സഖാവ് പി.ആർ.സതീശൻ, സംസ്ഥാന കമ്മിറ്റി അംഗം സഖാവ് എം.എ.ബിന്ദു എന്നിവർ പ്രസംഗിച്ചു. അമ്പലപ്പുഴ സമരസംഗമം രണ്ടാം ദിവസം എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് കെ.ആർ.ശശി ഉദ്ഘാടനം ചെയ്തു. ആദ്യ ദിവസം സംസ്ഥാനകമ്മിറ്റി അംഗങ്ങളായ സഖാക്കൾ പി.ആർ.സതീശൻ, ആർ.അർജുനൻ, കെ.പി.സുബൈദ എന്നിവർ പ്രസംഗിച്ചു.

തുറവൂരിൽ സഖാവ് എൻ.കെ.ശശികുമാർ, ചേർത്തലയിൽ സഖാവ് കെ.പി.മനോഹരൻ, ഹരിപ്പാട് സഖാവ് എ.മുഹമ്മദ്, മാവേലിക്കരയിൽ സഖാവ് കെ.ആർ.ഓമനക്കുട്ടൻ, മാന്നാറിൽ സഖാക്കൾ ഭുവനേശ്വരൻ, കെ.ബിമൽജി, കുട്ടനാട് സഖാവ് കെ.ആർ.അനിൽ, കാവാലത്ത് സഖാവ് ടി.ശശി, മങ്കൊമ്പ് സഖാവ് പി.ഗണേഷ് ബാബു എന്നിവർ പ്രസംഗിച്ചു. കായംകുളത്ത് നടന്ന ട്രെയിൻ തടയൽ സമരത്തിൽ പങ്കെടുത്ത് പ്രസംഗിച്ച എഐയുറ്റിയുസി ജില്ലാ ട്രഷറർ സഖാവ് അനിൽപ്രസാദ് അറസ്റ്റ് വരിച്ചു. ചെങ്ങന്നൂരിൽ ട്രെയിൻ തടയലിന് നേതൃത്വം നൽകുകയും പ്രസംഗിക്കുകയും ചെയ്ത എഐയുറ്റിയുസി ജില്ലാ കമ്മിറ്റി അംഗം സഖാവ് മധു ചെങ്ങന്നൂർ അറസ്റ്റ് വരിച്ചു.



പണിമുടക്ക് ദിനത്തിൽ കോട്ടയം ടൗണിൽ നടന്ന തൊഴിലാളി റാലി

കോട്ടയം ജില്ലാ കേന്ദ്രത്തിൽ നടന്ന സമരസംഗമത്തിൽ സമരസമിതി ജില്ലാ കൺവീനറും എഐയുറ്റിയുസി ജില്ലാ സെക്രട്ടറിയുമായ സഖാവ് വി.പി.കൊച്ചുമോൻ സ്വാഗതപ്രസംഗം നടത്തി. രണ്ടാം ദിവസം കോട്ടയത്ത് നടന്ന ട്രെയിൻ തടയൽ സമരത്തിന് സഖാക്കൾ വി.പി.കൊച്ചുമോൻ, എ.ജി.അജയകുമാർ എന്നിവർ നേതൃത്വം നൽകി.



സെക്രട്ടേറിയറ്റിന് മുന്നിൽ തൊഴിലാളി റാലിയെ എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ അഭിവാദ്യം ചെയ്യുന്നു

ചങ്ങനാശ്ശേരിയിലെ സമരസംഗമം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് മിനി.കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ട്രെയിൻ തടയലിന് എഐയുറ്റിയുസി സംസ്ഥാന കമ്മിറ്റി അംഗം സഖാവ് കെ.എൻ.രാജൻ, ജില്ലാ കമ്മിറ്റി അംഗം സഖാവ് ടി.ബി.അനിൽകുമാർ എന്നിവർ നേതൃത്വം നൽകി.

മാടപ്പള്ളിയിൽ സംയുക്ത സമിതി പഞ്ചായത്ത് കൺവീനർ സഖാവ് കെ.എൻ.രാജൻ അദ്ധ്യക്ഷത വഹിച്ചു. തൃക്കൊടിത്താനത്ത് സംസ്ഥാന കമ്മിറ്റി അംഗം സഖാവ് കെ.എസ്.ചെല്ലമ്മ പ്രസംഗിച്ചു. ചിങ്ങവനത്ത് സഖാവ് എ.ജി.അജയകുമാർ, പാമ്പാടിയിൽ സഖാക്കൾ എം.വി.ചെറിയാൻ, ടി.അരുൺജിത്ത് എന്നിവരും പ്രസംഗിച്ചു. വെള്ളൂരിൽ നടന്ന സമരസംഗമം എഐയുറ്റിയുസി സംസ്ഥാന കമ്മിറ്റി അംഗം സഖാവ് എം.കെ.കണ്ണൻ ഉദ്ഘാടനം ചെയ്തു.

തൊടുപുഴ സമരകേന്ദ്രത്തിൽ നടന്ന പൊതുസമ്മേളനത്തിൽ എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് എം.എൻ.അനിൽ പ്രസംഗിച്ചു.

എറണാകുളം സിറ്റിയിൽ വഞ്ചി സ്ക്വയറിൽ നടന്ന സമരസംഗമത്തിൽ എഐയുറ്റിയുസി സംസ്ഥാന വൈസ് പ്രസിഡണ്ട് സഖാവ് പി.എം.ദിനേശൻ, ജില്ലാ കമ്മിറ്റി അംഗം സഖാവ് ജോണി ജോസഫ് എന്നിവർ പ്രസംഗിച്ചു. തൃപ്പൂണിത്തുറ റെയിൽവെ പിക്കറ്റിംഗിന് സഖാക്കൾ പി.എം.ദിനേശൻ, കെ.എ.സതീശൻ എന്നിവർ നേതൃത്വം നൽകി. തൃപ്പൂണിത്തുറ സമരസംഗമത്തിൽ എഐയുറ്റിയുസി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് എൻ.ആർ.മോഹൻകുമാർ, സംസ്ഥാന കമ്മിറ്റി അംഗം സഖാവ് പി.പി.സജീവ്കുമാർ എന്നിവർ പ്രസംഗിച്ചു. പിറവത്ത് സഖാക്കൾ എൻ.ആർ.മോഹൻകുമാർ, കെ.ഒ.ഷാൻ എന്നിവരും, അങ്കമാലിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി അംഗം സഖാവ് പി.പി.അഗസ്റ്റിനും പ്രസംഗിച്ചു.

അമ്പലമുകൾ വ്യവസായ മേഖലയിൽ ഈ പണിമുടക്ക് ഏതാണ്ട് പൂർണ്ണമായിരുന്നു. റിഫൈനറിയിലെ 1400 സ്ഥിരം ജീവനക്കാരിൽ 1200 പേരും പണിമുടക്കി. 2 ദിവസം പണിമുടക്കിയാൽ 18 ദിവസത്തെ ശമ്പളം പിടിക്കുമെന്ന കോടതി വിധി നേടിയ മാനേജ്മെന്റ് നടപടിയെ സധൈര്യം നേരിട്ടുകൊണ്ട് പണിമുടക്കിൽ പങ്കെടുത്ത തൊഴിലാളികളെ കൊച്ചിൻ റിഫൈനറീസ് എംപ്ലോയീസ് അസ്സോസിയേഷൻ ഭാരവാഹികളായ എൻ.ആർ.മോഹൻകുമാർ, പി.പ്രവീൺകുമാർ, പി.പി.സജീവ്കുമാർ എന്നിവർ അഭിവാദ്യം ചെയ്തു.

തൃശ്ശൂർ, ചാലക്കുടിയിൽ നടന്ന റെയിൽവെ സ്റ്റേഷൻ പിക്കറ്റിംഗിന് എഐയുറ്റിയുസി ജില്ലാ കമ്മിറ്റി അംഗം സഖാവ് എ.എം. സുരേഷ് നേതൃത്വം നൽകി. കൊടുങ്ങല്ലൂരിൽ നടന്ന സമര സംഗമത്തിൽ എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് എ.വി. ബെന്നി പ്രസംഗിച്ചു. കുന്നംകുളത്ത് എഐയുറ്റിയുസി ജില്ലാ വൈസ് പ്രസിഡണ്ട് സഖാവ് സി.ആർ.ഉണ്ണികൃഷ്ണൻ, ചാവക്കാട് സഖാ

(ശേഷം 15-ാം പേജിൽ)

**ഫെബ്രു:15**
**രാജ്ഭവൻ മാർച്ച്**

# അവശ്യ സാധനങ്ങളുടെ മൊത്ത – ചില്ലറ വ്യാപാരം സർക്കാർ ഏറ്റെടുക്കുക

*(1-ാം പേജിൽ നിന്ന്)*

യി ഒരു പ്രത്യേക അന്വേഷണ സംഘത്തിന് രൂപം നൽകുകയുമുണ്ടായി. ജസ്റ്റിസ് എം.ബി.ഷായുടെ നേതൃത്വത്തിൽ സിബിഐ, റോ, സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം എന്നിവയിലെ അംഗങ്ങൾ ഉൾപ്പെട്ട 'പ്രത്യേക അന്വേഷണ സംഘ'ത്തെയും പ്രഥമ മന്ത്രിസഭായോഗം നിയോഗിക്കുകയുണ്ടായി. അഴിമതി തടയാൻ സർക്കാർ ജീവനക്കാരുൾപ്പെടെ ആസ്തി വെളിപ്പെടുത്താനാവശ്യപ്പെട്ടു. ലോക്പാൽ നിയമത്തിലെ വ്യവസ്ഥകൾ കർശനമാക്കുമെന്നുമുള്ള അറിയിപ്പുണ്ടായി.

ചുവപ്പുനാടകൾ അഴിയുന്നു, ഭരണം സമ്പൂർണ്ണമായും ജനങ്ങളിലേക്കെത്തുന്നു എന്നായിരുന്നു ബിജെപി നേതാക്കൾ പറഞ്ഞത്. പ്രധാനമന്ത്രിയുമായുള്ള ആശയ സംവാദം ഏതൊരാൾക്കും സാദ്ധ്യമാക്കാൻ, സദ്ഭരണം ഊട്ടിയുറപ്പിക്കുവാൻ 'മൈഗാവ്' എന്ന ആപ്ലിക്കേഷൻ (ആപ്പ്) പോലും നടപ്പിലാക്കി. ഇതുവഴി ഭരണം സുതാര്യമാക്കുമെന്നും പ്രഖ്യാപിച്ചു.

കാർഷിക മേഖലയെ രക്ഷിക്കാനും, കർഷക ആത്മഹത്യ തടയാനുമെന്ന പ്രചരണത്തോടെ ഒരു പദ്ധതിയും പ്രഖ്യാപിച്ചു. പലിശയിളവ്, സബ്സിഡി ഉൾപ്പെടെയുള്ള ധാരാളം പദ്ധതികളിലൂടെ കർഷകന് സർക്കാർ താങ്ങാവും എന്ന് പ്രതിജ്ഞ ചെയ്തു. രണ്ടാം ഹരിത വിപ്ലവത്തിന് തങ്ങൾ തുടക്കം കുറിക്കുകയാണെന്നും പ്രഥമ ബജറ്റിൽ പ്രഖ്യാപനമുണ്ടായി.

യുവാക്കളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി 'പുനർ ജാഗരൺ പദ്ധതി', 'സ്കിൽ ഇന്ത്യ പദ്ധതി' ഇവയും പ്രഖ്യാപിച്ചു. 2 കോടി പേർക്ക് പ്രതിവർഷം തൊഴിൽ നൽകുമെന്നും കർഷക ആത്മഹത്യ ഇനിയുണ്ടാവില്ലെന്നുമായിരുന്നു സർക്കാരിന്റെ പ്രഖ്യാപനം. ഭരണത്തിലേറി 4 വർഷവും 7 മാസവും കടന്നിരിക്കുന്ന ഈ വേളയിൽ നമ്മുടെ രാജ്യം അകപ്പെട്ടിരിക്കുന്ന ഭീകരമായ സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ പരിതസ്ഥിതികളെ സാമാന്യമായി പരിശോധിക്കുന്ന ഏതൊരാൾക്കും മനസ്സിലാകുന്ന ഒരു കാര്യമുണ്ട്, ഇവയൊന്നും വാഗ്ദാനങ്ങളായിപ്പോലും നിലകൊള്ളുന്നില്ല എന്നതാണത്. മാത്രമല്ല, സർക്കാർ ഓരോ ദിവസവും കൈക്കൊണ്ട നയങ്ങൾ ജനങ്ങളുടെ ജീവിതത്തെ തകർത്തെറിയുന്നവയും ആയിരുന്നു. വിലക്കയറ്റം, തൊഴിലില്ലായ്മ, അഴിമതി എന്നിവ എല്ലാ സീമകളും കൈവിട്ടിരിക്കുന്നു. എന്നു മാത്രമല്ല മുൻ യുപിഎ സർക്കാർ നടപ്പിലാക്കിവന്ന ജനവിരുദ്ധ നയങ്ങളെല്ലാം അതേപടി തുടരുകയും കോർപ്പറേറ്റുകളുടെ ദാസന്മാരായി മാറിക്കൊണ്ട് കൂടുതൽ മൃഗീയമായ മുതലാളിത്ത ചൂഷണത്തിനും അടിച്ചമർത്തലിനുമായി തൊഴിലാളികളെയും കർഷകരെയും സാധാരണക്കാരെയും എറിഞ്ഞുകൊടുക്കുന്ന അവസ്ഥയുമാണ് സൃഷ്ടിച്ചിരിക്കുന്നത്.

### വിലക്കയറ്റം

സംസ്ഥാനം ചരിത്രത്തിലെ ഏറ്റവും വലിയ വിലക്കയറ്റത്തിന്റെ പിടിയിലാണ്. അരി, പച്ചക്കറി, മത്സ്യ-മാംസങ്ങൾ എന്നിവക്കെല്ലാം ഒരേപോലെ വില കുതിച്ചുയർന്നിരിക്കുന്നു. അരിയുടെ വില യാതൊരു നിയന്ത്രണവുമില്ലാതെയാണ് വർദ്ധിക്കുന്നത്.

ജയ അരിക്ക് 40 മുതൽ 45 വരെയും സുരേഖ അരിക്ക് 41–43 രൂപയുമാണ് ഹോൾസെയിൽ വില. എന്നാൽ ഇത് ചില്ലറ വിൽപ്പന കടകളിലെത്തുമ്പോൾ കിലോക്ക് 55 രൂപയും അതിനുമുകളിലും ഈടാക്കപ്പെടുന്നു. ചമ്പാ അരിയുടെ വില 58 രൂപയാണ്. ബ്രാന്റഡ് മട്ട അരി കിലോ 51 മുതൽ 55 രൂപ വരെയാണ് വില. പച്ചരി 22 ൽ നിന്ന് 26 എന്ന നിലയിലേക്ക് ഉയർന്നു. കാബൂളി കടല കിലോക്ക് 180 രൂപയായി. നാടൻ കടല കിലോക്ക് 92 മുതൽ 96 വരെയായി വില ഉയർന്നു. ചെറിയ ഉള്ളി കിലോക്ക് 140 മുതൽ 145 വരെയായി. വെളിച്ചെണ്ണക്ക് 147 രൂപയാണ് വില. പഞ്ചസാര-45, വൻപയർ-78, കാരറ്റ്-80, ബീറ്റ്റൂട്ട്-46, കുമ്പളങ്ങ-27, കറിക്കടല -100, ജീരകം-290 ഇങ്ങനെയൊക്കെയാണ് വിലകൾ.

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അവശ്യ സാധനങ്ങളുടെ വില ശരാശരി 72 ശതമാനം വർധിച്ചു. കാപ്പി, ചായ, മത്സ്യം, മാംസം, പാൽ, പയർ തുടങ്ങിയവയുടെ വിലയിൽ യഥാക്രമം 158.07 ശതമാനം, 78.88 ശതമാനം, 74.12 ശതമാനം, 73.69 ശതമാനം വർധനയുണ്ടായി. കാപ്പി, തേയില, ഗോതമ്പ്, പഴവർഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ വിലയും ഈ കാലയളവിൽ യഥാക്രമം 70.75, 66.89, 63.25, 59.31 ശതമാനം ഉയർന്നു.

> **അവശ്യസാധനങ്ങളുടെ മൊത്ത-ചില്ലറ വ്യാപാരം ഏറ്റെടുക്കാനുള്ള ആർജ്ജവം സർക്കാർ കാണിക്കണം. അത്തരത്തിൽ നിയമനിർമ്മാണം നടത്തണം. അങ്ങനെ മാത്രമേ കർഷകന് ന്യായമായ വില ലഭിക്കുകയുള്ളൂ. ജനങ്ങളെ ഭീമമായ വിലക്കയറ്റത്തിൽനിന്ന് രക്ഷിക്കാനും അതിനേ കഴിയൂ.**

### കാർഷികമേഖല

20 വർഷം കൊണ്ട് ഇന്ത്യയിൽ 4,00,000 കർഷകർ ആത്മഹത്യ ചെയതു. വടക്കേ ഇന്ത്യയിൽ വൻ കർഷക പ്രക്ഷോഭമാണ് നടക്കുന്നത്. കർഷകർ പറയുന്നു:"ഞങ്ങളുടെ വരുമാനം ഇരട്ടിയാക്കിത്തരാമെന്ന് പ്രധാനമന്ത്രി പറഞ്ഞു. പക്ഷേ ഇപ്പോൾ ഞങ്ങൾക്ക് ഭക്ഷണത്തിനുപോലും വകയില്ല. ഉൽപ്പാദിപ്പിക്കുന്ന ഓരോ നെൽമണിയിലും ഞങ്ങൾ നഷ്ടം സഹിക്കുന്നു. മുഴുവൻ കടങ്ങളും എഴുതിത്തള്ളണം. പാർലമെന്റിൽ കർഷക വിഷയങ്ങൾ ചർച്ച ചെയ്യാനായി പ്രത്യേക സെഷൻ ചേരണം." ഇതാണ് അവരുടെ ആവശ്യം. 55% ഇന്ത്യക്കാർ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു.78% കർഷകരും കടക്കെണിയിലാണ്. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില അവർക്ക് ലഭിക്കുന്നില്ല. ഉള്ളി വിളവെടുക്കുമ്പോൾ കർഷകന് ലഭിക്കുന്നത് കിലോക്ക് ഒരു രൂപയും രണ്ടു രൂപയുമൊക്കെയാണ്. ഉള്ളി, തക്കാളി, ഉരുളക്കിഴങ്ങ് തുടങ്ങിയ പ്രാഥമിക വിളകൾ എല്ലാം കടുത്ത പ്രതിസന്ധി നേരിടുകയാണ്. കഴിഞ്ഞ വർഷം ഉള്ളിക്ക് 100 കിലോക്ക് 1800 മുതൽ 1900 രൂപവരെ കിട്ടിയിരുന്നു. ഇപ്പോൾ അത് 500 ഉം 600 ഉം രൂപയായി. 100 രൂപയ്ക്കും 200 രൂപയ്ക്കുംവരെ മൾട്ടിനാഷണൽ കമ്പനികൾക്ക് ഉള്ളി വില്പന നടത്തേണ്ട ഗതികേടിലാണ് കർഷകർ. ഹരിയാനയിലും ഉത്തർപ്രദേശിലും തമിഴ്നാട്ടിലെ രായക്കോട്ടയിലും കൃഷ്ണഗിരിയിലും സേലത്തെ വലപ്പാടിയിലും തക്കാളി വില 20ൽ നിന്നും 2 രൂപയിലേക്ക് താഴ്ന്നതിനെ തുടർന്ന് വിളവെടുക്കാതെ കർഷകർക്ക് അത് നശിപ്പിക്കേണ്ടി വന്നു. ഒരു വർഷം കഴിഞ്ഞുകൂടാമെന്ന പ്രതീക്ഷയോടെ വിളവെടുപ്പു നടത്തിയ തക്കാളി കർഷകരുടെ ആശയറ്റു. ഏറ്റവും ഒടുവിലായി രാജ്യത്തെ വെളുത്തുള്ളിയുടെ 45% ഉം ഉൽപ്പാദിപ്പിക്കുന്ന മദ്ധ്യപ്രദേശിലെയും രാജസ്ഥാനിലെയും കർഷകരുടെ പ്രതിസന്ധിയെക്കറിച്ചുള്ള വിവരങ്ങൾ 'ദ ഹിന്ദു' ദിനപ്പത്രം റിപ്പോർട്ട് ചെയ്തു. വെളുത്തുള്ളിക്ക് കിലോക്ക് ഒരു രൂപയായി വിലതാണതിനാൽ ഭുരിപക്ഷം കർഷകരും ഈ വർഷം വിളവെടുത്തിട്ടില്ല.

കേന്ദ്ര സർക്കാരിന്റെ 'ഓപ്പറേഷൻ ഗ്രീൻ' എന്ന പുതിയ പദ്ധതി കർഷകരുടെ വിഷയത്തിൽ കണ്ണിൽ പൊടിയിടുന്ന ഏർപ്പാടാണ്. കടക്കെണിയിലാണ്ട കർഷകർക്ക് വീണ്ടും കടം നൽകുകയും സർഫാസി പോലുള്ള നിയമങ്ങളിൽ കുടുക്കി അവരെ വഴിയാധാരമാക്കാനുമുള്ള ഹീന പദ്ധതിയാണ് അതിനുപിന്നിൽ ഒളിഞ്ഞിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഒത്താശയോടെ കുത്തകകൾക്ക് സംഭരിച്ച് വിപണനം നടത്താൻ വഴിയൊരുക്കുന്ന അവധി വ്യാപാരത്തിലധിഷ്ഠിതമായ കോൺട്രാക്ട് കൃഷി സമ്പ്രദായം കർഷകരുടെമേൽ അടിച്ചേൽപ്പിക്കാൻ ഇത് കളമൊരുക്കുകയാണ്. സർക്കാരിന്റെ കുത്തകാനുകൂല നയം തന്നെയാണ് ഈ സ്ഥിതി വരുത്തി വയ്ക്കുന്നത്.

വിളവെടപ്പുകാലത്ത് തുച്ഛമായ വിലക്ക് വാങ്ങി സംഭരിക്കുന്ന കാർഷികോൽപ്പന്നങ്ങൾ പിന്നീട് കൃത്രിമമായി വിലയുയർത്തി വിറ്റത് നാം കണ്ടു. സവാളക്ക് നൂറ് രൂപവരെ വില കൊടുത്ത് നമുക്ക് വാങ്ങേണ്ടി വന്നിട്ടുണ്ട്. അപ്പോഴും അദ്ധ്വാനിച്ച, കടമെടുത്ത് മുടിഞ്ഞ കർഷകന് വില കിട്ടിയില്ല. കൗശലക്കാരായ കോർപ്പറേറ്റ് ചൂതാട്ടക്കാർ വിപണിയിൽ വ്യാപകമാണ്. കോർപ്പറേറ്റ് മൂലധനം കാർഷിക വിപണി കൈയ്യടക്കിയിരിക്കുന്നു. തങ്ങളുടെ വിപുലമായ സാമ്പത്തിക ശേഷിയും സംഭരണ ശേഷിയും മുതലാക്കി അവർ കൃത്രിമക്ഷാമവും വിലക്കയറ്റവും സൃഷ്ടിക്കുന്നു. കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾ തീവ്രമായ സമ്മർദ്ദത്തിന് വഴങ്ങിക്കൊണ്ട് തുച്ഛമായ വിലയ്ക്ക് വിൽക്കേണ്ടി വരുന്നു.

അവശ്യസാധനങ്ങളുടെ മൊത്ത-ചില്ലറ വ്യാപാരം ഏറ്റെടുത്ത് നടത്താനുള്ള ആർജ്ജവം സർക്കാർ കാണിക്കണം. അത്തരത്തിൽ നിയമനിർമ്മാണം നടത്തണം. അങ്ങനെ മാത്രമേ കർഷകന് ന്യായമായ വില ലഭിക്കുകയുള്ളൂ. ജനങ്ങളെ ഭീമമായ വിലക്കയറ്റത്തിൽനിന്ന് രക്ഷിക്കാനും അതിനേ കഴിയൂ.

### പെട്രോൾ-ഡീസൽ- പാചക വാതക വില വർദ്ധനവ്

അന്തമില്ലാതെ കുതിക്കാ

*(ശേഷം 16-ാം പേജിൽ)*

# പൊതുപണിമുടക്ക്

*(14-ാം പേജിൽ നിന്ന്)*

ക്കൾ സി.വി. പ്രേംരാജ്, സി. ആർ. ഉണ്ണികൃഷ്ണൻ എന്നിവരും കടപ്പുറം അഞ്ചങ്ങാടി സെന്ററിൽ സഖാവ് എം. ശ്രീകുമാറും പ്രസംഗിച്ചു. ചാവക്കാട് സമരകേന്ദ്രത്തിൽ ബ്ലാങ്ങാട് ജനകീയ സംഗീതസഭയുടെ ഗാനസദസ്സ് നടന്നു.

പാലക്കാട് ഒലവക്കോട് റെയിൽവെ സ്റ്റേഷൻ കേന്ദ്രീകരിച്ച് നടന്ന ട്രെയിൻ തടയൽ സമരത്തിന് എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ടും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ സഖാവ് കെ.അബ്ദുൾ അസീസ്സ് നേതൃത്വം നൽകുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. കോട്ടമൈതാനം മുനിസിപ്പൽ ഓഫീസിന് മുമ്പിൽ നടന്ന സമര സംഗമത്തിൽ സഖാവ് കെ. അബ്ദുൾ അസീസ്സ് പ്രസംഗിച്ചു. എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സഖാവ് കെ. പ്രദീപ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ സഖാക്കൾ കെ.പ്രസാദ്, ആർ.ഉണ്ണികൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. ചിറ്റൂർ സമര കേന്ദ്രത്തിൽ എഐയുറ്റിയുസി ജില്ലാ വൈസ് പ്രസിഡണ്ട് സഖാവ് കെ.രാമനാഥൻ പ്രസംഗിച്ചു.

പണിമുടക്ക് വിജയിപ്പിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് എഐയുറ്റിയുസിയും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയും ചേർന്ന് മലപ്പുറത്ത് നടത്തിയ പൊതുസമ്മേളനത്തിൽ പാർട്ടി ജില്ലാ ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അംഗം സഖാവ് കെ.അബ്ദുൾ അസീസ്സ്, എഐയുറ്റിയുസി സംസ്ഥാന കമ്മിറ്റി അംഗം സഖാവ് പി.എം.ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു. സഖാവ് എ.നാസ്സർ സ്വാഗതം പറഞ്ഞു.

കോഴിക്കോട് സിറ്റിയിൽ ലിങ്ക് റോഡിൽ നടന്ന സമരസംഗമത്തിൽ എഐയുറ്റിയുസി ജില്ലാ സെക്രട്ടറി സഖാവ് പി.എം. ശ്രീകുമാർ പ്രസംഗിച്ചു. കുറ്റ്യാടിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി അംഗം സഖാവ് എം.കെ.രാജൻ പ്രസംഗിച്ചു.

കണ്ണൂരിൽ നടന്ന റെയിൽ തടയലിന് എഐയുറ്റിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് എം. കെ. ജയരാജൻ, സെക്രട്ടറി സഖാവ് അനൂപ് ജോൺ എന്നിവർ നേതൃത്വം നൽകി അറസ്റ്റ് വരിച്ചു. കണ്ണൂർ സൗത്ത് ബസ്സാറിൽ നടന്ന സമരസംഗമത്തിൽ സഖാവ് എം.കെ.ജയരാജൻ, സഖാവ് അനൂപ് ജോൺ എന്നിവർ പ്രസംഗിച്ചു. നാറാത്ത്, കമ്പിൽ നടന്ന യോഗത്തിൽ എഐയുറ്റിയുസി ജില്ലാ വൈസ് പ്രസിഡണ്ട് അഡ്വ. പി.സി.വിവേക് പ്രസംഗിച്ചു. ■

# പെട്രോളിയം വിലനിർണ്ണയ അധികാരം പുനഃസ്ഥാപിക്കുക

(12-ാം പേജിൽ നിന്ന്)

നും മാത്രം ലോകകമ്പോളത്തിൽ ക്രൂഡ് ഓയിലിന് വില ഏറിയിട്ടില്ല. ഇപ്പോഴും അന്തർദ്ദേശീയ മാർക്കറ്റിൽ ബാരലിന് 70 ഡോളറിന്റെ പരിസരത്ത് മാത്രമാണ് ക്രൂഡ് ഓയിൽ വില.

ഇന്ധനവില വർദ്ധനവ് അവശ്യ-നിത്യോപയോഗ സാധനവിലകളിൽ അടക്കം പ്രതിഫലിക്കുമ്പോഴും ജനങ്ങൾക്ക് ആശ്വാസപ്രദമായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാരുകൾ തയ്യാറാകുന്നില്ല. വിലക്കയറ്റത്തിന് കാരണമായി അന്തർദ്ദേശീയ മാർക്കറ്റിലെ ക്രൂഡ് ഓയിൽ വിലക്കയറ്റവും, വിലനിയന്ത്രണാധികാരം എണ്ണക്കമ്പനികൾക്കാണ് എന്നതും പോലെയുള്ള തൊടുന്യായങ്ങളാണ് സർക്കാർ പറയുന്നതെങ്കിലും സർക്കാർ തീരുമാനിച്ചാൽ വില വർദ്ധിക്കാതെയുമിരിക്കും. പാചകവാതകത്തിനും സിലിണ്ടർ ഒന്നിന് 100 രൂപയുടെ ഭീമമായ വർദ്ധനവ് അടിച്ചേൽപ്പിച്ചിരിക്കുകയാണ്. വർദ്ധിപ്പിച്ച തുക സബ്സിഡിയായി ബാങ്കിൽ വരുമത്രെ. സബ്സിഡി പൂർണ്ണമായും നിർത്തൽ ചെയ്യുന്നതിലേയ്ക്കുള്ള ചുവടുവയ്പുകളാണ് ഇവയെല്ലാം.

**വില വർദ്ധനവിന് കാരണം ഭീമമായ നികുതി**

അന്തർദ്ദേശീയ മാർക്കറ്റിൽ വില ഇടിഞ്ഞുകൊണ്ടിരിക്കുമ്പോഴും ഇന്ത്യയിലെ ഭീമമായ വിലവർദ്ധനവിന് കാരണം പെട്രോളിയം ഉൽപ്പന്നങ്ങളുടെമേൽ ചുമത്തുന്ന അന്യായ നികുതി ഒന്നുമാത്രമാണ്. പെട്രോൾ-ഡീസൽ വിലയിൽ പകുതിയിലേറെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിച്ചേൽപ്പിച്ചിരിക്കുന്ന നികുതിയാണ്.

9.96 ലക്ഷം കോടി രൂപയാണ് കഴിഞ്ഞ മൂന്നേമുക്കാൽ വർഷംകൊണ്ട് കേന്ദ്രസർക്കാരിന് നികുതിയിനത്തിൽ ലഭിച്ചത്. എക്സൈസ് നികുതി, കസ്റ്റംസ് നികുതി, എണ്ണക്കമ്പനികളിൽ നിന്നുള്ള ലാഭവിഹിതം എന്നിവയെല്ലാം ഉൾപ്പെടെയാണിത്. എണ്ണക്കമ്പനികളുടെ ലാഭംകൂടി കണക്കിലെടുത്താൽ തുക 11ലക്ഷം കോടി കവിയും! സ്വകാര്യ എണ്ണക്കമ്പനികൾ കുന്നുകൂട്ടുന്ന ലാഭം ഇതിൽ ഉൾപ്പെടില്ല. നാലുവർഷത്തെ ബിജെപി ഭരണത്തിൽ 16.57ലക്ഷം കോടി രൂപയാണ് പെട്രോളും ഡീസലും വിറ്റവകയിൽ മാത്രം കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നേടിയിരിക്കുന്നത്.

**ഫെബ്രു:15**
**രാജ്ഭവൻ മാർച്ച്**

2013ൽ 110 ഡോളറിനും മുകളിൽ എത്തിയിരുന്ന അന്താരാഷ്ട്ര ക്രൂഡ് ഓയിൽ വില 2014ൽ ബാരലിന് 40 ഡോളർവരെ താഴുന്ന സാഹചര്യമുണ്ടായി. അപ്പോഴും അതിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭ്യമായില്ല. മറിച്ച് കേന്ദ്രസർക്കാർ എക്സൈസ് തീരുവ വർദ്ധിപ്പിച്ചു. വാറ്റ് 2014 നവംബറിൽ 20 ശതമാനമായിരുന്നത് 2017 നവംബറിൽ 27 ശതമാനമാക്കി. അത് ഇപ്പോഴും തുടരുകയാണ്. 2018 മെയ് 20 ന് ഒരു ബാരൽ ക്രൂഡ് ഓയിലിന് 72.5 ഡോളർ വിലയുണ്ടായിരുന്ന സമയത്ത് ശുദ്ധീകരിച്ചെടുക്കുന്ന ഒരു ലിറ്റർ പെട്രോളിന്റെ വില കേവലം 36 രൂപ 93 പൈസയേ വരുന്നുള്ളൂ. എക്സൈസ് ഡ്യൂട്ടിയും റോഡ് നികുതിയുമായി 19 രൂപ 48 പൈസ, ഡീലേഴ്സിന്റെ കമ്മീഷൻ 3 രൂപ 62 പൈസ, 27 ശതമാനം വാറ്റ് അതായത് 16 രൂപ 21 പൈസ, പൊല്യൂഷൻ സെസ് വിത്ത് സർചാർജ് അങ്ങനെയെല്ലാം വളരെ പണിപ്പെട്ടിട്ടാണ് പെട്രോളിന് 78 രൂപ ഈടാക്കിയിരുന്നത്. ഉൽപ്പാദനച്ചെലവിനേക്കാൾ വലിയൊരു തുകയാണ് പലപേരിലുള്ള നികുതിയായി ഈടാക്കിക്കൊണ്ടിരിക്കുന്നത്.

ജനങ്ങളെ വൻതോതിൽ അന്യായമായി കുടിയൊഴിപ്പിച്ചുകൊണ്ടും സ്വകാര്യവൽക്കരിക്കുകയെന്ന ലക്ഷ്യത്തോടെയും ദേശീയ പാതകൾ ബിഒടി ചുങ്കപാതകളാക്കി മാറ്റുകയാണ്. ചരക്ക് ഗതാഗതത്തിന്റെ ചെലവേറ്റുന്ന ഈ സമ്പ്രദായവും ഭീകരമായ വിലക്കയറ്റത്തിന് കാരണമാകും. ഇന്ധനത്തിൽനിന്നും വാഹനങ്ങളിൽനിന്നും ഈടാക്കുന്ന വൻനികുതികൾ റോഡ് നിർമ്മാണത്തിനുപയോഗിക്കാതെ റോഡ് നിർമ്മാണ ബാധ്യതയിൽനിന്ന് സർക്കാരുകൾ ഒഴിഞ്ഞുപോകുന്നു.

**വിലനിർണ്ണയ അധികാരം സർക്കാർ ഏറ്റെടുക്കുക**

അല്പമെങ്കിലും ജനതാൽപര്യമുണ്ടെങ്കിൽ സർക്കാർ വില നിയന്ത്രിക്കേണ്ടതാണ്. ഏറ്റവും പ്രധാനം ഇന്ധനവില നിയന്ത്രണാധികാരം സർക്കാർ ഏറ്റെടുക്കുക എന്നതാണ്. മൻമോഹൻസിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരുന്ന കാലത്താണ് പെട്രോളിന്റെ വിലനിയന്ത്രണം എണ്ണക്കമ്പനികളെ ഏൽപ്പിക്കുന്നത്. അപ്പോഴും ഡീസൽ വിലനിയന്ത്രണ അധികാരം സർക്കാരിൽ നിക്ഷിപ്തമായിരുന്നു. പെട്രോളിന്റെ അനിയന്ത്രിതമായ വിലക്കയറ്റം ബിജെപി എന്നും രാഷ്ട്രീയ ആയുധമാക്കിയിരുന്നു. വില നിയന്ത്രിക്കാനാകാത്തത് കോൺഗ്രസ്സിന്റെ പരാജയമാണ് എന്ന് പ്രചാരണം നടത്തിക്കൊണ്ടിരുന്ന ബിജെപി 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലും അത് ആയുധമാക്കി. എന്നാൽ അധികാരത്തിലേറി വൈകാതെതന്നെ അവർ ഡീസലിന്റെമേലുള്ള വിലനിയന്ത്രണവും എടുത്തുകളയുകയാണ് ചെയ്തത്. അതുകൊണ്ട് മോദി സർക്കാർ ആദ്യം ചെയ്യേണ്ടത് വിലനിയന്ത്രണ അധികാരം സർക്കാർ ഏറ്റെടുക്കുക എന്നതാണ്.

**നാട്ടുകാരെ പാപ്പരാക്കിയ നോട്ടു നിരോധനം**

500, 1000 നോട്ടുകൾ നിരോധിച്ചുകൊണ്ട് 2016 നവംബർ 8ന് പ്രധാനമന്ത്രി രാഷ്ട്രത്തോട് പ്രഖ്യാപിച്ചത് ആ നടപടി “അഴിമതിയുടെയും കള്ളപ്പണത്തിന്റെയും ബന്ധനം” തകർക്കാൻ ലക്ഷ്യം വച്ചുള്ളതാണ് എന്നത്രെ. മൂന്നുലക്ഷത്തിനും അഞ്ചു ലക്ഷത്തിനുമിടയിൽ നോട്ടുകൾ തിരിച്ചെത്തില്ലെന്നും അങ്ങനെ ലഭിക്കുന്ന വലിയ തുക സാമൂഹ്യ സുരക്ഷാപദ്ധതികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുംമറ്റും വിനിയോഗിക്കുമെന്നും അവകാശപ്പെട്ടിരുന്നു. ഈ നടപടിയിലൂടെ അഴിമതി നിർമ്മാർജ്ജനം ചെയ്യാനും ഭീകരപ്രവർത്തനത്തിനുള്ള ധനസഹായം ഇല്ലാതാക്കാനും പണരഹിത സമ്പദ് വ്യവസ്ഥയിലേയ്ക്ക് മുന്നേറാനും നികുതിഘടന വിപുലപ്പെടുത്താനും സാധിക്കുമെന്നുമുള്ള അവകാശവാദവുമുണ്ടായിരുന്നു.

ആകെയുള്ള 15.44 ലക്ഷം കോടി രൂപയുടെ 1000, 500 നോട്ടുകളിൽ നല്ലൊരുതുക കള്ളപ്പണമെന്ന നിലയിൽ നിയമനടപടി ഭയന്ന് ബാങ്കുകളിലെത്തില്ല എന്നായിരുന്നു പറഞ്ഞിരുന്നത്. 2016 നവംബർ 23ന് അറ്റോർണി ജനറൽ സുപ്രീംകോടതിയിൽ പറഞ്ഞത് നാലഞ്ചു ലക്ഷം കോടി രൂപ വരുന്ന തുക ഇവ്വിധം വടക്കുകിഴക്കൻ മേഖലയിലും ജമ്മുകാശ്മീരിലുമൊക്കെ ഭീകരപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നുണ്ടെന്നും അത് അസാധുവാക്കാൻ കഴിയുമെന്നുമാണ്. ഈ നടപടി തെറ്റാണെന്ന് തെളിഞ്ഞാൽ തന്നെ തൂക്കിക്കൊന്നോളാൻപോലും പ്രധാനമന്ത്രി പറഞ്ഞു. എന്നാൽ യാഥാർത്ഥ്യമെന്ത്?

1) അസാധുവാക്കിയ നോട്ടുകളുടെ 98.96 ശതമാനവും, അതായത് 15.28 ലക്ഷം കോടി രൂപയും ബാങ്കുകളിൽ തിരിച്ചെത്തിയെന്ന് റിപ്പോർട്ട് പറയുന്നു. 16000 കോടി രൂപ മാത്രമേ ഇനി വരാനുള്ളൂ. ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും നേപ്പാൾ പൗരന്മാരിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമുള്ള നോട്ടുകൾകൂടി കണക്കാക്കിയാൽ ഈ കണക്കിലും വ്യത്യാസം വരും. നിശ്ചിതസമയത്ത് നോട്ട് ബാങ്കിലെത്തിക്കാൻ പലർക്കും കഴിഞ്ഞിട്ടില്ല എന്നുമോർക്കണം. അസാധുവാക്കിയ നോട്ടുകൾ ന്യായമായ കാരണങ്ങളാൽ ബാങ്കിലെത്തിക്കാൻ കഴിയാതെ പോയവർക്ക് ഒരു അവസരംകൂടി നൽകണമെന്ന് സുപ്രീംകോടതി കഴിഞ്ഞ ജൂലൈയിൽ സർക്കാരിനോട് ആവശ്യപ്പെട്ടത് ഈ പശ്ചാത്തലത്തിലാണ്.

2) 2016 നവംബർ 8നും ഡിസംബർ 30നും ഇടയിൽ ഒരു കള്ളനോട്ടും പിടിച്ചെടുത്തിട്ടില്ല എന്നാണ് സർക്കാർ പറഞ്ഞത്. ആകെ 42 കോടിയുടെ കള്ളനോട്ടു മാത്രമേ തിരിച്ചെത്തിയ തുകയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ എന്ന് റിസർവ് ബാങ്ക് പറയുന്നു. ഇത് 0.0013 ശതമാനം മാത്രമാണ്. ആകെ 400 കോടിയുടെ കള്ളനോട്ട് പ്രചാരത്തിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. പുതിയ 500, 2000 രൂപ നോട്ടുകളുടെ കള്ളനോട്ടുകൾ കൂടി കണ്ടെത്തിയ സ്ഥിതിക്ക് കള്ളനോട്ട് തടയുമെന്നത് വീൺവാക്കായി അവശേഷിക്കുന്നു.

3) ഇന്ത്യയിൽ 14.3 ശതമാനം ആളുകൾ മാത്രമാണ് പണം ബാങ്കുകളിൽ സൂക്ഷിക്കുന്നത്. ബാക്കിയുള്ളവർക്ക് നിക്ഷേപിക്കാൻ പണമില്ല, അല്ലെങ്കിൽ പണമിടപാട് നടത്തുന്നതാണ് അവർക്ക് സൗകര്യപ്രദം. ഡെബിറ്റ് കാർഡുള്ള 22ശതമാനം പേരിൽ 11ശതമാനം മാത്രമാണ് അത് ഉപയോഗിക്കുന്നത്. ബാങ്ക് അക്കൗണ്ട് ഉള്ളവരിൽ അഞ്ചോ അറോ ശതമാനം പേർ മാത്രമാണ് ഓൺലൈൻ ഇടപാടുകൾ നടത്തുന്നത് എന്നർത്ഥം. കമ്പ്യൂട്ടർ സാക്ഷരത 6.15 ശതമാനം മാത്രം. ആകെയുള്ള മൊബൈൽ ഫോണുകളിൽ 25 ശതമാനം മാത്രമാണ് സ്മാർട്ട് ഫോണുകൾ. അവയിൽത്തന്നെ എല്ലാറ്റിനും ഇന്റർനെറ്റ് കണക്ഷൻ ഇല്ല. ഇന്റർനെറ്റ് വേഗതയുടെ കാര്യത്തിൽ ഇന്ത്യ 96-ാം സ്ഥാനത്താണ്. ഈ പ

(ശേഷം 17-ാം പേജിൽ)

> **കുത്തകകൾക്കുവേണ്ടി ബൂർഷ്വാ ഗവണ്മെന്റുകൾ നടത്തുന്ന സാമ്പത്തിക ആക്രമണങ്ങൾക്ക് നിരന്തരം ഇരയായിക്കൊണ്ടിരിക്കുന്ന സാധാരണ ജനങ്ങളാണ് നോട്ടുനിരോധനത്തിന്റെ മുഴുവൻ കെടുതികളും പേറേണ്ടി വന്നത്. എന്നാൽ ഇതേ കാലയളവിൽ വൻകിട കുത്തകകളുടെ വരുമാനത്തിൽ വലിയ വർദ്ധനയുണ്ടാവുകയും ചെയ്തു.**

# സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാർലമെന്റ് ധർണ്ണ




**രാ**ജ്യത്തെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് കുട്ടികൾക്ക് നിർബന്ധിത ക്ലാസ്സ് കയറ്റം നൽകി നിരക്ഷരത പടർത്തുന്ന ആൾ പ്രമോഷൻ നയങ്ങൾക്കെതിരെ ജയം തോൽവി സമ്പ്രദായവും എഴുത്തുപരീക്ഷയും പുനസ്ഥാപിക്കാനാവശ്യപ്പെട്ടുകൊണ്ട് അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 21 ന് പാർലമെന്റിന് മുന്നിൽ വിദ്യാഭ്യാസ സ്നേഹികളുടെ ധർണ്ണ സംഘടിപ്പിച്ചു. ദേശീയ തലത്തിൽ വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കുന്ന വാണിജ്യ വൽക്കരണത്തിനും വർഗ്ഗീയവൽക്കരണത്തിനും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ കവർന്നെടുക്കുന്ന ഫാസിസ്റ്റ് കേന്ദ്രീകരണത്തിനും യുജിസി പിരിച്ചുവിട്ട് സർവ്വകലാശാലകൾക്കുള്ള ഫണ്ടിംഗ് അവസാനിപ്പിക്കുന്നതിനുമെതിരെ നടന്ന ധർണ്ണയിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നുള്ള വിദ്യാഭ്യാസ പ്രവർത്തകർ പങ്കെടുത്തു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി അഖിലേന്ത്യാ നേതാക്കളിലൊരാളായ പ്രൊഫസർ നരേന്ദ്രശർമ്മ ഉദ്ഘാടനം ചെയ്തു. ദേബാശിഷ് റായ്, ശാരദാ ദീക്ഷിത്(ഡൽഹി), ഓംപ്രകാശ്(ഹരിയാന), രാമാവതാർ ശർമ്മ(മധ്യപ്രദേശ്), അമീന്ദർപാൽ സിംഗ്(പഞ്ചാബ്), രാജ്മൽ ശർമ്മ(രാജസ്ഥാൻ) തുടങ്ങിയ നേതാക്കൾ പ്രസംഗിച്ചു. സേവ്എജ്യൂക്കേഷൻ കമ്മിറ്റി ഡൽഹി സെക്രട്ടറി ഗിരിവർ സിംഗ് അധ്യക്ഷത വഹിച്ചു. ■

# ഭരണവ്യവസ്ഥയെ അടിമുടി ഗ്രസിച്ച അഴിമതി

(16-ാം പേജിൽ നിന്ന്)

ശ്ചാത്തലത്തിൽ നോക്കുമ്പോൾ ഒറ്റയടിക്ക് കറൻസിരഹിത സമ്പദ്ഘടനയിലേയ്ക്ക് മാറുക എന്നത് വെറുമൊരു മിഥ്യയാണ്.

4) നോട്ട് നിരോധനം റിസർവ് ബാങ്കിന് വലിയ നേട്ടമുണ്ടാക്കും എന്ന ബൂർഷ്വാ ധനകാര്യ വിദഗ്ദ്ധരുടെ അവകാശവാദങ്ങളാണ് അടുത്തത്. 3 ലക്ഷം കോടിരൂപ ഒരിക്കലും ബാങ്കിൽ തിരിച്ചുവരില്ലെന്നും അത്രയും കള്ളപ്പണം ഇല്ലായ്മ ചെയ്യാൻ കഴിയുമെന്നുമാണ് പറഞ്ഞിരുന്നത്. ഈ പണം റിസർവ് ബാങ്ക് സർക്കാരിന് സമ്മാനമായി നൽകുമത്രെ. എന്നാൽ സംഭവിച്ചതോ, 99 ശതമാനം പണവും തിരിച്ചെത്തി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇരട്ടി പണമാണ് പുതിയ നോട്ടുകൾ അച്ചടിക്കാൻ റിസർവ് ബാങ്കിന് ചെലവഴിക്കേണ്ടി വന്നത്. 21,000 കോടി രൂപയാണ് ഈ ഇനത്തിൽ ചെലവായത്. ബാങ്കിൽ തിരിച്ചെത്താത്ത പണം 16,000 കോടി മാത്രമാണ്. ആകെ നോക്കിയാൽ റിസർവ് ബാങ്കിന്റെ വരവ് 23.56 ശതമാനം കുറഞ്ഞു. ചെലവ് 107.8 ശതമാനം വർദ്ധിച്ചു. സർക്കാർ ഖജനാവിലേയ്ക്ക് റിസർവ് ബാങ്ക് വൻതുക നൽകുമെന്ന് പ്രചരിപ്പിച്ചിരുന്നെങ്കിലും കഴിഞ്ഞ വർഷം നൽകിയതിന്റെ പകുതി ഡിവിഡന്റ് മാത്രമാണ് ഈ വർഷം നൽകാനായത്.

5) പിൻവലിച്ച നോട്ടുകൾക്ക് പകരം നൽകാനുള്ള പണം, വൻതോതിൽ പണവും സ്വാധീനവുമുള്ളവരെ ഏൽപിച്ചതായി റിപ്പോർട്ടുകൾ വന്നിരുന്നു. സ്ത്രീകളും വൃദ്ധരുമടക്കം മണിക്കൂറുകൾ ക്യൂവിൽനിന്ന് വലഞ്ഞപ്പോൾ പണച്ചാക്കുകളുടെ വീട്ടുപടിക്കൽ കോടിക്കണക്കിന് രൂപയുടെ പുതിയ നോട്ടുകൾ എത്തിച്ചു. അഴിമതി നിർമാർജ്ജനം ചെയ്യാനുള്ള നടപടികളാണ് കൈക്കൊണ്ടതെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നോ? നോട്ട് പിൻവലിക്കൽ പുതിയ രൂപത്തിലുള്ള അഴിമതികൾക്ക് വഴിതുറന്നിരിക്കുകയാണ്. ഏഷ്യാ-പസഫിക് മേഖലയിലെ ഏറ്റവും അഴിമതി നിറഞ്ഞ രാജ്യമാണ് ഇന്ത്യ എന്ന് ഒരു സർവേ വ്യക്തമാക്കുന്നു. ഇവിടെ പത്തിൽ ഏഴുപേർക്കും പൊതുസേവനങ്ങൾ ലഭിക്കാനായി കൈക്കൂലി കൊടുക്കേണ്ടിവരുന്നു. നോട്ട് പിൻവലിക്കുന്ന സമയത്ത് പ്രധാനമന്ത്രി പറഞ്ഞ വാക്കുകൾ ഇതുമായി താരതമ്യം ചെയ്തുനോക്കൂ: “അഴിമതിക്കും കള്ളപ്പണത്തിനും കള്ളനോട്ടിനും എതിരായ സാധാരണ ജനങ്ങളുടെ പോരാട്ടത്തെ ഈ നടപടി ശക്തിപ്പെടുത്തും”, “ഭീകരപ്രവർത്തനം, മയക്കുമരുന്ന് മാഫിയ, മനുഷ്യക്കടത്ത്, അധോലോകം എന്നിവയൊക്കെ ഒറ്റയടിക്ക് ഇല്ലാതാക്കാൻ ഈ നടപടി ഉപകരിച്ചു” എന്നാണ് 2016 ഡിസംബർ 27ന് അദ്ദേഹം നടത്തിയ അവകാശവാദം. അപാരംതന്നെ!

**ഫെബ്രു:15**
**രാജ്ഭവൻ മാർച്ച്**

**നോട്ടുനിരോധനം ബാധിച്ചതാരെ?**

നോട്ടുനിരോധനത്തിന്റെ ഇടപാടുകളുമായി ബന്ധപ്പെട്ട് 1.28 ലക്ഷം കോടിരൂപ ചെലവായതായി ‘സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി’ എന്ന സ്ഥാപനം കണക്കാക്കുന്നു. ഈ കാപട്യത്തിന്റെ ദുരിതമാകെ പേറേണ്ടി വരുന്നത്, 40 ശതമാനം ഇടപാടുകളും കറൻസിയിൽ നടത്തുന്ന ചെറുകിട ബിസിനസുകാരും സാധാരണക്കാരുമാണ്. നോട്ട് മാറിയെടുക്കാനായി ക്യൂവിൽ മണിക്കൂറുകളും ദിവസങ്ങളും നിൽക്കേണ്ടിവന്നപ്പോൾ വിലപ്പെട്ട 103 മനുഷ്യജീവനാണ് പൊലിഞ്ഞത്. പൊടുന്നനെ നോട്ടുനിരോധിച്ചതുവഴിയുണ്ടായ പ്രതിസന്ധിയിൽപ്പെട്ട് ആത്മഹത്യചെയ്ത പാവങ്ങളുടെ കാര്യവും റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നു. ചെറുകിട കർഷകർ, ഇഷ്ടികക്കളത്തിൽ പണിയെടുക്കുന്നവർ, ചെറിയ കച്ചവടക്കാർ, നിർമ്മാണത്തൊഴിലാളികൾ, കരാർ തൊഴിലാളികൾ, ഇതര സംസ്ഥാന തൊഴിലാളികൾ എന്നിവരൊക്കെ അനുഭവിച്ചത് കൊടിയ ദുരിതങ്ങളാണ്. പെട്ടെന്ന് പണത്തിന്റെ ലഭ്യത കുറയുകയും കൃഷി ആവശ്യങ്ങളുടെ ചെലവ് ഉയരുകയും ഉല്പന്നങ്ങളുടെ വില ഇടിയുകയും ചെയ്തതുവഴി ദരിദ്രകർഷകരും കർഷകത്തൊഴിലാളികളും നട്ടംതിരിയുന്ന സ്ഥിതിയുണ്ടായി. പണലഭ്യത കുറഞ്ഞതോടെ പച്ചക്കറിവില ഇടിഞ്ഞു, ഗോതമ്പ് കൃഷി ഇറക്കാൻ വൈകി, വളവും കീടനാശിനിയും മറ്റും പ്രയോഗിക്കാൻ കഴിയാതായി, കൂലിയും കുറഞ്ഞു. തുടർന്നുള്ള വിളകളുടെ കാര്യത്തിലും ഈ പ്രതിസന്ധികൾ തുടരുകയാണ്.

മൂന്നുലക്ഷത്തിലേറെ വരുന്ന, പ്രധാനമായും ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്ന ആൾ ഇന്ത്യ മാനുഫാക്ചറേഴ്സ് ഓർഗനൈസേഷൻ നടത്തിയ പഠനം പറയുന്നത്, 2017 മാർച്ച് മാസത്തോടെ തൊഴിലിൽ 60 ശതമാനത്തിന്റെയും വരുമാനത്തിൽ 55 ശതമാനത്തിന്റെയും ഇടിവുണ്ടായി എന്നാണ്. ഈ മേഖലയെ ഏറ്റവും കൂടുതൽ ബാധിച്ചുവെന്നുമാത്രമല്ല ഏതാണ്ടെല്ലാ വ്യവസായങ്ങളെയും ഈ നടപടി പ്രതികൂലമായി ബാധിച്ചു എന്നും പഠനം പറയുന്നു. ദിവസക്കൂലിക്കാരിൽ 25 ശതമാനത്തെയും സ്വയംതൊഴിൽ സംരംഭങ്ങളിൽ 8 ശതമാനത്തെയും ചെറുകിട കച്ചവടക്കാരെയും വഴിയോരവാണിഭക്കാരെയുമൊക്കെ ഇത് ഗുരുതരമായി ബാധിച്ചുവെന്ന് സെന്റർ ഫോർ ദ മോണിറ്ററിംഗ് ഓഫ് ഇന്ത്യൻ ഇക്കോണമിയുടെ മറ്റൊരു റിപ്പോർട്ട് വെളിപ്പെടുത്തുന്നു. ദിവസക്കൂലിക്കാർ ഒത്തുകൂടുന്ന സ്ഥലങ്ങളൊക്കെ കാലിയായിക്കിടന്നു. മാസത്തിൽ കഷ്ടിച്ച് പത്തുദിവസം ജോലി കിട്ടിയാൽത്തന്നെ കൂലി വളരെ കുറച്ചാണ് അവർക്ക് കിട്ടിയിരുന്നത്. 46 ശതമാനം തൊഴിലാളികളും ദിവസക്കൂലിക്കാരോ കരാർ തൊഴിലാളികളോ ആയ അസംഘടിത മേഖലയിൽ കൂലി കൊടുക്കാൻ പണമില്ലായിരുന്നു. നഗരങ്ങളിലാകട്ടെ 65 ശതമാനം ദിവസക്കൂലിക്കാരും പണിയില്ലാതെ ഗ്രാമങ്ങളിലേയ്ക്ക് മടങ്ങി. 15 ലക്ഷം തൊഴിൽ നഷ്ടമുണ്ടായെന്ന് കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന മാദ്ധ്യമങ്ങൾക്കുപോലും റിപ്പോർട്ടുചെയ്യേണ്ടിവന്നു.

> **വാറ്റ്, ചരക്കുകൾക്ക് നികുതി ചുമത്തിയെങ്കിൽ ജിഎസ്ടി നികുതിവലയിലേയ്ക്ക് സേവനങ്ങളെക്കൂടി ഉൾപ്പെടുത്തി... ലോകത്തെ ഏറ്റവും ഉയർന്ന നിരക്കായ 28 ശതമാനമാണ് ഇന്ത്യയിലെ ഉയർന്ന ജിഎസ്ടി നിരക്കായി ഏർപ്പെടുത്തിയിരിക്കുന്നത്.**

കുത്തകകൾക്കുവേണ്ടി ബൂർഷ്വാ ഗവണ്മെന്റുകൾ നടത്തുന്ന സാമ്പത്തിക ആക്രമണങ്ങൾക്ക് നിരന്തരം ഇരയായിക്കൊണ്ടിരിക്കുന്ന സാധാരണ ജനങ്ങളാണ് നോട്ടുനിരോധനത്തിന്റെ മുഴുവൻ കെടുതികളും പേറേണ്ടി വന്നത്. എന്നാൽ ഇതേ കാലയളവിൽ വൻകിട കുത്തകകളുടെ വരുമാനത്തിൽ വലിയ വർദ്ധനയുണ്ടാവുകയും ചെയ്തു. ദരിദ്രർക്ക് സ്വസ്ഥമായ ഉറക്കവും പണക്കാർക്ക് ഉറക്കമില്ലാത്ത രാവുകളും സമ്മാനിച്ച ധീരമായ നടപടിയാണ് താൻ കൈക്കൊണ്ടത് എന്നാണ് നോട്ട് നിരോധനത്തിനുശേഷം പ്രധാനമന്ത്രി പറഞ്ഞത്. യാഥാർത്ഥ്യത്തിന് ഈ വാക്കുകളുമായി എന്തെങ്കിലും ബന്ധമുണ്ടോ?

എന്തായാലും ദരിദ്രരുടെ ജീവിതത്തിൽ ഇത് നാശം വിതയ്ക്കുമെന്നകാര്യം പ്രതീക്ഷിക്കാവുന്നതായിരുന്നു. ഈ നടപടി സമ്പദ്ഘടനയെയാകെ പ്രതിസന്ധിയിലാക്കുമെന്നും സാധാരണക്കാർ, വിശേഷിച്ച് ദരിദ്രകർഷകരും ചെറിയ കച്ചവടക്കാരും അസംഘടിത തൊഴിലാളികളുമൊക്കെയായിരിക്കും ദുരിതങ്ങൾ ഏറ്റവുമധികം അനുഭവിക്കേണ്ടിവരികയെന്നും നമ്മുടെ പാർട്ടിയുടെ കേന്ദ്രകമ്മിറ്റി മുന്നറിയിപ്പ് നൽകിയിരുന്നു. ഇത് ശരിയായിരുന്നുവെന്ന് അനന്തര ഫലങ്ങളെക്കുറിച്ചുള്ള പരിശോധന അടിവരയിടുന്നു. തുടക്കത്തിൽ സർക്കാർ നടത്തിയ പ്രചാരണത്തിൽ കുടുങ്ങി, നോട്ടുനിരോധനം കള്ളപ്പണം തടയുമെന്നുംമറ്റും വിശ്വസിച്ചവരും തങ്ങൾ കബളിപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് ഇപ്പോൾ തിരിച്ചറിഞ്ഞിരിക്കുന്നു. ഇപ്പോഴുണ്ടായിരിക്കുന്ന ജിഡിപി നിരക്കിലെ ഇടിവ് നോട്ടുനിരോധനത്തിന്റെ പ്രത്യാഘാതമാണെന്ന് നിസ്സംശയം പറയാം.

**വിലക്കയറ്റവും നികുതിഭാരവും അടിച്ചേല്പ്പിച്ച ജിഎസ്ടി**

നോട്ട് നിരോധനത്തെ തുടർന്ന് തളർന്ന രാജ്യത്തിന്റെ സാമ്പത്തികരംഗം ജിഎസ്ടി നടപ്പിലാക്കിയതോടെ തകർന്നിരിക്കുന്നു എന്നാണ് അനുഭവത്തിൽ നിന്ന് മനസ്സിലാകുന്നത്. ‘ഒരു രാഷ്ട്രം, ഒരു നികുതി, ഒരു കമ്പോളം’ എന്ന വഞ്ചനാപരമായ മുദ്രാവാക്യവുമായി അവതരിച്ച ജിഎസ്ടി രാജ്യത്തിന് ഇന്ന് വലിയൊരു ബാദ്ധ്യതയാണ്.

മൊത്തം ആഭ്യന്തരോൽപാദനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവ് ഇതിന്റെ ഒരു സൂചനമാത്രം. നികുതിഭാരമാകെ അന്തിമ ഉപഭോക്താവിന്റെ തലയിൽ വച്ചുകെട്ടുന്ന ഈ സമ്പ്രദായം ജനങ്ങൾക്ക് വലിയൊരു ആഘാതമായിരിക്കുമെന്ന് നേരത്തെതന്നെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. 2009ൽ കോൺഗ്രസ്സ് നേതൃത്വം നൽകിയ യുപിഎ സർക്കാർ തുടക്കമിട്ടതാണ് ആഗോളീകരണ നയങ്ങളുടെ ഭാഗമായുള്ള ഈ നികുതി പരിഷ്കരണം. സിപിഐ(എം), സിപിഐ അടക്കമുള്ള പാർട്ടികളുടെ പിന്തുണയോടെയാണ് ബിജെപി നേതൃത്വം നൽകുന്ന എൻഡിഎ സർക്കാർ ഇത് നടപ്പിലാക്കുന്നത്. വൻകിട ബിസിനസ്സുകാരുടെയും കോർപ്പറേറ്റുകളുടെയും താൽപര്യം എത്രത്തോളം ഇതിൽ പ്രതിഫലിക്കുന്നു എന്നതിന് ഈ സമവായം തന്നെ തെളിവാണ്.

ഈ നികുതി സമ്പ്രദായത്തിന്റെ സങ്കീർണ്ണതകളുമായി പൊരുത്തപ്പെടാനാകാതെയും ചെറുകിട വ്യാപാര രംഗത്തേയ്ക്കുവരുന്ന കുത്തകകളുമായി മത്സരത്തിൽ പിടിച്ചുനിൽക്കാനാവാതെയും ചെറുകിടക്കാരും നട്ടംതിരിയുകയാണ്. 38 ശതമാനം വരുന്ന പരമ്പരാഗത-ഗ്രാമീണ ഉൽപാദന മേഖലയെയും ഇത് തളർത്തിക്കളഞ്ഞു.

പ്രവേശന നികുതികൾ വഴി നിലവിലുണ്ടായിരുന്ന സംരക്ഷണം ഇല്ലാതായതും ചെറുകിടക്കാരെ പ്രതികൂലമായി ബാധിച്ചു. ചെറുകിട വ്യാപാര, നിർമ്മാണ മേഖലകൾക്ക് ഇനിയും നിവർന്നുനിൽക്കാനാകുന്നില്ല. ഇത് തൊഴിലില്ലായ്മയും പെരുക്കുന്നു. ഭരണപക്ഷത്തുനിന്നുപോലും ഉണ്ടായ എതിർപ്പിനെ തുടർന്ന് 27 ഇനങ്ങളുടെ ജിഎസ്ടി നിരക്ക് കുറച്ചെങ്കിലും അത് കാര്യമായ ഒരാശ്വാസവും ഉണ്ടാക്കിയിട്ടില്ല.

വാറ്റ്, ചരക്കുകൾക്ക് നികുതി ചുമത്തിയെങ്കിൽ, ജിഎസ്ടി നികുതിവലയിലേയ്ക്ക് സേവനങ്ങളെക്കൂടി ഉൾപ്പെടുത്തി. പരമാവധി 12 ശതമാനം എന്ന ധനകാര്യ കമ്മീഷന്റെ ശുപാർശയും പാർലമെന്ററി ഉപസമിതിയുടെ ശുപാർശയും തള്ളിക്കളഞ്ഞ് ലോകത്തെ ഏറ്റവും ഉയർന്ന നിരക്കായ 28 ശതമാനമാണ് ഇന്ത്യയിലെ ഉയർന്ന ജിഎസ്ടി നിരക്കായി ഏർപ്പെടുത്തിയിരിക്കുന്നത്. വാങ്ങൽ ഘട്ടത്തിലെ നികുതി കുറയ്ക്കാതെ അതിൻമേൽകൂടി അടുത്ത വിൽപ്പന ഘട്ടത്തിൽ നികുതി ഏർപ്പെടുത്തുന്ന സ്ഥിതിയും നിലനിൽക്കുന്നു. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വഴി ഉൽപാദന ചിലവ് കുറയുന്നത് മുതലാളിമാർക്ക് ഗുണകരമാണ്. എന്നാൽ ഉൽപന്നത്തിന്റെ വിലയിൽ പ്രതിഫലിക്കുകയോ ഉപഭോക്താവിന് അതിന്റെ ഗുണം ലഭിക്കുകയോ ചെയ്യുന്നില്ല.

ഇൻപുട്ട് ടാക്സ് യഥാസമയം തിരികെ നൽകാത്തതിന്റെ ഭാരവും ഉപഭോക്താവ് ചുമക്കേണ്ടി വരുന്നുണ്ട്. പലതരം കപട ന്യായങ്ങൾ നിരത്തി മുതലാളിമാർ അടിസ്ഥാന വിലയിൽതന്നെ മാറ്റം വരുത്തുന്നതും ഉപഭോക്താവിനെയാണ് ബാധിക്കുന്നത്. ഈ ഘടകങ്ങളെല്ലാം പരക്കെയുള്ള വിലവർദ്ധനവിന് ഇടയാക്കിയിരിക്കുന്നു.

**തൊഴിലില്ലായ്മ**

പ്രതിവർഷം ഒരു കോടി 35 ലക്ഷം യുവജനങ്ങളാണ് തൊഴിലിനായി രാജ്യത്ത് രജിസ്റ്റർ ചെയ്യുന്നത്. തൊഴിൽ അവസരങ്ങളാകട്ടെ നാമമാത്രവും. 2021 ആകുമ്പോൾ 15 വയസ്സിനും 34 വയസ്സിനുമിടയിലുള്ള 46.4 കോടി ജനങ്ങൾ തൊഴിൽ അന്വേഷകരായി മാറും. ഇത് ഇന്ത്യയുടെ തൊഴിൽശേഷിയുടെ 64 ശതമാനമാണ്.

2020-ൽ ഇന്ത്യയിലെ ജനങ്ങളുടെ ശരാശരി പ്രായം 29 ആയിരിക്കും. ചൈനയിൽ -37, അമേരിക്കയിൽ -45, ജപ്പാനിൽ -48 എന്നിങ്ങനെ ആയിരിക്കും. രാജ്യത്തെ 69 ശതമാനം ജനങ്ങളും യുവാക്കളായിരിക്കുമെന്നർത്ഥം.

ഇന്ന്, രാജ്യത്ത് തൊഴിലില്ലാത്ത 40 കോടി യുവജനങ്ങളുണ്ട്. തൊഴിലിലെ അനിശ്ചിതത്വം, മിനിമംവേതനത്തേക്കാൾ താഴ്ന്ന ശമ്പളം, ദിവസം 18 മ

(ശേഷം 18-ാം പേജിൽ)

# 2021ൽ ഇന്ത്യയുടെ തൊഴിൽ ശേഷിയുടെ 64% തൊഴിൽ അന്വേഷകരായി മാറും

*(17-ാം പേജിൽ നിന്ന്)*

ണിക്കൂർവരെ തൊഴിൽ ചെയ്യേണ്ട അവസ്ഥ, അതീവശോചനീയമായ തൊഴിലിടങ്ങൾ എന്നിവയും തൊഴിലുള്ളവർക്ക് നേരിടേണ്ടിവരുന്നു. സാമ്പത്തികവളർച്ചയെക്കുറിച്ച് ഭരണാധികാരികൾ മേനിനടിക്കുമ്പോഴും അതൊരു തൊഴിൽ നൽകാത്ത വികസനമാണ്.

തൊഴിലില്ലായ്മ കുറച്ചുകൊണ്ടുവരും എന്നായിരുന്നു ബിജെപി സർക്കാരിന്റെ വാഗ്ദാനം. എന്നാൽ 2015-16ലെ സർക്കാരിന്റെ സാമ്പത്തിക സർവ്വേയിൽ തൊഴിലില്ലായ്മ 2014നെ അപേക്ഷിച്ച് 3.8 ശതമാനം ആയിരുന്നത് 2015 ആയപ്പോൾ 5 ശതമാനമായി വർദ്ധിച്ചു. 2008 മുതൽ 8 തൊഴിലാധിക്യ വ്യവസായങ്ങളിൽ തൊഴിലാളികളുടെ എണ്ണം 7 മടങ്ങ് കുറഞ്ഞിട്ടുണ്ട്. ആ മേഖലയിലെ തൊഴിലവസരങ്ങൾ 2010-11 വർഷത്തിൽ 9 ലക്ഷമായിരുന്നത് 2015-16 ൽ 1,35,000 ആയി കുറഞ്ഞു.

**ഫെബ്രു:15**
**രാജ്ഭവൻ മാർച്ച്**

ഐടി രംഗത്ത് കടുത്ത പ്രതിസന്ധിയാണ്. ജീവനക്കാരുടെ എണ്ണം കുറയ്ക്കലും പിരിച്ചുവിടലും അനുസ്യൂതം തുടരുന്നു. ഹെഡ് ഹണ്ടേഴ്സ് ഇന്ത്യ എന്ന പ്രമുഖ സ്ഥാപനത്തിന്റെ വിശകലനത്തിൽ വർഷംതോറും 2 ലക്ഷം ജീവനക്കാരെ കുറയ്ക്കാനുള്ള തീരുമാനമാണ് എടുത്തിരിക്കുന്നത്. കൺസൾട്ടൻസി സ്ഥാപനമായ 'കാപ്ഗമനി'യുടെ സിഇഒയുടെ അഭിപ്രായമനുസരിച്ച് ഐടി മേഖലയിൽ നിലവിലുള്ള ജീവനക്കാരിൽ 60 മുതൽ 65 ശതമാനംവരെ ജോലിയിൽ തുടരാൻ അർഹരല്ലെന്നാണ് പറയുന്നത്.

കേന്ദ്രസർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ അപ്രഖ്യാപിതമായ നിയമനനിരോധനം നടപ്പിൽവന്നിരിക്കുകയാണ്. ഇന്ത്യയിലാകമാനം 10 ലക്ഷം അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെന്ന് 2017 ജൂലൈയിൽ കേന്ദ്ര മാനവശേഷി വികസനമന്ത്രി മഹേന്ദ്രനാഥ് പാണ്ഡേ വെളിപ്പെടുത്തി. ഔദ്യോഗികമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളിലായി 20 ലക്ഷം തസ്തികകൾ നികത്താതിരിക്കുന്നു. റയിൽവെയിലെ സുരക്ഷാ സംരക്ഷണ വിഭാഗത്തിൽ മാത്രം 2.25 ലക്ഷം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. തപാൽ വകുപ്പിൽ 49,000, നികുതി വകുപ്പിൽ 32,000 അടക്കം വിവിധ വകുപ്പുകളിലായി 7.28 ലക്ഷം തസ്തികകളിലും നിയമനം നടന്നിട്ടില്ല.

ഓരോ ദിവസവും 2000 കർഷകരാണ് കൃഷി ഉപേക്ഷിച്ച് പുറത്തുവരുന്നത്. രാജ്യമെമ്പാടും തൊഴിൽതേടി അലയുന്ന തൊഴിലന്വേഷകർക്കൊപ്പം അവരും അണിചേരുന്നു.

മറ്റൊരു യാഥാർത്ഥ്യം രാജ്യത്തെ തൊഴിലാളികളുടെ 90 ശതമാനം അസംഘടിതമേഖലയിലും സർക്കാരിന്റെ വിവിധ പദ്ധതികളിലും (ആശാവർക്കർമാർ, അംഗനവാടി, തൊഴിലുറപ്പുപദ്ധതി എന്നിവ വഴി) നിഷ്ഠൂരമായ ചൂഷണത്തിന് വിധേയരാകുന്നവർ ആണ്.

അസിംപ്രേംജി സർവ്വകലാശാലയുടെ അടുത്തകാലത്തെ മറ്റൊരു പഠനം വ്യക്തമാക്കുന്നത് രാജ്യത്തെ തൊഴിലെടുക്കുന്നവരിൽ 92 ശതമാനം വനിതകളും 82 ശതമാനം പുരുഷന്മാരും 10,000 രൂപയിൽതാഴെ മാത്രം മാസശമ്പളമുള്ളവരാണ് എന്നത്രെ! പരമ്പരാഗത-ചെറുകിട-കുടിൽ വ്യവസായരംഗങ്ങൾക്ക് സർക്കാരിന്റെ സഹായം പാടേ നിഷേധിക്കുന്ന നയമാണ് മോദി സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ആ മേഖലയിലെ തൊഴിലാളികളുടെ വരുമാനം അതിശോചനീയമാണ്.

### അഴിമതി

1. അടുത്തകാലത്ത്, പ്രധാനമന്ത്രിതന്നെ നേരിട്ട് ഇടപെട്ടിരിക്കുന്ന റഫേൽ വിമാന അഴിമതി ഈ രംഗത്തുള്ള സർക്കാരിന്റെ മുഖം ഏറെ വികൃതമാക്കുന്നു. 126 യുദ്ധവിമാനങ്ങൾ വാങ്ങാനും സങ്കേതിക വിദ്യ കൈപ്പറ്റി അതിൽ ഏറിയപങ്കും സർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് നിർമ്മിക്കാനുമായിരുന്നു മുൻ സർക്കാർ തീരുമാനം. എന്നാൽ ഒന്നിന് 526 കോടി രൂപ വില നിശ്ചയിച്ചിരുന്ന 36 വിമാനങ്ങൾ ഒന്നിന് 1660 കോടി രൂപ വീതം നൽകിക്കൊണ്ട് കരാർ ഫ്രാൻസിൽ ചെന്ന് പ്രധാനമന്ത്രി മാറ്റിയെഴുതിച്ചു. എന്നു മാത്രമല്ല വിമാനനിർമ്മാണത്തിൽ ഒരു പരിചയവും ഇല്ലാത്ത, 15 ദിവസം കൊണ്ട് തട്ടിക്കൂട്ടിയ അനിൽ അംബാനിയുടെ റിലയൻസ് എയറോസ്പേയ്സിന് ബാക്കിയുള്ള വിമാനനിർമ്മാണത്തിന്റെ കരാർ ഒപ്പിച്ചുകൊടുക്കുകയും ചെയ്തു.

2. അദാനിഗ്രൂപ്പിന് ഗുജറാത്ത് മുൻദ്ര പോർട്ടിൽ 14,305 ഏക്കർ ഭൂമി നിസ്സാരവിലക്ക് പതിച്ചു നൽകി. വില സ്ക്വയർ മീറ്ററിന് ഒരു രൂപ മുതൽ 32 രൂപ വരെ.

3. അമിത് ഷാ ഡയറക്ടർ ബോഡ് അംഗമായ അഹമ്മദാബാദ് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നോട്ട് നിരോധനത്തോടനുബന്ധിച്ച് 5 ദിവസം കൊണ്ട് 745.58 കോടി രൂപ സ്വീകരിച്ചു.

4. 5000 കോടിരൂപയുടെ കള്ളപ്പണം ബിജെപി നേതാക്കൾ ക്രിപ്റ്റോ കറൻസിയാക്കി (ബിറ്റ്കോയിൻ) മാറ്റിയതിനെക്കുറിച്ച് അന്വേഷണം നടന്നു.

5. ഗോവയിൽ 5 കോടി 50 ലക്ഷം രൂപ മുടക്കി പാറ്റോ പ്ലാസയിൽ ഓഫീസ് വാടകക്കെടുത്ത കാര്യത്തിൽ മനോഹർ പരീക്കർ ഇടപെട്ടെന്ന വിവാദം.

6. 2015നും 17നുമിടയിൽ ഛത്തിസ്ഗഢിൽ 111 ചിട്ടിക്കമ്പനികളുമായി ബന്ധപ്പെട്ട 4.84 കോടി രൂപയുടെ ഇടപാട്. നിരവധി കർഷകരും തൊഴിലാളികളും ചതിക്കപ്പെട്ടു.

7. പ്രൈവറ്റ് സ്ക്കൂളുകൾക്കുവേണ്ടി രാജസ്ഥാനിൽ 17,000 ഗവൺമെന്റ് സ്കൂളുകൾ അടച്ചുപൂട്ടി.

8. ജാർഖണ്ഡിൽ, മോദി പക്ഷക്കാരനായ മുൻ എൻഡിഎ മന്ത്രി ദിലീപ് റായ് ചില പ്രൈവറ്റ് കൽക്കരി കമ്പനികൾക്ക് മുറതെറ്റി അനുമതി നൽകിയെന്ന ആരോപണം.

> **അധികാരത്തിനുപിന്നാലെ പായുന്ന കപട കമ്മ്യൂണിസ്റ്റുകളുടെ സന്ധിമനോഭാവംമൂലം, സമരങ്ങൾ ദുർബലമായതോടെ മുതലാളിവർഗ്ഗം ജനങ്ങൾക്കുമേൽ കടുത്ത സാമ്പത്തികാക്രമണങ്ങൾ അഴിച്ചുവിടുകയാണ്. ചെറുത്തുനിൽപ്പ് ശക്തിപ്പെടുത്തുക എന്ന ഒറ്റ മാർഗ്ഗമേ ഇനി ജനങ്ങളുടെ മുന്നിലുള്ളു.**

9. 2015-16 വർഷങ്ങളിൽ കൃത്രിമമായി പരിപ്പിന്റെ വില 130 മുതൽ 200 രൂപ വരെ ഉയർത്തി കച്ചവടം നടത്താൻ ഗുജറാത്തിലും മഹാരാഷ്ട്രയിലും ചില വൻകിടക്കാരെ അനുവദിച്ചു.150 മുതൽ 200% വരെയാണ് വില വർദ്ധിപ്പിച്ചത്.

10. ഗോവയിലെ ഡിഫൻസ് എക്സ്പോ ഭൂമി ഇടപാട്.

11. ഇൻഫ്രാസ്ട്രക്ചർ ലീസിംഗ് ആൻറ് ഫിനാൻഷ്യൽ സർവ്വീസസ് എന്ന ബി.ജെ.പി ആശിർവാദമുള്ള കമ്പനിക്ക് മിക്കവാറും എല്ലാ ബാങ്കുകളും കടം കൊടുത്തു. ദേശീയപാത ബിഒടി വികസനം ഉൾപ്പടെ ഏറ്റെടുത്ത ഈ കമ്പനി 91000 കോടി രൂപ കടത്തിലാണ്!

12. ഇൻഡിഗോൾഡ് റിഫൈനറിക്ക് 2 ലക്ഷം സ്ക്വയർ മീറ്റർ സ്ഥലം 2014-ൽ ഗുജറാത്ത് കച്ചിൽ ആനന്ദിബെൻ പട്ടേൽ പതിച്ചുനൽകിയത്.

13. അമിത് ഷായുടെ മകൻ ജയ് ഷായുടെ കമ്പനിയുടെ ആസ്തി മോദി ഭരണത്തിന്റെ ആദ്യവർഷം തന്നെ 50,000-ൽ നിന്ന് 80 കോടി രൂപയായി മാറി.

14. ഗുജറാത്തിലെ മുൻ മുഖ്യമന്ത്രി ആനന്ദിബെൻ പട്ടേലിന്റെ മകൾ അനാർ പട്ടേലിന്റെ പേരിൽ 422 ഏക്കർ സർക്കാർഭൂമി നിസ്സാര വിലക്ക് നൽകിയ ഇടപാട്

15. കർണ്ണാടകത്തിലെ മുൻ മുഖ്യമന്ത്രിയും ഇപ്പോഴത്തെ കേന്ദ്ര നിയമ മന്ത്രിയുമായ ഡി.വി.സദാനന്ദ ഗൗഡ 3 ലക്ഷം വിലയുള്ള 10 ഏക്കർ ഭൂമി 60 ലക്ഷം രൂപ വിലയ്ക്ക് സർക്കാരിനു വേണ്ടി വാങ്ങിയ ഇടപാടിലെ അഴിമതി.

16. രാജസ്ഥാനിൽ പിഎച്ച്ഇഡിക്കുവേണ്ടി 15 വാട്ട്, 12 വാട്ട്, 9 വാട്ട് എൽഇഡി ബൾബുകൾ ഒരു ബൾബിന് യഥാക്രമം 15000, 12000, 972 രൂപയ്ക്ക് വാങ്ങിയെന്ന പേരിൽ ബിൽ പാസ്സാക്കിയ അഴിമതി (ആകെ 2 കോടി)

17. വ്യാപം അഴിമതിക്കുശേഷം മധ്യപ്രദേശിൽ ഡപ്യൂട്ടി കളക്ടർ, ചീഫ് ടെക്നിക്കൽ ഓഫീസർ നിയമനങ്ങളിലെ അഴിമതി. വ്യാപം കരാറിലെ മദ്ധ്യസ്ഥനാണ് ഇതിലും കളിച്ചത്.

18. ഉത്തരാഖണ്ഡിൽ കുംഭമേളക്കായി കേന്ദ്രം അനുവദിച്ച 565 കോടി രൂപ ഹരിദ്വാറിൽ ഉപയോഗിക്കാതെ കൈപ്പറ്റി. 180 കോടിയുടെ നിർമ്മാണം നടത്തിയിട്ടില്ല.

19. ഐപിഎൽ ചെയർമാനും കമ്മീഷണറുമായ ലളിത് മോദി 2010 ലീഗിൽ നടത്തിയ സാമ്പത്തിക തിരിമറിക്കെതിരെയുള്ള നടപടി തടയാൻ ലണ്ടനിലേക്ക് കടന്നു. ടിയാന്റെ പാസ്പോർട്ട് തടഞ്ഞുവച്ച കോടതി നടപടിയെ ചോദ്യം ചെയ്യാൻ വക്കീലന്മാരായി കോടതിയിലെത്തിയത് മന്ത്രി സുഷമ സ്വരാജിന്റെ ഭർത്താവും മകളും!

20. സ്കിൽ ഇന്ത്യാ മിഷൻ എന്ന പേരിൽ 40 ലക്ഷം യുവാക്കളിൽ നൈപുണി വളർത്തിയെടുക്കാനെന്ന വ്യാജേന ആയിരക്കണക്കിന് കോടി രൂപയാണ് ചെലവാക്കിയത്. ഇതുമായി ബന്ധപ്പെട്ട് വൻ അഴിമതി നടന്നിട്ടുള്ളതായി ശാരദാപ്രസാദ് കമ്മിറ്റി മോദി സർക്കാരിനെ കുറ്റപ്പെടുത്തുകയുണ്ടായി.

21. ഗുജറാത്തിലെ 'സുജലം സുഫലം യോജന' എന്ന പേരിലാരംഭിച്ച ശുദ്ധജലവിതരണപദ്ധതി 452.5കോടി രൂപ ചെലവിട്ട, പ്രയോജനരഹിതമായ പദ്ധതിയാണെന്ന് സിഎജി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

22. മഹാരാഷ്ട്രയിൽ അംഗണവാടികളിലേയ്ക്കുള്ള റേഷൻ വിതരണത്തിൽ ബിജെപി മന്ത്രി പങ്കജമുണ്ടെയുടെ 6300 കോടിയുടെ അഴിമതി.

23. മദ്ധ്യപ്രദേശിലെ മുൻമുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഉൾപ്പെട്ട 4471 കോടി രൂപയുടെ ഉജ്ജയ്നി സമസ്ത കുംഭമേള-സിംഹാസ്ഥ കുംഭമേള അഴിമതി,

24. ഗുജറാത്തിൽ ടാറ്റയ്ക്ക് 33,000 കോടിരൂപയുടെ ആനുകൂല്യം ലഭിച്ച നാനോപ്ലാന്റ് സ്ഥലമേറ്റെടുപ്പ്.

25. രത്നവ്യാപാരിയായ നീരവ് മോദിയുമായി ബന്ധപ്പെട്ട പഞ്ചാബ് നാഷണൽ ബാങ്കിൽ നടന്ന തിരിമറി. നീരവ്മോദിയും അമ്മാവൻ മെഹുൽ ചോസ്കിയും ഈ ഇടപാടിനുശേഷം ഇന്ത്യവിട്ടു. 2016-ലാണ് ഈ ഇടപാടുമായി ബന്ധപ്പെട്ട് കേന്ദ്ര അന്വേഷണ സംഘങ്ങൾ അന്വേഷണമാരംഭിച്ചത്. പക്ഷേ, 2018 ജനുവരി 23 ന് പ്രധാനമന്ത്രി നരേന്ദ്രമോദി ദാവോസിൽ നീരവ്മോദിയുമായി വേദിപങ്കിട്ടു!

26. കർണ്ണാടകയിലെ മുൻ ബിജെപി മുഖ്യമന്ത്രി യെദിയൂരപ്പ, മകൾ സിഇഒ ആയ കമ്പനിക്ക് 840 കോടി രൂപയുടെ സ്ഥലം പതിച്ചുകൊടുത്തത്.

ബിജെപി ഭരണകാലത്തെ പുറത്തുവന്ന നിരവധി അഴിമതികളിൽ ചിലതുമാത്രമാണിവ.

### എന്താണ് പ്രതിവിധി?

ജനങ്ങൾ ഇതിനെല്ലാം ഇരയായി നിസ്സഹായരായി കഴിഞ്ഞുകൊള്ളും എന്നാണോ? ജീവിതം ദുർവ്വഹമാക്കുന്ന വിലക്കയറ്റവും തൊഴിലില്ലായ്മയും ദുരിതങ്ങളും അഴിമതിയും തട്ടിപ്പുമൊക്കെ എന്നും അനുവദിച്ചുകൊടുക്കും എന്നാണോ? ഒരിക്കലുമില്ല. ശരിയായ ധാരണയുടെയും ശരിയായ സമീപനത്തിന്റെയുമടിസ്ഥാനത്തിൽ ഇതിനെ നേരിടാൻ ജനങ്ങൾ തയ്യാറാകണം. അങ്ങനെ ചെയ്താൽ ഈ കൊള്ളയ്ക്കും സാമ്പത്തികാക്രമണങ്ങൾക്കുമൊക്കെ തടയിടാൻ കഴിയും. ഇടതുപക്ഷ വീക്ഷണത്തിന് മുൻതൂക്കമുണ്ടായിരുന്ന സമരങ്ങൾ നടന്ന സ്വാതന്ത്ര്യസമരകാലത്തും സ്വതന്ത്ര ഇന്ത്യയിൽ കുറേക്കാലത്തേയ്ക്കും ജനങ്ങൾക്കുമേൽ ഇത്തരത്തിലുള്ള സാമ്പത്തിക ആക്രമണങ്ങൾ സംഭവിച്ചിരുന്നില്ല. അധികാരത്തിനുപിന്നാലെ പായുന്ന കപട കമ്മ്യൂണിസ്റ്റുകളുടെയും കപട ഇടതുപക്ഷക്കാരുടെയും സന്ധിമനോഭാവംമൂലമെന്നുതന്നെ പറയാം, സമരങ്ങൾ ദുർബലമായതോടെ മുതലാളിവർഗ്ഗവും അവരുടെ സേവകരും ജനങ്ങൾക്കുമേൽ കടുത്ത സാമ്പത്തികാക്രമണങ്ങൾ ഒന്നിനുപിറകെ ഒന്നായി അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്.

ജനങ്ങളുടെ ചെറുത്തുനിൽപ്പ് ദുർബലമാകുന്നതിനനുസരിച്ച് ഭരണവർഗ്ഗത്തിന്റെയും അവരുടെ പിണിയാളുകളുടെയും ആക്രമണങ്ങൾക്ക് ആക്കം വർദ്ധിച്ചുകൊണ്ടിരിക്കും. ജനങ്ങളെ തമ്മിലടിപ്പിക്കാൻ മതത്തിന്റെയും ജാതിയുടെയും പ്രദേശത്തിന്റെയും മറ്റുംപേരിൽ വിഘടനപരമായ ചിന്താഗതികൾ ഊതിപ്പെരുപ്പിക്കുകയാണ് ഭരണാധികാരികൾ. ഈ ഗൂഢാലോചന നാം തിരിച്ചറിയണം. പണിയെടുക്കുന്നവരുടെയെല്ലാം പ്രശ്നങ്ങൾ ഒന്നുതന്നെയാണ്. അവർ ഒന്നിച്ചുനിന്ന് പോരാടുന്ന അവസ്ഥയ്ക്കുമാത്രമേ ഈ ദൂഷിതവൃത്തത്തിൽനിന്ന് സമൂഹത്തെ മോചിപ്പിക്കാനാകൂ. ■

# 45 മീറ്റർ ടോൾ പാതയ്ക്കെതിരെ പ്രതിഷേധം അലയടിച്ച സമരസംഗമം

ദേശീയപാത 66 വികസനത്തിന്റെ മറയിൽ ബിഒടി അടിസ്ഥാനത്തിൽ ടോൾപാതയാക്കി മാറ്റുന്നതിനു വേണ്ടി 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പോലീസിനെ ഉപയോഗിച്ച് നടത്തിക്കൊണ്ടിരിക്കുകയാണ് സംസ്ഥാന സർക്കാർ. അതിനെതിരായി ഇരകളുടെ പ്രതിഷേധ സമരങ്ങൾ അതിശക്തമായ വിധത്തിൽ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നു. എറണാകുളത്ത് മൂത്തകുന്നത്തുനിന്ന് ആരംഭിച്ച സർവ്വേ നടപടികൾ തടയാൻ നൂറ് കണക്കിനാളുകളാണ് ഡിസംബർ 31-ാം തീയതി ഒത്തുകൂടിയത്. ആ സമരത്തിന് നേതൃത്വം നൽകിയ ആക്ഷൻ കൗൺസിൽ നേതാക്കളായ ഹാഷിം ചേന്ദാമ്പിള്ളി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റിയംഗം സി.കെ.ശിവദാസൻ, കെ.വി.സത്യൻമാഷ് എന്നിവരുൾപ്പെടെയുള്ളവരെ പോലീസ് അറസ്റ്റ്ചെയ്ത് കസ്റ്റഡിയിലാക്കി.

അതിനു തൊട്ടുമുമ്പ്, ഡിസംബർ 20ന് കാസർകോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത ഓരങ്ങളിലെ ഇരകൾ ആയിരക്കണക്കായി സംഘടിച്ച് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് നടയിൽ വലിയ സമരസംഗമം സംഘടിപ്പിക്കുകയുണ്ടായി. ബിഒടി ചുങ്കപ്പാതയ്ക്കെതിരായ രണ്ടാമത്തെ സംസ്ഥാനതല സെക്രട്ടേറിയറ്റ് മാർച്ചായിരുന്നു അത്. ലോക പ്രശസ്ത പരിസ്ഥിതി പ്രവർത്തക മേധാപട്കറാണ് സമരസംഗമം ഉദ്ഘാടനം ചെയ്തത്. കേരളത്തിൽ നരേന്ദ്ര മോദിയുടെ വികസന നയങ്ങളാണ് പിണറായി സർക്കാർ പിന്തുടരുന്നതെന്നും അത് അവസാനിപ്പിച്ച് ഇടതുപക്ഷ സമീപനത്തോടെയുള്ള ജനപക്ഷ വികസനം നടപ്പാക്കണമെന്നും അവർ ആവശ്യപ്പെട്ടു. 2013-ലെ കേന്ദ്ര നിയമത്തിലെ ഇരകൾക്കനുകൂലമായ വ്യവസ്ഥകൾ തമസ്ക്കരിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ 1956-ലെ നിയമമനുസരിച്ച് ഭൂമി ഏറ്റെടുത്ത് റിയൽ എസ്റ്റേറ്റ് മാഫിയകൾക്ക് കൈമാറാൻ ശ്രമിക്കുന്നതെന്ന് അവർ പറഞ്ഞു.



സെക്രട്ടേറിയറ്റിന് മുന്നിലെ സമരസംഗമം മേധാ പട്കർ ഉദ്ഘാടനം ചെയ്യുന്നു

മുഖ്യമന്ത്രിയെ കാണാൻ അനുമതി നിഷേധിച്ചതിനെത്തുടർന്ന് ഒന്നരമണിക്കൂർ നേരം മേധാപട്ക്കറും സമരക്കാരും റോഡിൽ കുത്തിയിരുന്നു പ്രതിഷേധിച്ചു. ഒടുവിൽ അന്ന് വൈകുന്നേരം 4.45ന് തന്നെ കാണാമെന്ന് മുഖ്യമന്ത്രിക്ക് സമ്മതിക്കേണ്ടിവന്നു. കേരളത്തിലെ ദേശീയപാതാ വികസനം 30 മീറ്ററിൽ പൂർത്തിയാക്കുക, ബിഒടി പദ്ധതി ഒഴിവാക്കുക, കുടിയൊഴിപ്പിക്കൽ അവസാനിപ്പിക്കുക, പരിസ്ഥിതി ആഘാത പഠനം മുൻകൂറായി നടത്തുക എന്നീ ആവശ്യങ്ങളടങ്ങിയ നിവേദനം പത്തംഗസംഘം മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഷൈല കെ.ജോണും മേധാപട്ക്കറോടൊപ്പമുള്ള നിവേദക സംഘത്തിൽ ഉണ്ടായിരുന്നു. സെക്രട്ടേറിയറ്റ് മാർച്ചിനും സമരസംഗമത്തിനും എസ്.പി.ഉദയകുമാർ, ഹാഷിം ചേന്ദാമ്പിള്ളി, ഇ.വി.മുഹമ്മദലി, കെ.സി.ചന്ദ്രമോഹൻ എന്നിവരും സഖാക്കൾ റ്റി.കെ.സുധീർകുമാർ, ഷൈല.കെ.ജോൺ, ഡോ.ഡി.സുരേന്ദ്രനാഥ്, എം.ഷാജർ ഖാൻ, സി.കെ.ശിവദാസൻ, കെ.കെ.സുരേന്ദ്രൻ, അനൂപ് ജോൺ, കെ.ജെ.ഷീല, വർഗ്ഗീസ് ജേക്കബ് എന്നിവരും അബുലൈസ്, എം.കെ.യൂസഫ്, രാജൻ ആന്റണി, എ.റ്റി.മഹേഷ്, ഉമയനല്ലൂർ അബ്ദുൾ അസീസ്, മുകുന്ദരാജ്, മുബാറക്, അപ്പുക്കുട്ടൻ, ബാലഗോപാൽ, ഉസ്മാൻ ഹാജി, ഷൗക്കത്ത് രണ്ടത്താണി, ജസ്റ്റിൻ ഇലഞ്ഞിക്കൽ എന്നിവരും നേതൃത്വം നൽകി. ■

# എൻഡോസൾഫാൻ: ദുരിതബാധിതരുടെ പ്രക്ഷോഭം തുടരുന്നു

കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതർ വീണ്ടും സെക്രട്ടേറിയറ്റ് പടിക്കൽ അനിശ്ചിതകാല സമരം തുടങ്ങാൻ നിർബന്ധിതരായിരിക്കുന്നു. 2017ൽ നടന്ന, ദുരിതബാധിതരെ കണ്ടെത്താനുള്ള പ്രത്യേക മെഡിക്കൽ ക്യാമ്പിൽ കണ്ടെത്തിയ 1905 പേരിൽ മുഴുവൻ പേരെയും പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടാണ് സമരം. മുഴുവൻ ദുരിതബാധിതർക്കും സുപ്രീംകോടതി 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്ന് നേരത്തെ വിധിച്ചെങ്കിലും ആകെയുള്ള 6212 പേരിൽ 3547 പേർക്ക് ഇനിയും ഒരുസഹായവും ലഭിച്ചിട്ടില്ല.

അനിശ്ചിതകാല സമരം ആരംഭിക്കുന്നതിന് മുന്നോടിയായി




എൻഡോസൾഫാൻ ദുരിതബാധിതർ നടത്തിയ നിയമസഭാ മാർച്ച്

2018 ഡിസംബർ 10ന് നടന്ന നിയമസഭാമാർച്ച് കുടംകുളം സമരനേതാവ് എസ്.പി.ഉദയകുമാർ ഉദ്ഘാടനം ചെയ്തു. സെക്രട്ടേറിയറ്റ് നടയിലെ അമ്മമാരുടെ സമരം ദയാഭായിയാണ് ഉദ്ഘാടനം ചെയ്തത്. എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി സെക്രട്ടറി അമ്പലത്തറ കുഞ്ഞികൃഷ്ണൻ അധ്യക്ഷത വഹിച്ചു. പ്രസിഡന്റ് അമ്പലത്തറ മുനീസ, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി എം.ഷാജർഖാൻ തുടങ്ങിയവർ പ്രസംഗിച്ചു. ജനുവരി 30 മുതൽ സെക്രട്ടേറിയറ്റ് നടയിൽ അനിശ്ചിതകാല സമരം ആരംഭിക്കുമെന്ന് സമരസമിതി നേതാക്കൾ പ്രഖ്യാപിച്ചു. ■

# ജിഷ്ണു പ്രണോയ് സ്മൃതിദിനാചരണം

ജിഷ്ണു പ്രണോയിയെ മർദ്ദിച്ചു കൊലപ്പെടുത്തിയ കുറ്റവാളികൾക്കെതിരെയുള്ള തെളിവുകൾ നശിപ്പിച്ച സർക്കാരാണ് പ്രതികളെ സംരക്ഷിച്ചതെന്ന് ആൾ ഇന്ത്യ സേവ് എഡ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ ആരോപിച്ചു.

ജിഷ്ണു പ്രണോയ് സ്മൃതിദിനം ആചരിച്ചുകൊണ്ട് ജനുവരി ആറിന് കോഴിക്കോട്ട് സംഘടിപ്പിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 'കുറ്റവാളികളെ സംരക്ഷിക്കുന്ന നിലപാടാണ് തുടക്കം മുതൽ സർക്കാർ സ്വീകരിച്ചത്. കോപ്പിയടി ആരോപിച്ച് ജിഷ്ണുവിനെ വിളിച്ചുവരുത്തി മർദ്ദിച്ച് കൊലപ്പെടുത്തുകയായിരുന്നു. എന്നാൽ ഇപ്പോൾ സിബിഐ കണ്ടെത്തിയിരിക്കുന്നത് ജിഷ്ണു കോപ്പിയടിച്ചിട്ടില്ലെന്നാണ്! സേവ് എഡ്യുക്കേഷൻ കമ്മിറ്റി ഇക്കാര്യം നേരത്തേതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. കോളേജധികൃതർക്കെതിരെ സാക്ഷി പറഞ്ഞ വിദ്യാർത്ഥികൾക്കെതിരെ പ്രതികാര നടപടികളുമായി കോളേജധികൃതർ വീണ്ടും പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. ഇതിനെതിരെ വിദ്യാഭ്യാസ സ്നേഹികൾ മുന്നിട്ടിറങ്ങണം' അദ്ദേഹം പറഞ്ഞു.

പുഷ്പാർച്ചനയോടെയാണ് പരിപാടികൾ ആരംഭിച്ചത്. ഒട്ടേറെപ്പേർ ഇതിൽ പങ്കെടുത്തു. സേവ് എഡ്യുക്കേഷൻ കമ്മിറ്റി ജില്ലാ സെക്രട്ടറി ഡോ.എം.ജ്യോതിരാജ് അദ്ധ്യക്ഷത വഹിച്ചു. പി.എം.ശ്രീകുമാർ പ്രസംഗിച്ചു. പോൾ ടി. സാമുവൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി കെ.റഹിം സ്വാഗതവും എസ്.സെറ്റ്ലാന നന്ദിയും പറഞ്ഞു. ■

# എഐഡിഎസ്ഒ സംഘടിപ്പിച്ച സംസ്ഥാന പഠന ക്യാമ്പ്

എഐഡിഎസ്ഒ സംസ്ഥാന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥി പ്രവർത്തകർക്കായി 2018 ഡിസംബർ 28,29 തീയതികളിൽ സംഘടിപ്പിച്ച ദ്വിദിന പഠന ക്യാമ്പ് മുട്ടം നേതാജി സാമൂഹ്യ സാംസ്കാരിക പഠന കേന്ദ്രത്തിൽ നടന്നു. ഡിസംബർ 28 ന് എഐഡിഎസ്ഒയുടെ 65-ാം സ്ഥാപന വാർഷിക ദിനാചരണത്തോടെയാണ് ക്യാമ്പ് ആരംഭിച്ചത്. രാവിലെ 9 മണിക്ക് സംസ്ഥാന പ്രസിഡന്റ് ബിനു ബേബി പതാക ഉയർത്തി. തുടർന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. നവോത്ഥാന മുന്നേറ്റം പ്രദാനം ചെയ്ത മതേതര ജനാധിപത്യ മൂല്യങ്ങളും ജനാധിപത്യ വിദ്യാഭ്യാസവും സംരക്ഷിക്കുവാൻ വിപ്ലവ ബോധമാർജ്ജിച്ച വിദ്യാർഥികളുടെ പ്രയത്നം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.സംസ്ഥാന പ്രസിഡന്റ് ബിനു ബേബി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സേവ് എഡ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർ ഖാൻ, എഐഡിഎസ്ഒ അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിദ്യാഭ്യാസ-സാംസ്കാരിക-രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് അവതരണവും ചർച്ചകളും നടന്നു. പഠനപരിപാടികൾക്ക് സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ്, സംസ്ഥാന നേതാക്കളായ എ.ഷൈജു, ആർ.അപർണ, എം.കെ.ഷഹസാദ്, എസ്.അലീന, മേധ സുരേന്ദ്രനാഥ്, അകിൽ മുരളി, കെ.റഹിം എന്നിവർ നേതൃത്വം നൽകി. ഉന്നത വിദ്യാഭ്യാസ മേഖല ഇന്ന് നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് എം.ഷാജർ ഖാൻ പ്രഭാഷണം നടത്തി. സമാപന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സഖാവ് ജെയ്സൺ ജോസഫ് സമാപനസന്ദേശം നൽകി. ■




എഐഡിഎസ്ഒ സംസ്ഥാന പഠനക്യാമ്പ് എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

Date of publishing 01/01/2019
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

UNITY
MALAYALAM MONTHLY

Vol.45 No.9
Price : Rs 10.00
January 2019

## ശാസ്ത്രപ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകിയ

# ദേശീയ ശാസ്ത്ര സമ്മേളനം

**ശാ**സ്ത്രവും സമൂഹവുമായുള്ള ഉദ്ഗ്രഥനം എന്ന വിഷയത്തിൽ ബ്രേക്ത്രൂ സയൻസ് സൊസൈറ്റി 2018 ഡിസംബർ 15,16 തീയതികളിൽ കൽക്കത്തയിലെ ജാദവ്പുർ സർവ്വകലാശാലയിൽ സംഘടിപ്പിച്ച ദേശീയ ശാസ്ത്ര സമ്മേളനം വമ്പിച്ച പങ്കാളിത്തംകൊണ്ടും ആശയസമ്പുഷ്ടതകൊണ്ടും ശാസ്ത്രലോകത്തിന്റെ സവിശേഷമായ ശ്രദ്ധ പിടിച്ചുപറ്റി. വിശ്വപ്രശസ്ത ശാസ്ത്രജ്ഞൻ പ്രൊഫ.ജയന്ത് വി.നർലിക്കർ ഉൾപ്പെടെയുള്ള നമ്മുടെ ശാസ്ത്രമേഖലയിലെ സമുന്നത വ്യക്തിത്വങ്ങളുടെ സവിശേഷമായ ഒത്തുചേരലിന് ഈ സമ്മേളനം സാക്ഷ്യം വഹിച്ചു. സാധാരണയായി ശാസ്ത്രത്തിന്റെ ഏതെങ്കിലും പ്രത്യേക മേഖലയെക്കുറിച്ച് ചർച്ച ചെയ്യാനാണ് ശാസ്ത്രസമ്മേളനങ്ങൾ നടക്കാറുള്ളത്. എന്നാൽ ഇതിൽ നിന്നും വിഭിന്നമായി ശാസ്ത്രജ്ഞൻമാരും ശാസ്ത്രപ്രവർത്തകരും ചേർന്ന പ്രൗഢമായ ഈ സമ്മേളനസദസ്സ് ശാസ്ത്രവും സമൂഹവുമായുള്ള ഉദ്ഗ്രഥനം എന്ന പൊതുവിഷയത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രവും ശാസ്ത്രീയ വിദ്യാഭ്യാസവും ശാസ്ത്രീയ മനോഭാവവും നമ്മുടെ നാട്ടിൽ എങ്ങനെ വളർത്തിയെടുക്കാമെന്ന് ചർച്ചചെയ്യുകയായിരുന്നു. ഇത്തരും ഒരു ഉദ്യമം ആദ്യമായാണെന്ന് സമ്മേളനത്തിൽ പങ്കെടുത്ത തലമുതിർന്ന ശാസ്ത്രജ്ഞർ പലരും എടുത്തുപറഞ്ഞു.

ഡിസംബർ 15ന് ജാദവ്പൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ.സുരൻജൻ ദാസ് ശാസ്ത്ര സമ്മേളനം ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ ശാസ്ത്രീയ ചിന്താഗതി വളർത്തിയെടുക്കാനായി ബ്രേക്ത്രൂ സയൻസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ആദ്യത്തെ സെഷൻ 'ശാസ്ത്രത്തിന്റെ ചരിത്രവും ദർശനവും' എന്ന വിഷയത്തിലുള്ളതായിരുന്നു. ബ്രേക്ത്രൂ സയൻസ് സൊസൈറ്റി അഖിലേന്ത്യാ പ്രസിഡന്റ് പ്രൊഫ.ധ്രുബജ്യോതി മുഖർജി അദ്ധ്യക്ഷത വഹിച്ച ഈ സെഷനിൽ മൂന്ന് പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഈ സെഷനിലെ ആദ്യപ്രഭാഷകനായിരുന്ന പ്രൊഫ.എസ്.ജെ.ഡാനി(മുൻ പ്രസിഡന്റ്, നാഷണൽ ബോർഡ് ഓഫ് ഹയർ മാത്തമാറ്റിക്സ്, പ്രൊഫസർ സെന്റർ ഓഫ് എക്സലൻസ് ഇൻ ബേസിക് സയൻസ്, മുംബൈ) ശാസ്ത്രീയ ഭൗതികവാദം എങ്ങനെ വികസിച്ചുവന്നുവെന്നും വിജ്ഞാന ശാസ്ത്രത്തിന്റെ എല്ലാ മേഖലകളിലും ശാസ്ത്രീയ ഭൗതികവാദം പിൻതുടരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഉജ്ജ്വലമായി വിശദീകരിച്ചു.




**പ്രൊഫ. ജയന്ത് വി.നർലിക്കർ ശാസ്ത്രസമ്മേളനത്തിന്റെ പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുന്നു**

തുടർന്ന് പ്രഭാഷണം നടത്തിയ ഡോ.ലിയാഖത്ത് അലി(മുൻ വി.സി., ബംഗ്ലാദേശ് യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്) ശാസ്ത്രരംഗത്ത് വമ്പിച്ച സംഭാവനകൾ നൽകിയ ഉന്നതരായ ശാസ്ത്രജ്ഞൻമാരുടെ ആവിർഭാവത്തിലേയ്ക്ക് നയിച്ച ബംഗാളിലെ നവോത്ഥാന മുന്നേറ്റത്തെക്കുറിച്ച് ആഴത്തിലുള്ള വിശകലനം നടത്തി. ഈ നവോത്ഥാന പ്രസ്ഥാനത്തിന്റെ അവശേഷിക്കുന്ന കടമകൾ പൂർത്തീകരിച്ചുകൊണ്ട്മാത്രമേ ഇന്ത്യൻ ശാസ്ത്രപ്രസ്ഥാനത്തിന് മുന്നേറാൻ കഴിയുകയുള്ളു എന്ന് അദ്ദേഹം വ്യക്തമാക്കി. തുടർന്ന് പ്രൊ ഫ.നാഗാർജുന(ടിഐഎഫ്ആർ-ഹോമിഭാഭ സെന്റർ ഫോർ സയൻസ് എഡ്യൂക്കേഷൻ, മുംബൈ) വിദ്യാഭ്യാസ-തത്വശാസ്ത്ര മേഖലകളിൽ പ്രാവർത്തികമാക്കാവുന്ന 'കൺസ്ട്രക്ഷനിസം' എന്ന ആശയം അവതരിപ്പിച്ചു.

തുടർന്ന് നടന്ന 'ശാസ്ത്രീയ മനോഭാവത്തിന്റെ രൂപീകരണം' എന്ന വിഷയത്തിലുള്ള സെഷനിൽ പ്രൊഫസർ അഭിജിത്ത് മജുംദാർ(ഡിപ്പാർട്ട്മെന്റ് ഓഫ് കെമിക്കൽ എൻജിനിയറിംഗ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മുംബൈ) അദ്ധ്യക്ഷത വഹിച്ചു. ഈ സെഷനിൽ പ്രൊഫ.അജിത് ശ്രീവാസ്തവ(ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സ്, ഭുവനേശ്വർ), പ്രൊഫ.പലാഷ് ബാരൺപാൽ(മുൻ പ്രൊഫസർ, സാഹ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂക്ലിയർ ഫിസിക്സ്), പ്രൊഫ.മംഗള നർലിക്കർ(മുൻ മാത്തമാറ്റിക്സ് പ്രൊഫസർ, യൂണിവേഴ്സിറ്റി ഓഫ് ബോംബെ), ഡോ.അനികേത് സൂലെ(ടിഐഎഫ്ആർ-ഹോമി ഭാഭ സെന്റർ ഫോർ സയൻസ് എഡ്യുക്കേഷൻ, മുംബൈ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

മൂന്നാമത്തെ സെഷൻ 'ശാസ്ത്രപ്രയോഗത്തിലെ നൈതികത' എന്ന വിഷയത്തിലായിരുന്നു. പ്രൊഫ.നബകുമാർ മണ്ഡൽ(മുൻ പ്രൊഫസർ, ടിഐഎഫ്ആർ, മുംബൈ) അദ്ധ്യക്ഷനായിരുന്ന ഈ സെഷനിൽ പ്രൊഫ.ദീപാങ്കർ ചാറ്റർജി(മുൻ പ്രസിഡന്റ്, ഇന്ത്യൻ അക്കാദമി ഓഫ് സയൻസ്; ഓണററി പ്രൊഫസർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗളൂർ), ഡോ.പ്രഭാകർ റെഡ്ഡി(പ്രൊഫസർ, കാർഡിയോ-തൊറാസിക് ആന്റ് വാസ്കുലാർ സർജറി, ഗവ. മെഡിക്കൽ കോളേജ്, കുർനൂൽ, ആന്ധ്രപ്രദേശ്), പ്രൊഫ.സൗമിത്രോ ബാനർജി(പ്രൊഫസർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആന്റ് റിസർച്ച്, കൽക്കത്ത; ജനറൽ സെക്രട്ടറി ബ്രേക്ത്രൂ സയൻസ് സൊസൈറ്റി) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

തുടർന്ന് ശാസ്ത്രജ്ഞൻമാരുടെ സംഘം അവതരിപ്പിച്ച 'ദി അൺസെർട്ടനിറ്റി ഓഫ് പ്രിൻസിപ്പിൾസ്' എന്ന ശാസ്ത്രനാടകം കാണികളുടെ പ്രശംസ പിടിച്ചുപറ്റി. ജീവിതത്തിലെ അനിശ്ചിതത്വങ്ങൾ പലപ്പോഴും യുക്തിരാഹിത്യത്തിലേയ്ക്കും അന്ധവിശ്വാസങ്ങളിലേയ്ക്കും എങ്ങനെ നയിക്കുന്നുവെന്നും അതിൽനിന്നും ജനങ്ങളെ എങ്ങനെ മോചിപ്പിക്കണമെന്നുമുള്ള സന്ദേശം നൽകുന്നതായിരുന്നു ഈ ശാസ്ത്രനാടകം.

സമ്മേളനത്തിന്റെ രണ്ടാം ദിവസത്തിലെ ആദ്യത്തെ സെഷൻ 'ശാസ്ത്ര വിദ്യാഭ്യാസത്തിന്റെ നവീകരണം' എന്ന വിഷയത്തിലുള്ളതായിരുന്നു. പ്രൊഫ.നാരായൺ ബാനർജി(ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആന്റ് റിസർച്ച്, കൊൽക്കത്ത) അദ്ധ്യക്ഷത വഹിച്ച സെഷനിൽ പ്രൊഫ.എം.സി.അരുണൻ(ടിഐഎഫ്ആർ-ഹോമി ഭാഭ സെന്റർ ഫോർ സയൻസ് എഡ്യുക്കേഷൻ, മുംബൈ), ഡോ.ഉമേഷ് കഥാനെ(ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേയ്സ് സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം), പ്രൊഫ.ആർ.രാമാനുജം(ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്കൽ സയൻസസ്, ചെന്നൈ), പ്രൊഫ.മായങ്ക് വാഹിയ(ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, മുംബൈ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സമ്മേളനത്തിലെ അഞ്ചാമത്തെ സെഷൻ 'സമൂഹത്തിൽ ശാസ്ത്രജ്ഞരുടെ പങ്ക്' എന്ന വിഷയത്തിലുള്ള പാനൽ ചർച്ച ആയിരുന്നു. ഡോ.സി.എം.നൗത്യാൽ(മുൻ ശാസ്ത്രജ്ഞൻ, ബീർബൽ സാഹ്നി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയോ സയൻസസ്, ലക്നൗ), പ്രൊഫ.പ്രദീപ്ത ബന്ദോപാദ്ധ്യായ(സ്കൂൾ ഓഫ് കംപ്യൂട്ടേഷണൽ ആന്റ് ഇന്റഗ്രേറ്റീവ് സയൻസസ്, ജെഎൻയു, ഡൽഹി), പ്രൊഫ.പ്രജ്വൽ ശാസ്ത്രി(ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോ ഫിസിക്സ്, ബാംഗളൂർ), പ്രൊഫ.ഗുരുപ്രസാദ് കാർ(ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, കൊൽക്കത്ത) തുടങ്ങിയവർ പങ്കെടുത്തു. പ്രൊഫ.അമിതാവ ദത്ത(ഐഎൻഎസ്എ സീനിയർ സയന്റിസ്റ്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, കൽക്കത്ത യൂണിവേഴ്സിറ്റി) മോഡറേറ്ററായിരുന്നു.

തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ വിഖ്യാത ശാസ്ത്രജ്ഞൻ പ്രൊഫസർ ജയന്ത് വി.നർലിക്കർ മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യയിൽ ശാസ്ത്രീയ സംസ്കാരം വളർത്തിയെടുക്കുന്നതിൽ നേരിടുന്ന പ്രതിബന്ധങ്ങൾ അദ്ദേഹം തന്റെ പ്രസംഗത്തിൽ വിശദീകരിച്ചു. ജനങ്ങളിൽ ശാസ്ത്രീയ മനോഘടന വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞ അദ്ദേഹം അന്ധവിശ്വാസങ്ങൾ ദൂരീകരിക്കാനുള്ള ഒരു വഴി ഇത്തരം വിശ്വാസങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്ന പരീക്ഷണങ്ങൾ ആവിഷ്കരിക്കുക എന്നതാണെന്ന് അഭിപ്രായപ്പെട്ടു. അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ ജനങ്ങളുമായി വൈരുദ്ധ്യത്തിലേർപ്പെടാതെ വളരെ ശ്രദ്ധാപൂർവ്വവും ക്ഷമയോടെയും ചെയ്യേണ്ടതാണെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

ബ്രേക് ത്രൂ സയൻസ് സൊസൈറ്റി അഖിലേന്ത്യാ പ്രസിഡന്റ് പ്രൊഫ.ധ്രുബജ്യോതി മുഖർജി അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനത്തിൽ, ജാദവ്പൂർ യൂണിവേഴ്സിറ്റി പ്രൊ വൈസ് ചാൻസലർ പ്രൊഫ.പ്രദീപ്കുമാർ ഘോഷ് സ്വാഗതപ്രസംഗം നടത്തി. പ്രതിനിധി സമ്മേളനത്തിലെ സെഷനുകളുടെ സംഗ്രഹം, വിവിധ സെഷനുകളുടെ അദ്ധ്യക്ഷൻമാർ പൊതുസമ്മേളനത്തിൽ അവതരിപ്പിച്ചു. വമ്പിച്ച പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായ പൊതുസമ്മേളനത്തിൽ ബ്രേക്ത്രൂ സയൻസ് സൊസൈറ്റി അഖിലേന്ത്യാ ജനറൽ സെക്രട്ടറി പ്രൊഫ.സൗമിത്രോ ബാനർജി നടത്തിയ ആവേശോജ്ജ്വലമായ സമാപന പ്രസംഗത്തിൽ 'ഇന്ത്യയെ ശാസ്ത്രീയ സാക്ഷരതയിലെത്തിക്കുക' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് സമൂഹത്തിൽ ശാസ്ത്രീയ ചിന്താഗതി വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളിൽ മുഴുകാനായി ആഹ്വാനം ചെയ്തു.

അവതരിപ്പിക്കപ്പെട്ട ആശയങ്ങളുടെ ഔന്നത്യംകൊണ്ടും തുടർന്നുനടന്ന ഉന്നത നിലവാരമുള്ള ചർച്ചകൾകൊണ്ടും സമ്പുഷ്ടമായ ഈ സമ്മേളനം, ഇന്ത്യയിൽ ഒരു ശാസ്ത്രമുന്നേറ്റം സൃഷ്ടിക്കാൻ യത്നിക്കുന്ന ശാസ്ത്രപ്രവർത്തകർക്ക് ആവേശം നൽകുന്നതായിരുന്നു. ശാസ്ത്രീയമനോഭാവം വളർത്തിയെടുക്കാൻ ഭരണഘടനാപരമായി ബാധ്യതയുള്ള, ഭരണകർത്താക്കൾപോലും അശാസ്ത്രീയ ചിന്താഗതികൾ ബോധപൂർവ്വം പ്രചരിപ്പിക്കുന്ന ഇക്കാലത്ത് അതിനെയൊക്കെ അതിജീവിച്ചുകൊണ്ട് ഒരു ശാസ്ത്രമുന്നേറ്റം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഈ സമ്മേളനം ദിശാബോധം നൽകി. ഇന്ത്യൻ ശാസ്ത്രപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന കാൽവെയ്പായിരുന്നു ഈ സമ്മേളനം. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.